സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



Vol. LXXVI No. 11 Nov 2026 പള്ളിക്കൂദാശാക്കാലം



പാലാ രൂപതയുടെ പ്രഥമ മെത്രാൻ

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ

40-ാം ചരമവാർഷികം

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് നമ്മെ വിട്ടുപിരിഞ്ഞിട്ട് 2026 നവംബർ 21-ാം തീയതി 40 വർഷം പൂർത്തിയാവുകയാണ്.

21-11-2026, ശനിയാഴ്ച
രാവിലെ 6.45 ന്

പാലാ സെന്റ് തോമസ് കത്തീഡ്രലിൽ

വിശുദ്ധ കുർബാനയും കബറിടത്തിങ്കൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

അന്നേദിവസം നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ ശ്രദ്ധിക്കുമല്ലോ.

ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ

Jubilee
CELEBRATIONS

Golden Jubilee
50 YEARS OF PRIESTLY LIFE


Fr. Mathew
Moothedam


Fr. Augustine
Palackaparampil


Fr. Augustine
Theruvath


Fr. Joseph
Edathumparampil


Fr. Sebastian
Kizhakkekutt


Fr. Joseph
Vadakara

Silver Jubilee
25 YEARS OF PRIESTLY LIFE


Fr. Thomas
Manianchira


Fr. Thomas
Valummel


Fr. Alex
Pandarakkappil


Fr. Alvin
Ettumanukaran


Fr. Joseph
Thelliyil


Fr. Sebastian
Chencheril


Fr. Mathew
Arackaparampil


Fr. Cyriac
Thadathil



Hearty Congratulations
and Prayerful Best Wishes
to you, our dear Fathers, on the joyful occasion of your
Golden and **Silver Jubilee** of Priestly Life.



2026 ഒക്ടോബർ 4

അഡാർട്ടിന്റെ 42-ാം വാർഷികാഘോഷം

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി








2026 ഒക്ടോബർ 5,6

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

രാമേശ്വരത്തുള്ള തക്കല മിഷൻ സന്ദർശിച്ചു.











2026 ഒക്ടോബർ 10

കൂടല്ലൂർ പള്ളിയിൽ വച്ച്
അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവിൽ നിന്നും
പൗരോഹിത്യം സ്വീകരിച്ച

ഫാ. ജോർജ്ജ്
പുളിനിൽക്കുംതടത്തിലിന്

രൂപതാ കുടുംബത്തിന്റെ

ആശംസകൾ









2026 ഒക്ടോബർ 11

റോമിൽവച്ചു നടന്ന കത്തോലിക്കാ കോൺഗ്രസ് ആഗോളസംഗമത്തിനു
മുന്നോടിയായി നടന്ന പതാകാപ്രയാണം ബിഷപ്സ് ഹൗസിൽ
സ്വീകരിച്ചുകൊണ്ട് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് സന്ദേശം നൽകി.









2026 ഒക്ടോബർ 12

പാലാ രൂപതാ വൈദികരുടെ തുടർപരിശീലനപരിപാടിയുടെ രണ്ടാം ബാച്ച് ക്ലാസുകൾ "Digital Wellness" എന്ന വിഷയത്തെ ആസ്പദമാക്കി അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിട്യൂട്ടിൽ വച്ചു നടന്നു. തേവര കോളേജ് പ്രൊഫസർ ഫാ. ജോസഫ് കുമ്പുക്കൽ ക്ലാസുകൾ നയിച്ചു.





2026 ഒക്ടോബർ 16

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിൽ

അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവും
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും
രാമപുരം പള്ളിയിൽ പ്രാർത്ഥിച്ചു സന്ദേശം നൽകി



"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."
(മത്തായി 5: 14 – 16)

'സാന്ത്വനപ്രകാശമേ, നയിച്ചാലും'

സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ

NOVEMBER 2026
Vol. LXXVI No. 11

CONTENTS

ഇടയലേഖനം 93 699

ഇടയലേഖനം 92 707

സർക്കുലർ 715

അറിയിപ്പ് 718

ലേഖനങ്ങൾ 721

Collection List 741

വാർത്തകൾ 750

അഭിവന്ദ്യപിതാവിന്റെ ഡയറി 796

ഇടയലേഖനം - 93

പാലാ രൂപതാ
പൈതൃക മ്യൂസിയം

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്: നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ രൂപതയുടെ ആത്മീയ സാംസ്കാരിക സാമൂഹിക പൈതൃകങ്ങളുടെ സജീവസംഭരണിയായ ഒരു മ്യൂസിയം വിപുലമായ ക്രമീകരണങ്ങളോടെ ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ ഷ്റൈനിന്റെ ഭാഗമായി തുറക്കുന്നു എന്ന സന്തോഷവാർത്ത നിങ്ങളെ അറിയിക്കട്ടെ. ക്രിസ്തീയകാഴ്ചപ്പാടിൽ മ്യൂസിയം, സഭയുടെ ഓർമ്മകളുടെ സംഭരണിയാണ്. വിശ്വാസപരിശീലനസഹായിയാണ്; സുവിശേഷവൽക്കരണത്തിനുള്ള തുറന്ന പുസ്തകമാണ്.

കത്തോലിക്കാമ്യൂസിയങ്ങൾക്ക് വലിയ അജപാലനപ്രാധാന്യവും ദൗത്യവും ഉണ്ട്. നാം ഒരു മ്യൂസിയം തുറക്കുന്നത് കുറെയേറെ പുരാവസ്തുക്കൾ പ്രദർശിപ്പിക്കുന്ന ഒരു ഇടം എന്ന വിധത്തിൽ അല്ല. ചരിത്രപരവും ആത്മീയവും മതബോധനപരവുമായ സുപ്രധാനനിയോഗങ്ങൾ നിർവഹിക്കുന്ന ഒരു സഭാത്മക ഇടം (Ecclesial Space) എന്ന നിലയ്ക്കാണ്.

സഭയുടെ വിശ്വാസജീവിതയാത്രയുടെ ജ്വലിക്കുന്ന സാക്ഷികളാണ് മ്യൂസിയത്തിലെ വസ്തുവകകൾ. ലെയോ പതിന്നാലാമൻ മാർപാപ്പാ പഠിപ്പിക്കുംവിധം 'ഭൂതകാലത്തിന്റെ

ജ്ഞാനം വർത്തമാനകാലത്തോടു സംസാരിക്കുന്നതാണ് മ്യൂസിയം.' പരിശുദ്ധപിതാവ് തുടർന്നു പഠിപ്പിക്കുകയാണ്: 'കഴിഞ്ഞ നൂറ്റാണ്ടുകളുടെ വിശ്വാസജീവിതത്തിനു സാക്ഷ്യം വഹിക്കുന്ന സ്ഥലങ്ങളും വസ്തുക്കളും മനസ്സിലാക്കാതെ ക്രൈസ്തവദൈവശാസ്ത്രത്തെ മനസ്സിലാക്കുന്നതിനു നമുക്കു സാധിക്കുകയില്ല.' മ്യൂസിയങ്ങൾ ദൈവശാസ്ത്രസത്യങ്ങളുടെ വ്യാഖ്യാനങ്ങൾക്ക് ഏറ്റവും സഹായകമായ ഉപാധികളാണ്. വത്തിക്കാൻ മ്യൂസിയത്തിന്റെ ദൗത്യങ്ങളിൽ പ്രധാനമായ ഒന്ന് കലയുടെ സൗന്ദര്യത്തിലൂടെയുള്ള സുവിശേഷവൽക്കരണമാണ്. പരിശുദ്ധപിതാവ് ക്രൈസ്തവകലകളെക്കുറിച്ചു പറഞ്ഞപ്പോൾ ഉപയോഗിച്ച സുന്ദരമായ ഒരു പ്രയോഗ ശൈലിയാണ് Via Pulchritudinis (വിയ പുല്ക്രിത്തുദിനിസ്) – The Way of Beauty- സൗന്ദര്യത്തിന്റെ വഴി. മറ്റൊരു അവസരത്തിൽ പരിശുദ്ധ പിതാവ് പറയുന്നു, ഓരോ ക്രൈസ്തവ കലാരൂപങ്ങളും ഈശോയുടെ ഉത്ഥാനത്തിന്റെ മഹത്വത്തെയാണു വെളിപ്പെടുത്തുന്നത് എന്ന്. ഈ അൽഫോൻസിയൻ മ്യൂസിയം സൗന്ദര്യത്തിന്റെ അത്ഭുതകരമായ വഴിയാണ്.

പ്രസിദ്ധമായ വത്തിക്കാൻമ്യൂസിയത്തിൽ ക്രിസ്തീയ സംസ്കാരത്തിന്റെ ഘടകങ്ങൾ മാത്രമല്ല സൂക്ഷിച്ചിരിക്കുന്നത്. ഈജിപ്ഷ്യൻസംസ്കാരത്തിന്റെ വിഖ്യാതമായ നിരവധി വസ്തുക്കളും അവിടെ കാണാം. കാരണം, മ്യൂസിയം സകലർക്കുമായി തുറന്നിട്ടിരിക്കുന്ന മേഖലയാണ്; വിവിധ സംസ്കാരങ്ങളും മതങ്ങളും തമ്മിലുള്ള സംവാദങ്ങളുടെ വേദികൂടിയാണ് മ്യൂസിയം.

സഭയുടെ വിശ്വാസജീവിതത്തിന്റെ ഭാവാത്മകഭാഗമാണ് ഓരോ ക്രിസ്തീയമ്യൂസിയവും. അതിപുരാതനകാലം തുടങ്ങി ആരാധനക്രമപൈതൃകങ്ങളെയും ചരിത്രത്തിന്റെ ശേഷിപ്പുകളെയും തിരുശ്ശേഷിപ്പുകളെയും സൂക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധയായിരുന്നു സഭ. നമ്മുടെ പുരാതനപള്ളികളുടെ സങ്കീർത്തികളോടു ചേർന്നും ഭദ്രാസനദൈവാലയങ്ങളിലും ആശ്രമങ്ങളിലും

പുരാവസ്തുക്കൾ പവിത്രമായി സൂക്ഷിച്ചിരുന്നു. പ്രസിദ്ധ ഓസ്ട്രിയൻ എഴുത്തുകാരനായ ഗുസ്താവ് മാഹ്ലർ ഇപ്രകാരം പറയുന്നുണ്ട്: ''Tradition is not the worship of ashes, but the preservation of fire.''പാരമ്പര്യമെന്നാൽ ചാരത്തോടുള്ള ആരാധനയല്ല; പിന്നെയോ അഗ്നി സൂക്ഷിക്കൽ ആണത്. മ്യൂസിയം പാരമ്പര്യത്തെ-അഗ്നിയെ സൂക്ഷിക്കുന്ന ഇടമാണ്.

നമ്മുടെ മ്യൂസിയത്തിന്റെ ലക്ഷ്യങ്ങൾ

എല്ലാ കത്തോലിക്കാ പുരാവസ്തുശേഖരണസ്ഥാപനങ്ങൾക്കും എന്നപോലെതന്നെ നമ്മുടെ മ്യൂസിയത്തിന് നാല് സുപ്രധാനലക്ഷ്യങ്ങളുണ്ട്: അജപാലനപരം (Pastoral), സാംസ്കാരികം (Cultural), ആത്മീയം (Spiritual), ചരിത്രപരം (Historical).

1. അജപാലനധർമ്മം (Pastoral Purpose)

മ്യൂസിയം വലിയ വിശ്വാസപരിശീലനപഠനകേന്ദ്രമാണ്. നൂറ്റാണ്ടുകളായി നമ്മുടെ സഭയിൽ നിലനിന്നിരുന്ന ആരാധനക്രമം, വിശ്വാസാചാരങ്ങൾ, മതബോധനം, ക്രിസ്തീയ ജീവിതശൈലികൾ തുടങ്ങിയവയെല്ലാം പഠിക്കുന്നതിനുള്ള സ്ഥലമാണ് മ്യൂസിയം. കണ്ടുതീർക്കേണ്ട വസ്തുക്കളല്ല മ്യൂസിയത്തിലുള്ളത്. അറിഞ്ഞ് അനുഭവിക്കുന്നതിനുള്ള, നമ്മോട് സംസാരിക്കുന്ന സജീവയാഥാർത്ഥ്യങ്ങളാണ് അവിടെയുള്ളത്. മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നത് മൃതവസ്തുക്കളല്ല; വെറും സാംസ്കാരികസ്മരണ ഉണർത്തുന്ന ഉപാധികളും അല്ല. സഭയുടെ സാംസ്കാരികപൈതൃകസമ്പത്താണത് (Cultural Assetes). സഭയുടെ പൊന്തിഫിക്കൽ കൗൺസിൽ ഫോർ കൾച്ചറിന്റെ കാഴ്ചപ്പാടിൽ 'സജീവമായ പഠനലക്ഷ്യങ്ങളോടെ പ്രദർശിപ്പിച്ചിരിക്കുന്ന വസ്തുക്കളാണ് കത്തോലിക്കാമ്യൂസിയത്തിലുള്ളത്' (A living Pedagogical Presentation).

നമ്മുടെ മ്യൂസിയത്തിൽ പുരാവസ്തുക്കൾ വെറുതെ പ്രദർശിപ്പിച്ചിരിക്കുകയല്ല; ഈ വസ്തുക്കൾ നൽകുന്ന സന്ദേശം കാണികളിൽ എത്തിക്കുന്നതിനാവശ്യമായ വ്യാഖ്യാനവും അവയ്ക്കു നമ്മുടെ വിശ്വാസപൈതൃകവുമായുള്ള ബന്ധവും അവ

യുടെ കാലഘട്ടവും ചരിത്രപശ്ചാത്തലങ്ങളും കൂടി നൽകിയിരിക്കുന്നു. സന്ദർശകരെ വിശ്വാസത്തിൽ ആഴപ്പെടുത്തുന്നതിന് കൗദാശികജീവിതത്തിൽ തൽപരരാക്കുന്നതിന്, യുവജനങ്ങൾക്ക് ഇന്നലെകളിലെ സഭയെ നേരിൽ കാണുന്നതിന്, കുട്ടികൾക്ക് മതാത്മകവിഷയങ്ങളിൽ അറിവു പകരുന്നതിന്, നമ്മുടെ സഭയോടും കുടുംബക്രമങ്ങളോടും മതിപ്പുളവാക്കുന്നതിന്, എല്ലാം സഹായകമായ ക്രമീകരണങ്ങൾ നമ്മുടെ മ്യൂസിയത്തിൽ ഉണ്ട്.

2. സാംസ്കാരികധർമ്മം

സഭയുടെ കലാസാംസ്കാരികപൈതൃകങ്ങൾ സംരക്ഷിക്കപ്പെടുന്ന ഇടമാണ് മ്യൂസിയം. സഭ ലോകത്തിനു നൽകിയ സാംസ്കാരികസംഭാവനകളുടെ ഒരു നേർചിത്രം മ്യൂസിയം നമുക്കു കാണിച്ചു തരും. നമ്മുടെ ആരാധനക്രമത്തിലെ പുരാതന പ്രാർത്ഥനാഗ്രന്ഥങ്ങൾ, ഈടുറ്റ പുസ്തകങ്ങൾ എന്നിവയുടെ വലിയൊരു ശേഖരം നമ്മുടെ മ്യൂസിയത്തിലുണ്ട്. കേരളത്തനിമയുടെ അടയാളങ്ങളായ ആയിരക്കണക്കിന് താളിയോല ശേഖരങ്ങൾ നമുക്കുണ്ട്. ഈജിപ്ഷ്യൻ പപ്പീറസ് കൃതികൾ, ആത്മീയചൈതന്യം ത്രസിക്കുന്ന പുരാതനചിത്രങ്ങൾ, കലാവൈദഗ്ധ്യത്തോടെ രൂപകൽപന ചെയ്ത പുരാതന സക്രാരികൾ, നൂറ്റാണ്ടുകൾ പഴക്കമുള്ള തിരുവസ്ത്രങ്ങൾ, ഒറ്റത്തടിയിൽ തീർത്ത തിരുസ്വരൂപങ്ങൾ, ഐക്കണുകൾ എന്നിങ്ങനെ വിശുദ്ധിയെ അടയാളപ്പെടുത്തുന്ന നിരവധി സംഗതികൾ നമ്മുടെ മ്യൂസിയത്തിൽ ഉണ്ട്. ഇവയെല്ലാം ക്രമീകരിച്ചിരിക്കുന്നത് വ്യക്തമായ സഭാത്മകദർശനത്തിലും ദൈവശാസ്ത്രകാഴ്ചപ്പാടിലുമാണ്. നമ്മുടെ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന പവിത്രമായവ, സുന്ദരമായവ, പുരാതനമായവ, നൂതനമായവ സഭാ സമൂഹത്തിന്റെ മുഴുവനും പിതൃസമ്പത്താണ്. വിശ്വാസത്തെ കലയും സാംസ്കാരവുമായി നമ്മുടെ പൂർവികർ അതിസുന്ദരമായി സമന്വയിപ്പിച്ചതിന്റെ സാക്ഷ്യപത്രമാണ് നമ്മുടെ മ്യൂസിയം. ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്ന വസ്തുക്കൾക്ക് ഒരു



കൗദാശികസ്വഭാവമുണ്ട്. അവ കൃപയുടെ അടയാളങ്ങളാണ്. മനുഷ്യചരിത്രത്തിലൂടെ ദൈവം കടന്നുപോയതിന്റെ സാക്ഷ്യ പത്രങ്ങളാണവ (Transitus Domini). അതിനാൽ നമ്മുടെ മ്യൂസിയം ധ്യാനാത്മകപ്രാർത്ഥനയുടെ ആലയമാണ്.

3. ആത്മീയലക്ഷ്യം

നമ്മുടെ മ്യൂസിയത്തിന് നിയതമായ ആത്മീയലക്ഷ്യങ്ങൾ ഉണ്ട്. പുരാവസ്തുക്കൾ വീണ്ടെടുക്കുക (Restore), സംരക്ഷിക്കുക (Preserve), കാത്തുസൂക്ഷിക്കുക (Protect), പ്രബോധനം നൽകുക (Catechesis), സുവിശേഷവൽക്കരിക്കുക (Evangelise), ദൈവത്തെ മഹത്വപ്പെടുത്തുക (Glorify), മനുഷ്യബുദ്ധിയുടെ വൈഭവം തിരിച്ചറിയുക (Creativity), കലാസൗന്ദര്യം ആസ്വദിക്കുക (Aesthetic Enjoyment) തുടങ്ങി ധന്യമായ ലക്ഷ്യങ്ങൾ സഫലമാക്കുന്നതിനുവേണ്ടിയാണ് മ്യൂസിയം നിലകൊള്ളുന്നത്. ഈ അമൂല്യശേഖരങ്ങൾ ഒന്നുംതന്നെ നമ്മുടെ സ്വകാര്യ അഹങ്കാരത്തിന് ഉള്ളവയല്ല; മറിച്ച്, ദൈവത്തെ കൃതജ്ഞതാപൂർവം മഹത്വപ്പെടുത്തുന്നതിനാണ്. ദൈവം മനുഷ്യകരങ്ങൾ വഴി കല്ലിലും മണ്ണിലും തടിയിലും ലോഹങ്ങളിലും തീർത്തിരിക്കുന്ന അത്ഭുതപ്രപഞ്ചം കണ്ട് ദൈവത്തെ സ്തുതിക്കുന്നതിനുള്ള ആരാധനാസങ്കേതവുമാണ് മ്യൂസിയം.

4. ചരിത്രപരമായ ലക്ഷ്യങ്ങൾ

മ്യൂസിയത്തിലെ അമൂല്യവസ്തുക്കൾ മുൻതലമുറകൾ നമ്മെ ഭരമേല്പിച്ച ചരിത്രരേഖകളാണ്. അവയെ അഭംഗുരം വരും തലമുറകൾക്കായി കാത്തുസൂക്ഷിക്കുവാൻ നമുക്കു കടമയുണ്ട്; അവയുടെ ചരിത്രപരമായ മൂല്യത്തെ നാം ആദരിക്കണം. അവ നൽകുന്ന വിശ്വാസപ്രബോധനങ്ങളെ അടുത്ത തലമുറകൾക്കുവേണ്ടി നാം വ്യാഖ്യാനിക്കണം. സങ്കീർത്തകന്റെ ഉപദേശം നമുക്കു സ്വീകരിക്കാം: 'ചരിത്രത്തിന്റെ പൊരുൾ ഞാൻ വ്യക്തമാക്കാം. അതു നാം കേൾക്കുകയും അറിയുകയും ചെയ്തിട്ടുണ്ട്. മക്കളിൽനിന്നു നാം അതു മറച്ചുവയ്ക്കരുത്' (സങ്കീ 78:2-3). ചരിത്രവും ഭാവനയും വിശ്വാസവും ഭക്തിയും സൗന്ദ

ര്യവും സംസ്കാരവും ഓർമ്മയും പ്രത്യാശയും ഒരുമിക്കുന്ന നമ്മുടെ മ്യൂസിയം നമ്മുടെ രൂപതയുടെ ഒരു മുതൽക്കൂട്ടാണ്.

നമ്മുടെ മ്യൂസിയത്തിന്റെ ഘടന

സമീപപ്രദേശങ്ങളിൽ ലഭ്യമായതിൽ ഏറ്റവും വിപുലമായ പുരാവസ്തുസംഭരണിയാണ് നമ്മുടേത്. ഇവയെല്ലാം നമ്മുടെ രൂപതയിലെ അതിപുരാതനദേവാലയങ്ങളിൽനിന്നും ഭവനങ്ങളിൽനിന്നും സന്യാസഭവനങ്ങളിൽനിന്നും ലഭ്യമായവയാണ്. നമുക്കെല്ലാവർക്കും പ്രിയങ്കരനായ നമ്മുടെ വലിയ പിതാവ് മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവിന്റെ താത്പര്യവും ശ്രദ്ധാപൂർവകമായ ഇടപെടലുകളുമാണ് ഇത്രയധികം പുരാവസ്തുക്കൾ ഇക്കാലമത്രയും നമുക്കു സൂക്ഷിച്ചുവയ്ക്കുവാൻ ഇടവരുത്തിയത്. പിതാവിന്റെ ദീർഘവീക്ഷണം അതീവകൃതജ്ഞതയോടെ നമുക്ക് ഓർമിക്കാം. വലിയപിതാവിന്റെ നിർദേശാനുസരണം മ്യൂസിയത്തിനുവേണ്ടി ക്ലേശങ്ങൾ സഹിച്ച് പുരാവസ്തുക്കൾ സംഭരിക്കുന്നതിനു നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട കുര്യൻ മാധവത്ത് അച്ചനും പരേതനായ ബഹുമാനപ്പെട്ട ജെയിംസ് കൈപ്പൻപ്ലാക്കൽ അച്ചനുമാണ്. ബഹു. മാധവത്ത് അച്ചൻ നമ്മുടെ സഭയുടെ ചരിത്രവും വിശ്വാസപരിശീലനമാതൃകകളും ആഴമായി സംരക്ഷിക്കുന്ന വ്യക്തിയാണ്.

പാലാ രൂപതയുടെ സാംസ്കാരികചക്രവാളങ്ങളെ ഏറെ വികസ്വരമാക്കുന്ന ഈ മ്യൂസിയം വിശ്വാസമാഘോഷിച്ചു കടന്നുപോയ മുൻതലമുറകൾക്കുള്ള നമ്മുടെ പ്രണാമം ആണ്, നാം എക്കാലവും കാത്തുസൂക്ഷിക്കേണ്ട മൂല്യങ്ങളുടെ പാഠശാലയാണ് വിശുദ്ധ അൽഫോൻസാമ്മയോടുള്ള നമ്മുടെ ഭക്തിയുടെ ചരിത്രപരമായ അടയാളപ്പെടുത്തലാണ്.

Alphonsian Museum, Eparchy of Palai എന്നായിരിക്കും മ്യൂസിയത്തിന്റെ പേര്. നമ്മുടെ വത്സലനിധിയായ പള്ളിക്കാപറമ്പിൽ പിതാവിന്റെ നൂറാം ജന്മവാർഷികംകൂടെ ആയതിനാൽ പിതാവിന്റെ Birth Centenary Memorial Museum ആയിരിക്കും ഇത്.

നമ്മുടെ രൂപതയിലെ എല്ലാ ഭവനങ്ങളിലുംതന്നെ ശ്രദ്ധിക്കപ്പെടാതെ ഉപേക്ഷിക്കപ്പെട്ടതും എന്നാൽ മ്യൂസിയത്തിൽ വയ്ക്കാൻ കൊള്ളാവുന്നതുമായ നിരവധി വസ്തുക്കൾ കണ്ടേക്കാം. അവ നമ്മുടെ രൂപതാ മ്യൂസിയത്തിലേക്കു നൽകുമല്ലോ. അതുപോലെതന്നെ പള്ളികളിലും സന്യാസമഠങ്ങളിലും സ്ഥാപനങ്ങളിലും പൈതൃകത്തെ സംരക്ഷിക്കുന്ന അനേകം കലാരൂപങ്ങൾ ഉണ്ടല്ലോ. പ്രത്യേക മ്യൂസിയം ഇല്ലാത്ത സ്ഥാപനങ്ങളിൽനിന്ന് ഇത്തരം വസ്തുക്കൾ രൂപതാ മ്യൂസിയത്തിലേക്കു നൽകണമെന്നു താത്പര്യപ്പെടുന്നു. ഈ മ്യൂസിയം ഭരണങ്ങാനത്തു ക്രമീകരിക്കുന്നതിനുവേണ്ട എല്ലാ കാര്യങ്ങളും ചെയ്തത് അൽഫോൻസാ തീർത്ഥാടനകേന്ദ്രമാണ്. പെരിയ ബഹുമാനപ്പെട്ട റെക്ടർ അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ അച്ചന്റെ ദീർഘവീക്ഷണവും സഭാസ്നേഹവും കഠിനാധ്വാനവുമാണ് ഇതിന്റെ പിന്നിലെ കരുത്ത്. അച്ചന്റെ സഹപ്രവർത്തകരായ മറ്റു വൈദികരെയും അല്മായരെയും കൂട്ടിയിണക്കി നടത്തിയ ഏറെ ശ്രമകരമായ ജോലിയുടെ ശാശ്വതസ്മാരകമാണ് അൽഫോൻസിയൻ മ്യൂസിയം.

മ്യൂസിയത്തിന്റെ ഔദ്യോഗികമായ ആശീർവാദവും ഉദ്ഘാടനവും 2026 ഡിസംബർ 15-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 5:00 മണിക്ക് ഭരണങ്ങാനത്തു നടത്തുന്നതാണ്. ഈ മ്യൂസിയം സകലർക്കുംവേണ്ടിയുള്ള നമ്മുടെ രൂപതയുടെ ഒരു സമ്മാനമാണ്. നമ്മുടെ രൂപതയിലുള്ള എല്ലാവരും ഈ മ്യൂസിയം സന്ദർശിക്കണം.

മെത്രാസനമന്ദിരം
പാലാ, 03.11.2026

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ

NB: ഈ ഇടയലേഖനം 2026 നവംബർ 15-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധകുർബാനയർപ്പണമുള്ള എല്ലാ സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

പാലാ രൂപതാ പൈതൃക മ്യൂസിയം

പതിനാറ് ഗ്യാലറികളിലായാണ് മ്യൂസിയം ഒരുക്കിയിരിക്കുന്നത്. അവ താഴെപ്പറയുന്നവയാണ്.

1. ബേസ് ഹൈമാനൂസാ – Gallery of Faith - വിശ്വാസഭവനം
2. ബേസ് കയ്സാ – Gallery of Wood - വൃക്ഷഗാഥ
3. ബേസ് തൈബൂസാ – Sanctuary of Grace - അനുഗ്രഹഭവൻ
4. ബേസ് ഉമാനൂസാ – Art Gallery - കലാവീഥിക
5. ബേസ് പ്ഹാറൂസാ – Agri Heritage - നെല്ലും നിലവും
6. ബേസ് കേപ്പാ – Sone Saga - ശില്പഗാഥ
7. ബേസ് ദുഖ്റാനാ – The Shepherd - ഇടയസ്മരണ
8. ബേസ് ന്ഹാശാ – The Copper Gallery; Echoes in Bronze
9. ബേസ് നുഹ്റാ – Gallery of Light - ജ്യോതിർവീഥി
10. ബേസ് സവ്നാ – Gallery of Time - കാലചക്രം
11. ബേസ് ഹെന്ദോ – Indian Gallery - ഭാരതീയവീഥി
12. ബേസ് ഈദാസാ – House of Science - ശാസ്ത്രപഥം
13. ബേസ് ക്സാവേ – Book World - പുസ്തകലോകം
14. ബേസ് ഗ്രാബാ – World of Jars - മൺക്കൂടാരം
15. ബേസ് സൂസേ – Coins' Gallery - മുദ്രാഗാലറി
16. ബേസ് ഹാസ്മേ – House of Stamps - അഞ്ചൽവീഥി

മെത്രാസനമന്ദിരം
പാലാ, 03.11.2026

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ

ഇടയലേഖനം - 92

ജീവമന്നയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളും

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്: നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഈ ഇടയലേഖനത്തിലൂടെ രണ്ടുകാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 1. ജീവമന്ന, 2. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ.

1. ജീവമന്ന

ദൈവവചനം മനഃപാഠമാക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മുടെ രൂപതയിലെ കുടുംബക്കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ബൈബിൾ അപ്പോസ്തലേറ്റിന്റെയും മീഡിയ കമ്മീഷന്റെയും സഹകരണത്തിൽ ആരംഭിച്ച ജീവമന്ന എന്ന വചനപഠനപരമ്പരയുടെ രണ്ടാം സീസണിലേക്ക് ഈ സമുദായശക്തീകരണവർഷത്തിൽ നാം പ്രവേശിക്കുകയാണ്. നമ്മുടെ ക്രൈസ്തവവിശ്വാസത്തിന്റെ ഹൃദയത്തിൽ വിശുദ്ധ ഗ്രന്ഥത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. വിശുദ്ധ ഗ്രന്ഥം ദൈവം മനുഷ്യരോടു സംസാരിക്കുന്ന വചനത്തിന്റെ മഹത്തായ സാക്ഷ്യമാണ്. ദൈവവചനം കേൾക്കുകയും വായിക്കുകയും പഠിക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക ഓരോ ക്രൈസ്തവന്റെയും കടമയാണ്.

വിശുദ്ധ ഗ്രന്ഥം വെറും ഒരു പുരാതനഗ്രന്ഥമല്ല; അത് ജീവിക്കുന്ന ദൈവവചനമാണ്. ദൈവം തന്റെ ജനത്തോടു സംസാരിക്കുന്ന വചനമാണ് വിശുദ്ധ ഗ്രന്ഥം. അതുകൊണ്ടുതന്നെ ബൈബിൾപഠനം നമ്മുടെ ആത്മീയജീവിതത്തിന്റെ അവിഭാജ്യഘടകമായിരിക്കണം. വിശുദ്ധ ജെറോമിന്റെ വാക്കുകളിൽ 'വിശുദ്ധഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത ഈശോയെക്കുറിച്ചുള്ള അജ്ഞതയാണ്'. ഈ വാക്കുകൾ ബൈബിൾപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ഈശോയെ അറിയാനുള്ള പ്രധാന മാർഗങ്ങളിലൊന്നാണ് വിശുദ്ധഗ്രന്ഥം. വി. ഗ്രിഗറി ദ ഗ്രേറ്റ് പറയുന്നു: 'നാം വിശുദ്ധ ഗ്രന്ഥത്തിൽ വളരുന്നതനുസരിച്ച് വചനത്തിന്റെ ആഴവും നമ്മിൽ വളരുന്നു.'

അതിനാൽ ബൈബിൾപഠനം ഈശോയെ കണ്ടെത്തുന്ന യാത്രയായിരിക്കണം. വിശുദ്ധഗ്രന്ഥത്തിന്റെ താളുകളെല്ലാം രക്ഷാചരിത്രത്തിലേക്കാണു നമ്മെ നയിക്കുന്നത്. സൃഷ്ടിയിൽ ആരംഭിക്കുന്ന ദൈവത്തിന്റെ പദ്ധതി ഈശോയിൽ പൂർണ്ണതയിലെത്തുന്നു. മനുഷ്യന്റെ പാപവും ദൈവത്തിന്റെ കരുണയും ബൈബിളിന്റെ പ്രധാന വിഷയങ്ങളാണ്.

ദൈവത്തിന്റെ സ്നേഹവും വിശ്വസ്തതയും വിശുദ്ധഗ്രന്ഥത്തിലുടനീളം വെളിപ്പെടുന്നു. ദൈവം തന്റെ ജനത്തെ ഉപേക്ഷിക്കുന്നില്ലെന്നു ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. മനുഷ്യൻ ദൈവത്തിൽനിന്ന് അകന്നാലും ദൈവം മനുഷ്യനെ തേടിവരുന്നു. സഭാപിതാക്കന്മാർ വിശുദ്ധ ഗ്രന്ഥത്തെ സഭയുടെ ജീവിതത്തിൽനിന്നു വേർതിരിച്ചിരുന്നില്ല. അവരുടെ കാലത്ത് ബൈബിൾപഠനം ആരാധനയുടെയും പ്രാർത്ഥനയുടെയും ഭാഗമായിരുന്നു. ദൈവവചനം കേൾക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ പ്രധാന ആഹ്വാനം. ഓരോ വിശ്വാസിക്കും ദൈവവചനം അറിയാനുള്ള അവകാശവും ഉത്തരവാദിത്വവുമുണ്ട്.

കുടുംബങ്ങൾ ബൈബിൾ വായിക്കുന്ന ചെറിയ സഭകളായി മാറണം. മാതാപിതാക്കൾ മക്കളെ ദൈവവചനത്തിലേ



ക്കു നയിക്കണം. കുട്ടികളുടെ ഹൃദയത്തിൽ ദൈവവചനത്തോടുള്ള സ്നേഹം വളർത്തണം.യോഹന്നാന്റെ സുവിശേഷം ഈശോയെ നിത്യവചനമായി അവതരിപ്പിക്കുന്നു. ഈശോയിൽ ദൈവവചനം മനുഷ്യരൂപം സ്വീകരിച്ചു. അതിനാൽ എഴുതപ്പെട്ട വചനത്തിലൂടെ നാം അവതരിച്ച വചനമായ മിശിഹായിലേക്കാണ് എത്തുന്നത്. ബൈബിൾപഠനം ഈശോയുമായുള്ള ബന്ധം ആഴപ്പെടുത്തുന്നു. ബൈബിൾ പഠിച്ചിട്ടും ഈശോയെ സ്നേഹിക്കുന്നില്ലെങ്കിൽ നമ്മുടെ പഠനം അപൂർണ്ണമാണ്. അറിവ് വിശ്വാസത്തിലേക്കും വിശ്വാസം സ്നേഹത്തിലേക്കും സ്നേഹം ജീവിതസാക്ഷ്യത്തിലേക്കും നയിക്കണം. വചനത്തെ മനസ്സിലാക്കാനും പഠിക്കാനുമുള്ള മനസ്സ് നമുക്കുണ്ടാകണം. അതിനുള്ള ഒരു മാർഗമാണ് പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ഭാഗമായ കുടുംബക്കൂട്ടായ്മയുടെ ആഭിമുഖ്യത്തിലും ബൈബിൾ അപ്പോസ്തലേറ്റിന്റെയും മീഡിയ കമ്മീഷന്റെയും സഹകരണത്തിലും നടത്തുന്ന ജീവമന്ന എന്ന വചനപഠന പരമ്പര.

ബൈബിൾവായനയും പഠനവും ഒരു താൽക്കാലിക ആത്മീയ ആവേശമായി മാറരുത്. അത് സ്ഥിരമായ ആത്മീയശീലമായി വളരണം. ദിവസവും കുറച്ചുസമയം ദൈവവചനത്തിനായി മാറ്റിവയ്ക്കാം. പ്രഭാതത്തിൽ ദൈവവചനം വായിച്ച് ദിവസം ആരംഭിക്കാം. രാത്രിയിൽ ദൈവവചനത്തെ ഓർത്തുകൊണ്ട് ദിവസം അവസാനിപ്പിക്കാം. കുടുംബപ്രാർത്ഥനയിൽ വിശുദ്ധ ഗ്രന്ഥം ഉൾപ്പെടുത്താം.

ഈ വർഷം വിശുദ്ധ പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളും, ഹെബ്രായലേഖനവുമാണ് നമ്മുടെ പഠനവിഷയം. അതോടൊപ്പംതന്നെ വിശുദ്ധ യാക്കോബ്ശ്ലീഹായുടെ ലേഖനം മനഃപാഠമാക്കുന്നവർക്ക് ക്യാഷ് പ്രൈസും മെമന്റോയും ഉണ്ടായിരിക്കുന്നതാണ്. വിശ്വാസം, സ്നേഹം, പ്രത്യാശ, പ്രാർത്ഥന എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ്

ഈ വർഷത്തെ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. വചനം പഠിക്കുമ്പോൾ ആ വാക്യം ഏതു പുസ്തകത്തിലാണ് ഉള്ളത് എന്നു നോക്കണം. അത് ആരാണ് എഴുതിയത് എന്നു പഠിക്കണം. ആർക്കാണ് എഴുതിയത് എന്നു മനസ്സിലാക്കണം. ഏതു ചരിത്രസാഹചര്യത്തിലാണ് എഴുതപ്പെട്ടത് എന്നു പരിശോധിക്കണം. അതിന്റെ സാഹിത്യരീതി മനസ്സിലാക്കണം. കൂടാതെ ഈ വർഷം രക്ഷാചരിത്രത്തിന്റെ പ്രാധാന്യംകൂടി പഠനവിഷയമാകുമ്പോൾ വിശുദ്ധ ഗ്രന്ഥത്തിന്റെ മഹത്വത്തെക്കുറിച്ചു കൂടുതൽ അറിയാൻ സാധിക്കും.

ദൈവവചനം നമ്മുടെ മനഃസാക്ഷിയുടെ കണ്ണാടിയാകണം. അതു നമ്മെ തിരുത്താൻ അനുവദിക്കണം. അതു നമ്മെ വിശുദ്ധിയിലേക്കു നയിക്കണം. സഭാപിതാക്കന്മാരുടെ പാരമ്പര്യത്തിൽ Lectio Divina അഥവാ ദൈവവചനത്തിന്റെ പ്രാർത്ഥനാപൂർവകമായ വായനയ്ക്കു വലിയ പ്രാധാന്യമുണ്ട്. വായനയാണ് ആദ്യപടി. ധ്യാനമാണ് രണ്ടാമത്തെ പടി. പ്രാർത്ഥനയാണ് മൂന്നാമത്തെ പടി. ദൈവസന്നിധിയിൽ നിശ്ശബ്ദമായി വചനത്തിൽ നിലകൊള്ളുന്നതാണ് അടുത്ത ഘട്ടം. അവസാനം ആ വചനം ജീവിതത്തിൽ പ്രാവർത്തികമാക്കണം. പഠിച്ച ദൈവവചനം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുന്ന 'നല്ല സമറായൻ' എന്ന പദ്ധതികൂടി ജീവമന്നയുടെ തുടർച്ചയെന്നവണ്ണം ആവിഷ്കരിച്ചുവരുന്നു. അതിന്റെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

തിരുവചനം കുട്ടികളുടെ കൈകളിലും ഹൃദയങ്ങളിലും എത്തിക്കണം. കുട്ടികളെ ബൈബിൾകഥകൾമാത്രം പഠിപ്പിക്കുന്നതിൽ അത് ഒതുങ്ങരുത്. ദൈവവചനത്തിന്റെ അടിസ്ഥാനസന്ദേശം അവർ മനസ്സിലാക്കണം. ദൈവം സ്നേഹിക്കുന്നുവെന്ന് അവർ അറിയണം. ഈശോ അവരെ സ്നേഹിക്കുന്നുവെന്ന് അവർ അനുഭവിക്കണം. ക്ഷമയും സത്യവും സ്നേഹവും അവർ ജീവിതത്തിൽ അഭ്യസിക്കണം. യുവജന



ങ്ങൾക്ക് ബൈബിൾ ജീവിതത്തിന്റെ ചോദ്യങ്ങൾക്കു വെളിച്ചം നൽകുന്ന ഗ്രന്ഥമാണെന്നു കാണിച്ചുകൊടുക്കണം. അവരുടെ സംശയങ്ങളെ അവഗണിക്കരുത്. അവരുടെ ചോദ്യങ്ങൾക്ക് സ്നേഹത്തോടെയും അറിവോടെയും മറുപടി നൽകണം. ഡിജിറ്റൽകാലഘട്ടത്തിൽ വിശ്വാസയോഗ്യമായ ബൈബിൾ പഠനസ്രോതസ്സുകൾ അവർക്കു പരിചയപ്പെടുത്തണം.

വചനപഠനത്തിന്റെ ലക്ഷ്യം വിശുദ്ധമായ ജീവിതമാണ്. വചനവും ആരാധനയും തമ്മിലുള്ള ബന്ധം നാം കൂടുതൽ ആഴത്തിൽ മനസ്സിലാക്കണം. വചനത്തിൽനിന്ന് ആരാധനയിലേക്കും ആരാധനയിൽനിന്നു ദൗത്യത്തിലേക്കും നാം നീങ്ങണം. ദൈവവചനം കേട്ടവർ അതു ലോകത്തോടു പങ്കുവയ്ക്കണം. ഓരോ ക്രൈസ്തവനും സുവിശേഷത്തിന്റെ സാക്ഷിയാകണം. ആദ്യം നമ്മുടെ ജീവിതം സുവിശേഷത്തിന്റെ സാക്ഷ്യമാകണം. പിന്നീട് നമ്മുടെ വാക്കുകൾ സുവിശേഷം പ്രഖ്യാപിക്കണം. അതിനാൽ ഈ ഇടയലേഖനത്തിലൂടെ എല്ലാ വിശ്വാസികളെയും 'ജീവമന്ന' എന്ന വചനപഠനപരമ്പരയിലേക്ക് ആത്മാർത്ഥമായി ക്ഷണിക്കുന്നു. ഓരോ ഇടവകയിലും 'ജീവമന്ന' സജീവമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജീവമന്ന സീസൺ – 2 എല്ലാവരും ഹൃദയത്തിൽ ഏറ്റെടുക്കണം. ജീവമന്നയുടെ പുസ്തകം വാങ്ങി വചനം പഠിക്കാൻ എല്ലാവരും മുന്നോട്ടുവരണം. ഈ പുസ്തകം രൂപതാ ഇവാഞ്ചലൈസേഷൻ ഓഫീസ്, സെന്റ് തോമസ് പ്രസ് എന്നിവിടങ്ങളിലും ഭരണങ്ങാനം, അരുവിത്തുറ, രാമപുരം, മുട്ടുചിറ, കൂത്താട്ടുകുളം തുടങ്ങിയ ഇടവകകളിലെ സ്റ്റാളുകളിലും കൂട്ടിക്കൽ പള്ളിയിലും മൂലമറ്റം പള്ളിയിലും ലഭ്യമാണ്. ജീവമന്ന മത്സരങ്ങൾ എങ്ങനെയാണു നടത്തേണ്ടത് എന്ന വിവരങ്ങളെല്ലാം ജീവമന്ന പുസ്തകത്തിന്റെ അവസാനഭാഗത്തുള്ള നിർദേശങ്ങളിൽ കൊടുത്തിട്ടുണ്ട്.

നമ്മുടെ ഇടവകകളിലെ നേതൃത്വവും കുടുംബക്കൂട്ടായ്മ അംഗങ്ങളും ബഹു. സിസ്റ്റേഴ്സും സൺഡേ സ്കൂൾ അധ്യാപകരും കുട്ടികളും വിവിധ സംഘടനകളിലെ അംഗങ്ങളും തുടങ്ങി എല്ലാവരും ജീവമന്നയുടെ പ്രചാരകരാകണം. വിശുദ്ധഗ്രന്ഥത്തിലൂടെ രക്ഷാകരചരിത്രം മനസ്സിലാക്കി പൗലോസിന്റെ തീക്ഷ്ണതയോടെ നമുക്കു വചനം പഠിക്കാം.

2. ഈശോയുടെ ഇടയഹൃദയം വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ സ്വന്തമാക്കി

ഈ വർഷം മുതൽ ഒക്ടോബർമാസം മിഷൻമാസമായി ആചരിക്കണമെന്ന് നമ്മുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് ആഹ്വാനം ചെയ്തിരിക്കുകയാണല്ലോ. വചനപഠനപരമ്പരയായ ജീവമന്നയുടെ രണ്ടാം സീസൺ ആരംഭിക്കാൻ പറ്റിയ ഏറ്റവും നല്ല പശ്ചാത്തലമാണിത്. സീറോ മലബാർസഭയിൽനിന്നുള്ള ഏറ്റവും വലിയ മിഷനറിയായിരുന്ന വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ നാം ആഘോഷിക്കുന്നതും ഈ മിഷൻമാസത്തിന്റെ ഒത്തനടുവിലാണ് എന്നത് പാലാ രൂപതയ്ക്ക് അഭിമാനകരമാണ്. 'ഞാൻ നല്ല ഇടയനാണ്; എന്റെ ആടുകളെ ഞാൻ അറിയുന്നു; എന്റെ ആടുകൾ എന്നെയും അറിയുന്നു' (യോഹ 10:14). ഈ വചനത്തിൽ നല്ല ഇടയനായ ഈശോയുടെ ഹൃദയം മുഴുവൻ തെളിഞ്ഞുനിൽക്കുന്നു. ആടുകളെ അറിയുക എന്നാൽ അവരുടെ പേരറിയുക എന്നു മാത്രമല്ല അർത്ഥം. അവരുടെ വിശപ്പും വേദനയും ഭയവും സന്തോഷവും മനസ്സിലാക്കുക, വീഴുമ്പോൾ താങ്ങുക, വഴിതെറ്റുമ്പോൾ തേടിപ്പോകുക എന്നുകൂടിയാണ്. ഈ അർത്ഥത്തിൽ തനിക്ക് ഏല്പിക്കപ്പെട്ട ജനത്തെ അറിഞ്ഞ ഇടയനായിരുന്നു വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ. ശരീരംകൊണ്ടു ചെറിയവനായിരുന്നതിനാൽ ജനം അദ്ദേഹത്തെ സ്നേഹത്തോടെ 'കുഞ്ഞച്ചൻ' - ചെറിയ അച്ചൻ - എന്നുവിളിച്ചു. അദ്ദേഹം തന്റെ ജനത്തെ 'മക്കൾ' എന്നാണു വിളിച്ചത്. ഇടയന്റെ



കരുതലും പിതാവിന്റെ വാത്സല്യവും ആ ഒരൊറ്റ വാക്കിലുണ്ടായിരുന്നു. മറ്റുള്ളവർ അറിയാൻ മടിച്ചവരെയാണ് അദ്ദേഹം ഏറ്റവുമധികം അടുത്തറിഞ്ഞത്: എളിയവരെയും, സമൂഹത്തിന്റെ അരികിലേക്കു തള്ളപ്പെട്ടവരെയും, പഠിക്കാൻ വഴിയില്ലാത്ത കുട്ടികളെയും ആരുടെയും ശ്രദ്ധയിൽപ്പെടാത്ത കുടുംബങ്ങളെയും.

ഈ വർഷം ആ പുണ്യാത്മാവിനെ ഓർക്കാൻ നമുക്കു പ്രത്യേകകാരണമുണ്ട്. 1973 ഒക്ടോബർ 16 ന് ദിവംഗതനായ കുഞ്ഞച്ചനെ 2006 ൽ രാമപുരത്തുവച്ചു സഭ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു; ആ പ്രഖ്യാപനത്തിന്റെ ഇരുപതാം വാർഷികം കൂടിയാണു നാം ആഘോഷിക്കുന്നത്. ചെറിയവരെ സ്നേഹിക്കുന്ന ഹൃദയത്തിലാണ് നല്ലിടയനായ ഈശോയുടെ മുഖം ഏറ്റവും നന്നായി തെളിയുന്നത്. അതുകൊണ്ട് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ ഈശോയുടെ ഇടയഹൃദയം കൂടുതൽ അടുത്തറിയാൻ നമ്മെ സഹായിക്കുന്ന ഒരവസരമാണ്. ഇടയന്റെ വചനവും, ഇടയന്റെ ബലിജീവിതവും, ഇടയന്റെ കരുണയും ലോകത്തിനു പകർന്നുനൽകാനാണു കുഞ്ഞച്ചൻ പരിശ്രമിച്ചത്.

'ദേവൂസ് കാരിത്താസ് എസ്ത്' - ദൈവം സ്നേഹമാകുന്നു - എന്ന ചാക്രികലേഖനത്തിൽ (2005) ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പഠിപ്പിക്കുന്നു: സഭയുടെ സ്വഭാവം മൂന്നു ദൗത്യങ്ങളിലൂടെയാണു പ്രകടമാകുന്നത്. ദൈവവചനം പ്രഘോഷിക്കുക, കൂദാശകൾ പരികർമം ചെയ്ത് ദൈവാരാധന നടത്തുക, സ്നേഹത്തിന്റെ ശുശ്രൂഷ നിർവഹിക്കുക. ഇവ സഭയുടെ മൂന്നു വ്യത്യസ്ത ദൗത്യങ്ങളല്ല; ഒരേ ക്രൈസ്തവജീവിതത്തിന്റെ മൂന്നു മുഖങ്ങളാണ്. ഒന്നു മറ്റൊന്നിനെ ആവശ്യപ്പെടുന്നു; ഒന്നിനെയും മറ്റൊന്നിൽനിന്നു വേർപെടുത്താനാവില്ല.

നല്ല ഇടയനായ മിശിഹായിൽ ഈ മൂന്നു ദൗത്യവും ഒന്നിച്ചു നിൽക്കുന്നതു നമുക്കു കാണാം. 'എന്റെ ആടുകൾ എന്റെ സ്വരം

ശ്രവിക്കുന്നു' (യോഹ 10:27). ഇവിടെ ദൈവരാജ്യപ്രഘോഷണമുണ്ട്. 'ഞാൻ ആടുകൾക്കുവേണ്ടി എന്റെ ജീവൻ സമർപ്പിക്കുന്നു' (യോഹ 10:15). കുരിശിൽ പൂർത്തിയായ ബലിയാണല്ലോ ഇത്. 'അവർക്കു ജീവൻ ഉണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ് ഞാൻ വന്നത്' (യോഹ 10:10). ഇവിടെ ഈശോയുടെ കരുതലിന്റെയും കരുണയുടെയും ശുശ്രൂഷയുണ്ട്. ദൈവരാജ്യപ്രഘോഷണത്തിലൂടെയും പെസഹാബലിയിലൂടെയും അനുകമ്പ നിറഞ്ഞ പ്രവൃത്തികളിലൂടെയുമാണ് ഇടയനായ ഈശോ തന്റെ ആടുകളെ അറിയുന്നത്. കുഞ്ഞച്ചന്റെ ജീവിതം ഈ ഇടയരൂപത്തിന്റെ വിശ്വസ്തമായ പ്രതിഫലനമായിരുന്നു.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ആത്മീയ ആഹാരം ജീവമന്നയായ തിരുവചനമായിരുന്നല്ലോ. തിരുവചനം ഭക്ഷിച്ച കുഞ്ഞച്ചന്റെ ജീവിതം തന്നെ വചനപ്രഘോഷണമായി മാറി. വചനം വായിക്കാനും പഠിക്കാനും ജീവിക്കാനുമുള്ള പ്രചോദനം വാഴ്ത്തപ്പെട്ട കുഞ്ഞച്ചനിൽനിന്നു നമുക്കു സ്വീകരിക്കാം. ജീവമന്ന സീസൺ 2 ൽ പങ്കെടുക്കുന്നവർ പ്രത്യേകമായി കുഞ്ഞച്ചന്റെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കണം. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾദിനമായ ഒക്ടോബർ പതിനാറാം തീയതി രാമപുരത്തുള്ള ആ പുണ്യാത്മാവിന്റെ കബറിങ്കൽ പോയി പ്രാർത്ഥിക്കാൻ നിങ്ങൾ പരിശ്രമിക്കുമല്ലോ.

ഈശോയിൽ സ്നേഹപൂർവം

Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 06.10.2026

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ

NB: ഈ ഇടയലേഖനം 2026 ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധകുർബാനയർപ്പണമുള്ള എല്ലാ സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കാൻ നല്കപ്പെട്ടത്.



ദീപിക ദിനപത്ര പ്രചാരണമാസാചരണവും രൂപതാതല ഉദ്ഘാടനവും

ഈശോമിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, അല്മായപ്രേഷിതരേ,

കേരളത്തിലെ ആദ്യ മലയാളദിനപത്രമായ 'ദീപിക', കഴിഞ്ഞ 140 വർഷങ്ങളായി നമ്മുടെ സഭയുടെയും സമൂഹത്തിന്റെയും കാവൽവിളക്കായി നിലകൊള്ളുന്നു. സീറോ മലബാർസഭ 'സമുദായശക്തീകരണവർഷമായി' ആചരിക്കുന്ന ഈ വേളയിൽ, സഭയുടെയും സമൂഹത്തിന്റെയും വേരുകളായ പാലാ രൂപതയുടെ ചരിത്രപാരമ്പര്യവും കാർഷിക-വിദ്യാഭ്യാസമേഖലകളിലെ അതുല്യസംഭാവനകളും മുൻനിർത്തി ദീപികയെ നമ്മുടെ ഓരോ ഭവനങ്ങളിലേക്കും എത്തിക്കേണ്ടത് നാമേവരുടെയും കടമയാണ്.

ത്യാഗത്തിന്റെയും കഠിനാധ്വാനത്തിന്റെയും പ്രതീകമായ പാലാ രൂപതയുടെ ചരിത്രം എന്നും വിശ്വാസത്തിന്റെയും സാമൂഹിക ഉന്നമനത്തിന്റെയും ഏടുകൾ നിറഞ്ഞതാണ്. കാർഷികപ്രതിസന്ധികൾക്കും കർഷകരുടെ അവകാശങ്ങൾക്കും വേണ്ടി എന്നും ശബ്ദമുയർത്തിയതു ദീപികയാണ്. പ്രത്യേകിച്ച്, നമ്മുടെ മലയോരമേഖലകളിലെ കർഷകർ അഭിമുഖീകരിക്കുന്ന വന്യമൃഗശല്യം, റബ്ബർവിലയിടിവ് തുടങ്ങിയ വിവിധ പ്രശ്നങ്ങൾ ഭരണകൂടത്തിന്റെ ശ്രദ്ധയിൽപെടുത്തുന്നതിൽ ദീപിക മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്.

കൂടാതെ, സാർവത്രികവിദ്യാഭ്യാസത്തിനും മൂല്യാധിഷ്ഠിതപഠനത്തിനുംവേണ്ടി നിലകൊണ്ട ചരിത്രമാണ് പാലാ രൂപതയ്ക്കുള്ളത്. ഈ വിദ്യാഭ്യാസമുന്നേറ്റങ്ങളെയും സഭാ

തനയരുടെ നേട്ടങ്ങളെയും ലോകത്തിനുമുന്നിൽ കൃത്യമായി അവതരിപ്പിക്കുന്നതിൽ ദീപിക എപ്പോഴും മുമ്പിലുണ്ടായിരുന്നു. ന്യൂനപക്ഷാവകാശങ്ങൾ, അധ്യാപകനിയമനം, ഇ.ഡബ്ല്യു. എസ് സംവരണം, എഫ്.സി.ആർ.എ നിയമഭേദഗതി തുടങ്ങിയ വിഷയങ്ങളിൽ ക്രൈസ്തവസമൂഹത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ദീപിക ശക്തമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണമായും സഭാതനയരുടെ സ്വന്തമായ ഈ മാധ്യമത്തെ ശക്തിപ്പെടുത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

എല്ലാ കുടുംബങ്ങളെയും ദീപികയുടെ വരിക്കാരാക്കുന്നതിനായി 2026 നവംബർ – ഡിസംബർ മാസങ്ങൾ 'ദീപിക തീവ്രപ്രചാരണമാസങ്ങളായി' പ്രഖ്യാപിക്കുന്നു.

ദീപികമാസാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം 2026 നവംബർ 16 ന് പ്രവിത്താനം ഫൊറോന പള്ളിയിൽവച്ച് നടത്തപ്പെടുന്നു.

പ്രധാന നിർദേശങ്ങൾ:

- എല്ലാ ഇടവകകളിലും 'ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)' ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഉടൻ പൂർത്തീകരിക്കേണ്ടതാണ്.
- നവംബർ – ഡിസംബർ മാസങ്ങളിൽ വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഡി.എഫ്.സി ഭാരവാഹികളെയും മറ്റു സംഘടനാപ്രതിനിധികളെയും ഏകോപിപ്പിച്ച് പ്രചാരണം നടത്തുക.
- രൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, മതാധ്യാപകർ, സ്കൂൾ-കോളേജ് അധ്യാപകർ, കുടുംബക്കൂട്ടായ്മ ലീഡർമാർ എന്നിവർ മാതൃകയായി ദീപികയുടെ വരിക്കാരായി മാറണമെന്ന് അഭ്യർത്ഥിക്കുന്നു.

- ദീപിക ഉയർത്തിപ്പിടിക്കുന്ന സത്യത്തിന്റെയും നീതിയുടെയും മൂല്യങ്ങൾ നമ്മുടെ ഓരോ കുടുംബത്തിന്റെയും സ്വന്തമാകട്ടെ എന്ന് ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം



മെത്രാസനമന്ദിരം
പാലാ, 30.10.2026

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ

പ്രസ്ബിത്തേരിയം 2026

പ്രിയപ്പെട്ട അച്ചന്മാരേ,

പാലാ രൂപതയിലെ മുഴുവൻ വൈദികരുടെയും സമ്മേളനം (പ്രസ്ബിത്തേരിയം) 2026 ഡിസംബർ 17 വ്യാഴാഴ്ച രാവിലെ 10.30 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നതാണ്.

ക്രിസ്മസിനോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ഈ വൈദികസമ്മേളനത്തിൽ രൂപതയിലെ എല്ലാ വൈദികരും പങ്കെടുക്കണമെന്ന് സ്നേഹപൂർവം അറിയിക്കുന്നു.

Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 03.11.2026

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ

അറിയിപ്പ്

ഈ വർഷത്തെ സബർമതി മിഷൻ ദിനം നവംബർ 22 ഞായറാഴ്ചയാണ്. അന്നത്തെ സംഭാവനശേഖരണം സബർമതി മിഷനെ സഹായിക്കാൻ വേണ്ടിയാണ്. അന്നേദിവസം പിരിഞ്ഞുകിട്ടുന്ന തുക ഡിസംബർ മാസം 15-ാം തീയതിക്കകം രൂപതാകേന്ദ്രത്തിൽ ഏല്പിക്കണം. തുക ചെക്കായിട്ടു മാത്രമേ സ്വീകരിക്കൂ. REGINA MANAV SEVA TRUST VADODARA എന്ന പേരിലാണ് ചെക്ക് എഴുതേണ്ടത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ബേസ് അപ്രേം നസ്രാണി ദയ്റാ കാപ്പുംതല

ഹെന്ദോയിലെ മലങ്കര മാർത്തോമ്മാ നസ്രാണികളുടെ ആറാമായ - സുറ്യായാ ഭാഷ പഠിക്കാനും ആ ഭാഷയിൽ പ്രാർത്ഥിക്കാനുംവേണ്ടി സ്ഥാപിതം

ഹെന്ദോയിലെ മലങ്കര വിദ്യാപീഠം

സ്ലീവാ സ്കൂൾ
സുറിയാനി പഠനം (A level)
(ശനിയാഴ്ചകളിൽ നടത്തപ്പെടുന്നു– പ്രധാനമായും ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിക്കുന്നു)

ഹെന്ദോ അക്കാദമി
മാർത്തോമ്മാ മാർഗപരിശീലനവും ചരിത്രപഠനവും
(രണ്ടാം ശനിയാഴ്ചകളിൽ 2 pm മുതൽ 4 pm വരെ)

പാറേമാക്കൽ ലൈബ്രറി കരിയാറ്റി മ്യൂസിയം

എല്ലാദിവസവും രാവിലെ 6.30 ന്
പരി. കുർബാന അർപ്പണം
(സുറിയാനി ഭാഷയിൽ)

ശനിയാഴ്ചകളിൽ വൈകുന്നേരം 6.30 ന്
സായാഹ്ന നമസ്കാരവും തുടർന്നു സമുദായയോഗവും

APPAN നസ്രാണി Heritage Club

ഓർഗൻ/ പിയാനോ/ ഹാർമോണിയം, വയലിൻ, ഡ്രം പരിശീലനം
(വെള്ളിയാഴ്ചകൾ **6 pm - 7.30 pm**)

സുറിയാനി പാട്ടുകൾ, റമ്പാൻ പാട്ട്, മാർഗംകളി, പരിചമുട്ടുകളി മുതലായ നസ്രാണികലകളുടെ പരിശീലനം
(ഞായറാഴ്ചകളിൽ 3 pm - 5 pm)

പരിശുദ്ധ കുർബാനയിലെ മദ്ബഹാ ശുശ്രൂഷികൾ, ഗാനശുശ്രൂഷകർ എന്നിവർക്കു പരിശീലനം
(ഞായറാഴ്ചകളിൽ 3 pm - 5 pm)

For details and booking contact: **9496542361**



ലേഖനം

കെ.ടെറ്റ് യോഗ്യതയും ന്യൂനപക്ഷാവകാശവും

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

ലേഖകൻ സീറോ മലബാർ സിനഡൽ കമ്മീഷൻ ഫോർ എജ്യൂക്കേഷൻ ചെയർമാനും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമിതിയുടെ രക്ഷാധികാരിയും പാലാ രൂപത കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി മാനേജരുമാണ്.

കഴിഞ്ഞ കുറേ നാളുകളായി അധ്യാപകലോകത്തു മുഴങ്ങിക്കേൾക്കുന്ന, ആശങ്കയുളവാക്കുന്ന പദമാണ് കെ.ടെറ്റ് എന്നത്. കോളേജ് അധ്യാപകരാകാൻ 'നെറ്റ്' (നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്), ഹയർ സെക്കൻഡറി അധ്യാപകരാകാൻ 'സെറ്റ്' (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) പോലെ സ്കൂൾ അധ്യാപകർ, പ്രത്യേകിച്ച് ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ കൈവരിക്കേണ്ട അടിസ്ഥാനയോഗ്യത എന്ന നിലയിലാണ് 'ടെറ്റ്' (ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്) പരീക്ഷ നിർബന്ധമാണെന്ന് ബഹു. സുപ്രീം കോടതി ഉത്തരവിട്ടത്.

സേവനത്തിലുള്ള അധ്യാപകരും പ്രസ്തുത പരീക്ഷ പാസ്സാകണമെന്നും 01.09.2025 മുതൽ രണ്ടു വർഷത്തിനുള്ളിൽ പരീക്ഷ പാസ്സാകാത്ത അധ്യാപകർ പുറത്തുപോകണമെന്നുമുള്ള സുപ്രീംകോടതി വിധിയാണ് അധ്യാപകർക്ക് ഇരുട്ടടിയായിത്തീർന്നത്. പിന്നീട് റിവ്യൂഹർജിയുടെ വിധി രണ്ടു വർഷമെന്നത് മൂന്നാക്കി മാറ്റി. പത്തും ഇരുപതും വർഷം മുമ്പ് സർവീസിൽ കയറിയ അധ്യാപകരുൾപ്പെടെ ടെറ്റ് പരീക്ഷ പാസ്സായിരിക്കണമെന്നിടത്താണ് അധ്യാപകർ കുഴപ്പത്തിലായത്. എന്നാൽ, മേല്പറഞ്ഞ കോടതിയുത്തരവിനെ അടിസ്ഥാനമാക്കി കേരള സർക്കാരിന്റെയും വിദ്യാഭ്യാസവകുപ്പിന്റെയും ഉത്തരവുകൾ പുറത്തുവന്നപ്പോഴാണ് കാര്യങ്ങൾ കൂടുതൽ കഠിനമായിത്തീർന്നത്.

കോടതിയുത്തരവിൽ ന്യൂനപക്ഷസ്കൂളുകളിലെ അധ്യാപകരെ വിശാലബെഞ്ചിന്റെ വിധി വരുന്നതുവരെ ടെറ്റ് പരീക്ഷയിൽനിന്ന് ഒഴിവാക്കിയിരുന്നു. എന്നാൽ, ഈയടുത്ത ദിവസം വരെ കേരളസർക്കാർ അതു കണ്ടതായി നടിച്ചിരുന്നില്ല. ന്യൂനപക്ഷത്തെയും ന്യൂനപക്ഷാവകാശങ്ങളെയും മറന്നുകൊണ്ടുള്ള സർക്കാർതലത്തിലുള്ള ഇടപെടലുകൾ അത്യന്തം പ്രതിഷേധാർഹമാണെന്നു പറയാതെ വയ്യ! പ്രഥമാധ്യാപക നിയമനത്തിലും അധ്യാപകരുടെ പ്രൊമോഷൻകാര്യങ്ങളിലും പ്രൊമോഷൻ ലഭിച്ച അധ്യാപകരുടെ തസ്തികകളിൽ നിയമിക്കപ്പെട്ട അധ്യാപകരുടെ പ്രശ്നങ്ങളുമൊക്കെ ഉടനടി പരിഹരിക്കേണ്ടതുണ്ട്.

സർക്കാർ മറന്നുപോകുന്ന വിധിവാചകം

1.9.2025 ൽ കെ. ടെറ്റ് യോഗ്യത സംബന്ധിച്ച് സുപ്രീം കോടതി നല്കിയ വിധിയിൽ ന്യൂനപക്ഷസ്ഥാപനങ്ങൾക്ക് കോടതിയുടെ വിശാലബഞ്ച് വിധി പറയുന്നതുവരെ ഒഴിവു നല്കിയിരുന്നു. റിവ്യൂഹർജികളിന്മേൽ 29.5.2026 ന് സുപ്രീം കോടതി നൽകിയ വിധിയിലും കെ. ടെറ്റ് യോഗ്യത സംബന്ധിച്ച് ന്യൂനപക്ഷസ്ഥാപനങ്ങളുടെ ഇളവ് ആവർത്തിക്കുന്നു. എന്നാൽ, മുമ്പു സൂചിപ്പിച്ചിരുന്നതുപോലെ 14.8.2026 വരെ സർക്കാർ കെ. ടെറ്റ് വിഷയത്തിൽ ന്യൂനപക്ഷസ്ഥാപനങ്ങൾക്കു കോടതി നല്കിയ ആനുകൂല്യത്തെ കണ്ടില്ലെന്നു നടിച്ചു. പല പ്രാവശ്യം വിവിധ ന്യൂനപക്ഷ മാനേജ്മെൻറുകൾ ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും വേണ്ടത്ര പരിഗണന ലഭിച്ചില്ല. ഈ ദിവസങ്ങളിൽ കാസർഗോഡ് കുന്താർ എ. യു.പി സ്കൂൾ മാനേജർ ഫയൽ ചെയ്ത WP (C) No. 41395/2025-റിട്ട് ഹർജിയിന്മേൽ ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷാവകാശം കണക്കിലെടുത്ത്, നിയമനം നിരസിച്ചുകൊണ്ടുള്ള പൊതുവിദ്യാഭ്യാസഡയറക്ടറുടെ ഉത്തരവ് റദ്ദാക്കി, സുപ്രീംകോടതി വിശാലബഞ്ചിന്റെ വിധി വരുന്നതുവരെ കെ. ടെറ്റ് യോഗ്യത നിർബന്ധമല്ല എന്നു പ്രസ്താവിച്ചുകൊണ്ട് 14.8.26 ൽ സർക്കാർ ഉത്തരവിറക്കി.



സുപ്രീം കോടതിവിധിയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടും വീണ്ടും ഹൈക്കോടതിയിൽ ന്യായം വാദിക്കേണ്ടിവരുന്നു എന്നത് കാലാകാലങ്ങളിൽ ഭരണം മാറിവരുന്ന സംസ്ഥാന സർക്കാരുകളുടെ ന്യൂനപക്ഷങ്ങളോടുള്ള നിഷേധാത്മകമായ സമീപനം വെളിവാക്കുന്നു. ഇനിയും, ഇപ്പോൾ ലഭിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പൊതു ഉത്തരവല്ല; മറിച്ച്, കുന്താർ എ. യു.പി സ്കൂളിന്റെ മാനേജർക്കു മാത്രം ലഭിച്ച ഉത്തരവാണെന്നും ഏകപരാതിയിലുള്ള ഒത്തുതീർപ്പു മാത്രമാണെന്നും പൊതു വിദ്യാഭ്യാസമന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞു എന്ന് ദിനപത്രത്തിൽ വായിക്കാനിടയായി. ഇതു വാസ്തവമെങ്കിൽ ഈ നിലപാട് തികച്ചും ഖേദകരമാണ്.

കഴിഞ്ഞവർഷം ഭിന്നശേഷിനിയമനവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി എൻ.എസ്.എസിനു നൽകിയ അനുകൂലവിധി അവർക്കു മാത്രമാണെന്നവകാശപ്പെട്ട് മറ്റു മാനേജ്മെന്റുകളെ എത്രമാത്രമാണ് ബുദ്ധിമുട്ടിച്ചുള്ളത്! ഭിന്നശേഷിക്കാർക്കായി തസ്തിക മാറ്റിവച്ചിട്ടുണ്ടെങ്കിൽ ബാക്കിയുള്ള നിയമനങ്ങൾ അംഗീകരിച്ചുകൊടുക്കാമെന്ന കോടതിയുത്തരവ് നടപ്പാക്കാതിരിക്കാൻ സർക്കാർസംവിധാനങ്ങൾ മനഃപൂർവ്വം ശ്രമിച്ചതു മറക്കാൻ കാലമായില്ലല്ലോ? ഓർക്കുക, എൻ.എസ്. എസിനു ലഭിച്ച കോടതിയുത്തരവിൽ സമാനസാഹചര്യമുള്ള ഏജൻസികളെയും പരിഗണിക്കാമെന്നു തന്നെയുണ്ടായിരുന്നു. കേരള മെത്രാൻസമിതിയും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡും നടത്തിയ ദീർഘസമരപരിപാടികൾക്കൊടുവിലാണ് സർക്കാർ കനിഞ്ഞത്. അതുപോലെ, കുന്താർ എ.യു.പി. സ്കൂൾ മാനേജർക്കു ലഭിച്ചിരിക്കുന്ന ന്യൂനപക്ഷാവകാശപ്രകാരം കെ. ടെറ്റ് നിർബന്ധമല്ലെന്ന ഉത്തരവ് മറ്റു ന്യൂനപക്ഷമാനേജ്മെന്റുകൾക്കുകൂടി ബാധകമാണെന്ന് സർക്കാർ തിരിച്ചറിയുമോ? ജീവിതപ്രശ്നങ്ങൾക്കുത്തരം നൽകുന്ന, വിദ്യാഭ്യാസപ്രതിസന്ധികൾക്കു പരിഹാരം ആരായുന്ന ഒരു സർക്കാരിനെ ഞങ്ങൾ പ്രതീക്ഷിക്കട്ടെ?

കേരളത്തിൽ, പ്രധാനമായി പൊതുവിദ്യാഭ്യാസമേഖലയിൽ എയ്ഡഡ് സ്ഥാപനങ്ങൾക്കുള്ള പങ്ക് വലുതാണ്. എയ്ഡഡ് സ്കൂളുകളിൽ ഭൂരിപക്ഷം ന്യൂനപക്ഷസ്ഥാപനങ്ങ ളുമാണ്. സുപ്രീം കോടതിവിധിയിൽ പറഞ്ഞിരിക്കുന്നതുപോലെ വിശാലബഞ്ചിന്റെ വിധി വരുന്നതുവരെ – കെ. ടെറ്റ് യോഗ്യത ബാധകമല്ല എന്നത്, നിലവിൽ സേവനത്തിലുള്ള അധ്യാപകരുടെ പ്രഥമാധ്യാപക, സ്ഥാനക്കയറ്റ നിയമനങ്ങളിൽ നടപ്പാക്കുകയാണെങ്കിൽ ആയിരക്കണക്കിന് അധ്യാപകരുടെ പ്രതിസന്ധിയും അനിശ്ചിതാവസ്ഥയും ഇല്ലാതാകും എന്നു റപ്പാണ്. നിലവിലെ സർക്കാർ, പൊതുവിദ്യാഭ്യാസമേഖല നേരിടുന്ന വിഷയങ്ങളെ യാഥാർത്ഥ്യബോധത്തോടെ സമീപിക്കുന്നുവെന്നതു ശുഭകരമാണ്. കെ. ടെറ്റ് വിഷയത്തിൽ സുപ്രീംകോടതി ന്യൂനപക്ഷസ്ഥാപനങ്ങൾക്കു നിലവിൽ കല്പിച്ചിരിക്കുന്ന ഇളവ് നടപ്പിലാക്കി സർക്കാർ പൊതു ഉത്തരവ് ഇറക്കിയാൽ കാര്യങ്ങൾ കൂടുതൽ ലളിതമാകും.

ന്യൂനപക്ഷസ്ഥാപനങ്ങൾക്കു കെ. ടെറ്റ് വിഷയത്തിൽ ലഭിച്ചിരിക്കുന്ന ഇളവ് ഒരുതരത്തിലും സ്ഥാപനത്തിന്റെ ഗുണമേന്മയെയും മികവിനെയും ബാധിക്കാൻ പാടില്ല. ന്യൂനപക്ഷസമുദായത്തിന്റെ സ്വത്വം, ഭാഷ, സംസ്കാരം, വിശ്വാസം എന്നിവ നിലനിർത്തുന്നതിനും, പരിശീലിപ്പിക്കുന്നതിനും പ്രായോഗികമാക്കുന്നതിനുമാണ് ഇത്തരത്തിലുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും നല്കുന്നത് എന്ന് ഒരിക്കലും മറക്കാതിരിക്കാം. ന്യൂനപക്ഷമെന്ന പേരിൽ എന്തെങ്കിലും അനർഹമായത് കൈപ്പറ്റുക എന്നുള്ളതല്ല; മറിച്ച്, അടുത്ത തലമുറയ്ക്കു ഗുണപരമായ വിദ്യാഭ്യാസം പകർന്നുനൽകുക എന്നതുമാത്രമാണ് കത്തോലിക്കാസഭ ലക്ഷ്യമിടുന്നത്.

പ്രഥമാധ്യാപകനിയമനങ്ങളിലെ പ്രതിസന്ധി

'ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്' പേരു സൂചിപ്പിക്കുന്നതുപോലെ ഒരു വിദ്യാലയമാകുന്ന ശരീരത്തിന്റെ ശിരസ്സ് പ്രഥമാ



ധ്യാപകരാണെന്നു പറയേണ്ടതില്ലല്ലോ. പ്രഥമാധ്യാപകൻ/അധ്യാപിക എന്ന നാമത്തിലും ഇവരുടെ അന്തസ്സും ആത്മാഭിമാനവും വ്യക്തിത്വവും ഉൾച്ചേർന്നിരിക്കുന്നു. എന്നാൽ, സർക്കാരിൽ നിന്ന് അംഗീകാരം ലഭിക്കാത്തിടത്തോളം പ്രഥമാധ്യാപകൻ മാനസികമായും സ്വത്വപരമായും സാങ്കേതികമായും വലിയ പ്രതിസന്ധിയിലാണ്.

ഭാരിച്ച ഉത്തരവാദിത്വമാണ് ഒരു എച്ച്. എമ്മിനുള്ളത്. സ്കൂളിന്റെ നടത്തിപ്പ്, കുട്ടികളുടെ സംരക്ഷണം, അധ്യാപക-അനധ്യാപകരുടെ ഒത്തൊരുമ, അക്കാദമികപ്രവർത്തനങ്ങളുടെ മികവ്, അക്കാദമികേതരപ്രവർത്തനങ്ങളുടെ സംഘാടകത്വം ഇങ്ങനെ നിരവധിയായ ഉത്തരവാദിത്വം ഒരു എച്ച്. എമ്മിന്റെ ചുമതലയാണ്. എന്നാൽ, അംഗീകാരമില്ലാതെ ആ സ്ഥാനത്തിരിക്കുക കൂടുതൽ പ്രയാസകരമാണ്. അംഗീകാരമില്ലാത്ത പദവിയാണെങ്കിലും ചുമതലകളുടെ നിർവഹണത്തിന് ഒട്ടും കുറവില്ല. വിദ്യാഭ്യാസവകുപ്പിന്റെയും ഇതര സർക്കാർസംവിധാനങ്ങളുടെയും, നാട്ടുകാരുടെയും മാതാപിതാക്കളുടെയുമൊക്കെ ചോദ്യങ്ങൾക്ക്/സംശയങ്ങൾക്ക് ഉത്തരം കൊടുക്കാൻ 'എച്ച്. എം എന്ന നിലയിൽ അംഗീകാരമില്ലെങ്കിലും' ടിയാൻ ബാധ്യസ്ഥനാണ്. ഈവിധ ജോലികൾ ചെയ്യുമ്പോൾ പ്രഥമാധ്യാപകരുടെ ആനുകൂല്യങ്ങൾ അവരുടെ അവകാശമാണ്. കെ. ടെറ്റ് എന്ന സാങ്കേതികത്വത്തിന്മേൽ പ്രഥമാധ്യാപ കരുടെ അംഗീകാരത്തിന്മേലും അവകാശങ്ങളുടെമേലും പ്രതിസന്ധിയുടെ കരിനിഴൽ വീഴ്ത്തുന്നത് പൊതുവിദ്യാഭ്യാസപ്രവർത്തനങ്ങളെയും എയ്ഡഡ് വിദ്യാലയങ്ങളുടെ നിലനില്പി നെയും ദോഷകരമായി ബാധിക്കുന്നുണ്ട്.

സ്ഥാനക്കയറ്റനിയമനം

പ്രഥമാധ്യാപകർ മാത്രമല്ല, നൂറുകണക്കിന് അധ്യാപക പ്രൊമോഷനുകളും കെ. ടെറ്റ് യോഗ്യതയുടെ കുരുക്കിലാണ്.

പ്രൈമറിവിഭാഗത്തിൽനിന്നും ഹൈസ്കൂൾതലത്തിലേക്കും, ഹൈസ്കൂളിൽനിന്നും ഹയർസെക്കൻഡറി തലത്തിലേക്കുമുള്ള സ്ഥാനക്കയറ്റം ഉത്തരവുകളുടെ കുരുക്കിൽപ്പെട്ട് അംഗീകാരം ലഭിക്കാതെ പ്രതിസന്ധിയിലാണ്. പ്രൊമോഷൻ ലഭിച്ചവർക്ക് മുമ്പു ലഭിച്ചിരുന്ന ശമ്പളം തുടർന്നും ലഭിക്കുമെങ്കിലും സ്ഥാനക്കയറ്റത്തിന്റെ ഫലമായുണ്ടാകുന്ന താഴെ തസ്തികയിൽ നിയമിക്കപ്പെട്ടവർ അനേകനാളുകൾ പ്രതിഫലം കിട്ടാതെ ജോലി ചെയ്തു കാത്തിരിക്കേണ്ടി വരുന്നു. മാത്രവുമല്ല, ഈ സ്ഥാനക്കയറ്റത്തിനും അതിന്റെ ഫലമായുണ്ടാകുന്ന നിയമനത്തിനുമിടയിൽ (റിസൾട്ടന്റ് വേക്കൻസി) സൗകര്യാർത്ഥം സ്ഥലം മാറ്റം (Transfer) നടത്തിയിട്ടുണ്ടെങ്കിൽ അവരുടെ വേതനവും തടസ്സപ്പെടുന്നു. 2025 സെപ്റ്റംബർ 1 നു മുമ്പ് നടത്തിയ നിയമനങ്ങൾപോലും ഇപ്പോഴും അംഗീകരിക്കാതെ അനിശ്ചിതാവസ്ഥയിൽ തുടരുന്നു.

NB: ദീപികദിനപത്രത്തിൽ 22.08.2026 ന് പ്രസിദ്ധീകരിച്ച ലേഖനം



ലേഖനം

ക്രിസ്ത്യൻ അധ്യാപകരോടുള്ള ചിറ്റമ്മനയം

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

ലേഖകൻ സീറോ മലബാർ സിനഡൽ കമ്മീഷൻ ഫോർ എജ്യൂക്കേഷൻ ചെയർമാനും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമിതിയുടെ രക്ഷാധികാരിയും പാലാ രൂപത കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി മാനേജരുമാണ്.

വർഷങ്ങളായി എയ്ഡഡ് സ്കൂൾ അധ്യാപകരായി ജോലി ലഭിച്ച്, കളിപ്പിച്ചും ചിരിപ്പിച്ചും രസിപ്പിച്ചും സമർപ്പണ ബുദ്ധിയോടെ കുഞ്ഞുങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്ന ഒരുപറ്റം അധ്യാപകരുടെ തലയ്ക്കേറ്റ പ്രഹരമായിരുന്നു ഇക്കഴിഞ്ഞ ജൂലൈ 31-ാം തിയതി പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച 5022/2025 ഉത്തരവ്. അതായത് ആയിരക്കണക്കിന് അധ്യാപകർക്ക്/അനധ്യാപകർക്ക് സ്ഥിരനിയമനത്തിന് സർക്കാരിന്റെ അംഗീകാരമില്ല, മാസശമ്പളമില്ല; എത്രനാൾ കാത്തിരിക്കണമെന്നു നിശ്ചയവുമില്ല. ഒരു ഭരണകൂടത്തിന് സ്വതന്ത്രമായി തീരുമാനിക്കാവുന്ന ഒരു കാര്യം കോടതി തീരുമാനിക്കട്ടെ എന്ന്....?

ഭിന്നശേഷിസംവരണവുമായി ബന്ധപ്പെട്ട് കേരളസർക്കാർ സ്വീകരിച്ചിരിക്കുന്ന ഇരട്ടത്താപ്പു നയമാണ് എയ്ഡഡ് കത്തോലിക്കാവിദ്യാലയങ്ങളുടെയും അധ്യാപകരുടെയും അവരുടെ കുടുംബങ്ങളുടെയും നിലനില്പിനെ ബാധിക്കുന്ന സ്ഥിതിയിലെത്തിച്ചിരിക്കുന്നത്. 2018 മുതൽ സ്ഥിരനിയമനാംഗീകാരമില്ലാതെ ആയിരക്കണക്കിന് അധ്യാപകർ ക്രിസ്ത്യൻ ഇതര സ്കൂളുകളിൽ ജോലി ചെയ്യുമ്പോൾ നായർ സർവീസ് സൊസൈറ്റി / ഗവ. സ്കൂളുകളിലെ അധ്യാപകർക്ക് സർക്കാർ ശമ്പളം നൽകുന്നു! NSS കോടതി ഉത്തരവ് നേടിയെന്നും ക്രൈസ്തവസഭകൾ കോടതിയിൽ പോയി അനുകൂല ഉത്തരവ് വാങ്ങിയാൽ നീതി നടത്തിത്തരാമെന്നുമാണ് സർക്കാർവ്യാഖ്യാനം. എല്ലാം കോ

ടതിയുത്തരവ് പ്രകാരം നടപ്പാക്കാനാണെങ്കിൽ പിന്നെന്തിന് സർക്കാർ സംവിധാനങ്ങൾ?

യഥാർത്ഥപ്രശ്നം

ഭിന്നശേഷിനിയമനം പൂർത്തിയാക്കിയാൽ മാത്രമേ മറ്റു നിയമനങ്ങൾ അംഗീകരിക്കാനാകൂ എന്ന സർക്കാരിന്റെ ശാഠ്യമാണ് യഥാർത്ഥപ്രശ്നം. ഭിന്നശേഷിസംവരണം ഗവൺമെന്റ് ഉത്തരവുകൾ അനുസരിച്ച് കത്തോലിക്കാ മാനേജ്മെന്റുകൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ക്രൈസ്തവവിശ്വാസപ്രകാരം ഭിന്നശേഷിക്കാരും ദൈവത്തിന്റെ സമ്മാനമാണ്. അവരെ സംരക്ഷിക്കുന്നതിലും അവർക്കു ജോലിയും വരുമാനമാർഗവും ഒരുക്കിക്കൊടുക്കുന്നതിലും സന്തോഷവുമാണ്. അതുകൊണ്ടുതന്നെ കോടതിവിധി അനുസരിച്ചും സർക്കാരിന്റെ ഉത്തരവു പ്രകാരവും നിശ്ചിതശതമാനം ഒഴിവുകൾ ഭിന്നശേഷിക്കാർക്കായി കേരളത്തിലെ കത്തോലിക്കാമാനേജ്മെന്റുകൾ മാറ്റിവച്ചിട്ടുണ്ട്.

എന്നാൽ, ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തു മാറ്റിവച്ച 2022 വരെയുള്ള ഒഴിവുകളിൽ പകുതിയിൽപോലും അർഹരായിട്ടുള്ളവരെത്തിയിട്ടില്ല. ഉദാഹരണമായി പാല രൂപത കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസി ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച 43 സീറ്റുകളിൽ 20 എണ്ണത്തിൽ മാത്രമാണ് അർഹരായവർ എത്തിയിട്ടുള്ളത്. അതുകൂടാതെ, 2022–25 കാലയളവിലുണ്ടായ തസ്തികകൾക്കാനുപാതികമായി സൃഷ്ടിക്കപ്പെട്ട ഒഴിവുകൾ നികത്തപ്പെടാതെ കാത്തിരിക്കുകയുമാണ്. പക്ഷേ, ആവശ്യത്തിനു ഭിന്നശേഷി അധ്യാപകർ ലഭ്യമല്ല! വസ്തുത ഇതായിരിക്കെ, ഭിന്നശേഷിക്കാരുടെ നിയമനങ്ങൾ പൂർത്തിയാകാതെ മറ്റ് അധ്യാപകനിയമനങ്ങൾ അംഗീകരിക്കില്ലെന്ന് ശഠിക്കുന്നതിനു പിന്നിൽ സർക്കാരിന് നിക്ഷിപ്ത താത്പര്യങ്ങൾ മാത്രമാണുള്ളത്.



കോടതിവിധികളും സർക്കാർ ഉത്തരവുകളും

ഭിന്നശേഷിയുമായി ബന്ധപ്പെട്ട് സർക്കാർതീരുമാനം ചോദ്യം ചെയ്ത നായർ സർവ്വീസ് സൊസൈറ്റിക്ക് ബഹു. സുപ്രീം കോടതിയും (എസ്.എൽ.പി.(സി) നമ്പർ 11373/2024) തുടർന്ന് സർക്കാരും (ജി.ഒ.(എം.എസ്) നമ്പർ 43/2025 ജി. ഇ.ഡി. എൻ ടി.വി.എം. 17.03.2025) അനുകൂല ഉത്തരവ് നൽകി. മേൽ ഉത്തരവുകളുടെ വെളിച്ചത്തിൽ കത്തോലിക്കാ മാനേജ് മെന്റുകൾ സർക്കാരിനുമുമ്പിൽ സമർപ്പിച്ച അപേക്ഷ പരിഗണി ക്കണമെന്ന ബഹു. കേരള ഹൈക്കോടതി ഉത്തരവു പോലും (ഡബ്ല്യു.പി (സി) നമ്പർ 14317/2025) നിർഭാഗ്യവശാൽ ഈ സർക്കാർ പരിഗണിച്ചില്ല.

04.03.2025 ൽ ബഹു. സുപ്രീം കോടതി എൻ.എസ്.എസിനു നൽകിയ വിധിയിൽ ഭിന്നശേഷിക്കാർക്കുവേണ്ടി നീക്കി വച്ചി രിക്കുന്ന ഒഴിവുകൾ ഒഴികെയുള്ള തസ്തികകളിൽ നിയമനം നടത്താനും ഇതുവരെ താൽക്കാലികമായി നിയമനാംഗീകാരം ലഭിച്ച സേവനത്തിനുള്ള (IN SERVICE) അധ്യാപകരുടെ നിയമന ങ്ങൾ ക്രമപ്പെടുത്താനും അനുവദിക്കുന്നു. അതായത്, ഭിന്നശേ ഷിക്കാരായ ആളുകളുടെ നിയമനങ്ങൾക്കുവേണ്ടി ഒഴിവുകൾ നീക്കിവച്ചാൽമാത്രം മതി, മറ്റൊഴിവുകളിൽ നിയമിക്കപ്പെട്ടിരി ക്കുന്നവരെ ക്രമീകരിക്കാം എന്നതാണ് എൻ.എസ്.എസ് നെ സംബന്ധിച്ച് സർക്കാരിന്റെ ശരി. എന്നാൽ, ഭിന്നശേഷിക്കാർക്കു വേണ്ടി ഒഴിവുകൾ നീക്കിവയ്ക്കുകയും ലഭിച്ച ഭിന്നശേഷിക്കാരെ നിയമിക്കുകയും ചെയ്തിട്ടും മുഴുവൻ ഭിന്നശേഷിനിയമനങ്ങ ളും പൂർത്തിയായാൽ മാത്രമേ മറ്റൊഴിവുകളിലെ നിയമനം അംഗീകരിക്കാനാവു എന്നതാണ് സർക്കാർ കത്തോലിക്കാ മാനേജ്മെന്റുകളോടു കാണിക്കുന്ന ശരി! എൻ.എസ്.എസ് മാനേജ്മെന്റും സമാനസാഹചര്യമുള്ള മറ്റു സൊസൈറ്റിക ളും എത്രയുംപെട്ടെന്ന് ഭിന്നശേഷി ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സുപ്രീംകോടതി പ്രതീക്ഷിക്കുന്നു.

ഭിന്നശേഷിക്കാരുടെ നിയമനങ്ങളുടെമേലും ഭിന്നശേഷിക്കാര ല്ലാത്തവരുടെ നിയമനങ്ങളുടെമേലും റഗുലറൈസ് ചെയ്യണ്ട നിയമനങ്ങളുടെമേലും സർക്കാർ എത്രയും പെട്ടെന്നും ഫലപ്ര ദമായും തീരുമാനമെടുക്കണമെന്നാണ് പരമോന്നതകോടതി നിർദേശിച്ചത്.

04.03.2025 ന് സുപ്രീം കോടതി എൻ.എസ്.എസിന് അനു കൂലമായി നൽകിയ വിധിക്ക് 17.03.2025 ൽത്തന്നെ സർക്കാർ അനുകൂല ഉത്തരവു നൽകി. മേൽ ഉത്തരവുകളുടെ വെളി ച്ചത്തിൽ കത്തോലിക്കാ മാനേജ്മെന്റ് കൺസോർഷ്യം സർ ക്കാരിനുമുമ്പിൽ എൻ.എസ്.എസിനു നൽകിയതുപോലുള്ള അനുകൂല ഉത്തരവിനുവേണ്ടി അപേക്ഷ സമർപ്പിച്ചു. ഒപ്പം എൻ.എസ്.എസിന് അനുകൂലമായി ലഭിച്ച സുപ്രീം കോടതി വിധിയുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ കത്തോലിക്കാമാനേജ്മെന്റുകളുടെ അപേക്ഷ പരിഗണിക്കണ മെന്ന ഹൈക്കോടതിവിധിയും വാങ്ങിച്ചു. നിർഭാഗ്യവശാൽ നാലുമാസത്തെ കാത്തിരിപ്പിനൊടുവിൽ പ്രതികൂലമായ സർ ക്കാർ ഉത്തരവാണു ലഭിച്ചത്.

കോടതിവിധി വന്ന് രണ്ടാഴ്ചയ്ക്കുള്ളിൽ എൻ.എസ്.എ സിന് അനുകൂല ഉത്തരവ് കൊടുത്ത സർക്കാർ നാലുമാസ ത്തിനൊടുവിൽ ക്രൈസ്തവമാനേജ്മെന്റുകൾക്ക് പ്രതികൂല ഉത്തരവാണു നൽകിയത്! എൻ.എസ്.എസിനു ലഭിച്ച സുപ്രീം കോടതിയുടെയും സർക്കാരിന്റെയും അനുകൂല ഉത്തരവുകളു ടെ വെളിച്ചത്തിൽ ക്രൈസ്തവമാനേജ്മെന്റുകളുടെ പ്രശ്നം പരിഹരിക്കാൻ ആവശ്യപ്പെട്ട ഹൈക്കോടതിനിർദേശത്തിന്റെ മറുപടി സർക്കാർ തന്നപ്പോൾ തീർത്തും പ്രതികൂലമായി.

ഭിന്നശേഷിക്കാരെ നല്കേണ്ടത് ആരാണ്?

കത്തോലിക്കാസ്ഥാപനങ്ങളെ സംബന്ധിച്ച് മാനേജരാണ് നിയമനാധികാരിയെങ്കിലും ഭിന്നശേഷിനിയമനത്തിന്റെ ക്രമീ കരണങ്ങൾ നടത്തുക, ഭിന്നശേഷിക്കാരെ നൽകുക സർക്കാ



രിന്റെ ചുമതലയാണ്. ഭിന്നശേഷിക്കാരെ നൽകുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ചെറുവിവരണം ചുവടെ ചേർക്കുന്നു.

* 2021 മുതൽ ഭിന്നശേഷിസംവരണവുമായി ബന്ധപ്പെട്ട് സർക്കാർ/ വിദ്യാഭ്യാസ വകുപ്പ് ഉത്തരവുകൾ ഇറക്കിത്തുടങ്ങി. അതനുസരിച്ച് ആദ്യഘട്ടത്തിൽ 1996 മുതലുള്ള നിയമനങ്ങളുടെ മൂന്നു ശതമാനവും 2017 മുതൽ നാലു ശതമാനവും കണക്കാക്കി തുടർന്നുവരുന്ന പുതിയ തസ്തികകളിൽ ഭിന്നശേഷിക്കാരെ നിയമിക്കാൻ ആവശ്യപ്പെട്ടു.

2022 ൽ റിസർവേഷൻ റോസ്റ്റർ റൊട്ടേഷൻ അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന് ആവശ്യപ്പെട്ടു.

* 2022 നവംബർമാസത്തിൽ മാനേജർ തയ്യാറാക്കിയ റോസ്റ്റർ വിദ്യാഭ്യാസ ഓഫീസർമാർ വേരിഫൈ ചെയ്യേണ്ടതാണെന്ന് പുതിയ ഉത്തരവുണ്ടായി. (2025 പാതി കഴിഞ്ഞിട്ടും മാനേജർമാർ നൽകിയ ഈ റോസ്റ്റർ വേരിഫിക്കേഷൻ പൂർത്തിയായിട്ടില്ല!)

* 2023 ജനുവരിമാസത്തിൽ മാനേജർ തയ്യാറാക്കിയ റോസ്റ്റർ രജിസ്റ്റർ സമന്വയവഴി തയ്യാറാക്കണമെന്ന് സർക്കാർ ഉത്തരവിട്ടു. കൂടാതെ ഭിന്നശേഷിക്കാരെ ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമം വിശദമാക്കി ഉത്തരവുകളും വന്നു.

* 2024 ആയപ്പോൾ മാനേജർമാർ നേരിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നൽകിവന്നിരുന്ന അപേക്ഷകൾ വിദ്യാഭ്യാസ ഓഫിസു മുഖേന നൽകണമെന്ന് ഉത്തരവു വന്നു. ഈ ഉത്തരവ് ഭിന്നശേഷിനിയമനത്തിന്റെ നടപടിക്രമം അൽപ്പംകൂടി നീണ്ടുപോകാൻ കാരണമായോയെന്നു സംശയമുണ്ട്.

* 2025 ആകുമ്പോൾ ഭിന്നശേഷിവിഭാഗത്തിലുള്ളവരെ നിയമനത്തിനായി തിരഞ്ഞെടുത്ത് ശിപാർശചെയ്യാൻ സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവുവന്നു. 2023 ലെ എസ്.എൽ.പി (95662023) കോടതിവിധിപ്രകാരമാണ്

2025 ലെ ഈ ഉത്തരവ് സംസ്ഥാനസർക്കാർ ഇറക്കിയിരിക്കുന്നത്. അതും 20 മാസങ്ങൾക്കുശേഷം!

2021 മുതൽ 2025 ഓഗസ്റ്റുവരെ സംസ്ഥാനസർക്കാരും വിദ്യാഭ്യാസവകുപ്പും എംപ്ലോയ്മെന്റ് എക്ചേഞ്ചും വിവിധ മാനേജ്മെൻറ് അധികൃതരും നൂറുകണക്കിനു മണിക്കൂറുകൾ ഭിന്നശേഷിനിയമനത്തിനുവേണ്ടി കഠിനമായി അധ്വാനിച്ചു എന്ന് മുകളിൽ ഉദ്ധരിച്ച ഉത്തരവുകളിൽനിന്നു മനസ്സിലാക്കാനാകും. സർക്കാരിന്റെ സദുദ്ദേശ്യത്തെ മാനിക്കുന്നു. ഇത്രയേറെ അധ്വാനം നടത്തിയിട്ടും അനേകം ഉത്തരവുകൾ ഇറക്കിയിട്ടും കാര്യങ്ങളുടെ പൂർത്തീകരണം എങ്ങും എത്തിയിട്ടില്ല. ഭിന്നശേഷിനിയമനം ആരംഭിച്ചിട്ട് നാലു വർഷങ്ങൾ പൂർത്തിയാകുന്നു. നിയമിക്കപ്പെട്ട ഭിന്നശേഷിക്കാർ സുരക്ഷിതരാണ്. അവർക്ക് കൃത്യമായി ശമ്പളവും ഇതര ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിക്കുന്നു. ഇനിയും നിയമിക്കപ്പെടാനായി ഭിന്നശേഷിക്കാർ ഉണ്ടോ എന്ന കാര്യം വ്യക്തമല്ല. കാരണം, മാനേജർമാർ പലതവണ അപേക്ഷകൾ നൽകിയിട്ടും മറുപടി ഇല്ല എന്നാണ്. എന്നാൽ, സ്ഥിരമായി നിയമിക്കപ്പെട്ട ആയിരക്കണക്കിന് ഭിന്നശേഷിക്കാരല്ലാത്ത അധ്യാപകർ തികച്ചും അരക്ഷിതരാണ്. ഈ അരക്ഷിതാവസ്ഥയ്ക്കു പിന്നിൽ സർക്കാരിന്റെ മെല്ലെപ്പോക്കു നയം ഉണ്ടോ എന്നു സംശയിക്കുന്നു. ഭിന്നശേഷിനിയമനം പൂർത്തിയാക്കിയശേഷം മാത്രമേ അല്ലാത്ത നിയമനങ്ങൾ ക്രമീകരിക്കൂ എന്ന സർക്കാരിന്റെ ശാഠ്യവും കഴിഞ്ഞ നാലു വർഷമായി കാര്യങ്ങൾ നീണ്ടുപോകുന്നു എന്ന യാഥാർത്ഥ്യവും ചേർത്തുവായിക്കുമ്പോൾ എയ്ഡഡ് മേഖലയിലെ 2018 മുതൽ നിയമിതരായ അധ്യാപക – അനധ്യാപകവ്യക്തികളോട് സർക്കാർ ബോധപൂർവം നീതിനിഷേധം നടത്തുകയാണ് എന്നു മനസ്സിലാക്കാനാകും.

NB: ദീപികദിനപത്രത്തിൽ 24.08.2026 ന് പ്രസിദ്ധീകരിച്ച ലേഖനം



ലേഖനം

ജില്ലാതല ഡിജിറ്റൽ റോസ്റ്റർ-അപ്പോയിന്റ്മെന്റ് മാനേജ്മെന്റ് സംവിധാനം കാണാപ്പുറങ്ങൾ

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

ലേഖകൻ സീറോ മലബാർ സിനഡൽ കമ്മീഷൻ ഫോർ എജ്യുക്കേഷൻ ചെയർമാനും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമിതിയുടെ രക്ഷാധികാരിയും പാലാ രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി മാനേജരുമാണ്.

കേരളത്തിലെ എയ്ഡഡ്സ്കൂളുകളിലെ ഭിന്നശേഷി സംവരണനിയമനത്തിനുവേണ്ടി ജില്ലാതല ഡിജിറ്റൽ റോസ്റ്റർ - അപ്പോയിന്റ്മെന്റ് മാനേജ്മെന്റ് സംവിധാനം വിഭാവനം ചെയ്യുന്ന പ്രൊപ്പോസൽ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും 1/9/2026 തിയതിക്ക് (ഡി ജി ഇ/15045/2026 എച്ച്2) പുറപ്പെടുവിക്കുകയുണ്ടായി. ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് അവകാശപ്പെട്ട നിയമാനുസൃതമായ സംവരണനിയമനങ്ങൾ ഉറപ്പാക്കുന്ന ഏകീകൃതസംവിധാനം സൃഷ്ടിക്കുക, ഭിന്നശേഷിക്കാരുടെ ഫങ്ഷണൽ സ്യൂട്ടബിലിറ്റി ഉറപ്പാക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. എന്നാൽ, സുപ്രീം കോടതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിനു നല്കിയ ടി പ്രൊപ്പോസൽ റിപ്പോർട്ട് കേരളത്തിലെ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ച് ഗൗരവമായ ആശങ്കകൾ ഉയർത്തുന്നു. ഭിന്നശേഷി സംവരണനിയമനങ്ങളിൽ വിദ്യാലയത്തിനു ഗുണകരമായ ചില വിഷയങ്ങൾ/നിർദേശങ്ങൾകൂടി ഇതിലുണ്ടെങ്കിലും അവ്യക്തതകളും ആശയക്കുഴപ്പങ്ങളും ഒട്ടും കുറവല്ല.

'എയ്ഡഡ് സ്കൂളുകളിലെ എല്ലാ നിയമനങ്ങളും നടത്താൻ വേണ്ടിയുള്ള ഒരു സിസ്റ്റം'

പൊതുവിദ്യാഭ്യാസഡയറക്ടറുടെ റിപ്പോർട്ടിൽ 'ഭാവിയിലെ ഒഴിവുകളുടെ പ്രോസസിങ്' എന്ന തലക്കെട്ടിൽ 9-ാം ഖണ്ഡിക 1 ൽ പറയുന്നു: 'ഭിന്നശേഷിസംവരണം നടത്താൻ വേണ്ടിയുള്ള

ഒരു സിസ്റ്റം എന്നതിലുപരി എയ്ഡഡ്സ്കൂളിലെ എല്ലാ നിയമനങ്ങളും നടത്താൻവേണ്ടിയുള്ള ഒരു സിസ്റ്റമായി ഈ സംവിധാനം വിഭാവനം ചെയ്യേണ്ടതാണ്.' ഈ വാചകം മാനേജരുടെ നിയമനാധികാരം ചോദ്യം ചെയ്യുന്നുണ്ടോ എന്ന ആശങ്കയ്ക്ക് ഇടയാക്കുന്നു. ഭിന്നശേഷിസംവരണം നടത്താൻവേണ്ടിയുള്ള ഒരു സംവിധാനം എന്നതും എയ്ഡഡ് സ്കൂളിലെ എല്ലാ നിയമനങ്ങളും നടത്താൻവേണ്ടിയുള്ള ഒരു സംവിധാനം എന്നതും ഒരേ കാര്യമല്ല. ഈ വരികളിൽ ഒളിഞ്ഞിരിക്കുന്ന ഗൂഢലക്ഷ്യം തിരിച്ചറിയേണ്ടതുണ്ട്. ഭിന്നശേഷിനിയമനമാകട്ടെ, അല്ലാത്ത റഗുലർനിയമനമാകട്ടെ കാലാകാലങ്ങളിൽ സർക്കാർ നിർദേശിക്കുന്ന യോഗ്യതകളനുസരിച്ചു നിയമിക്കാനുള്ള പൂർണ്ണമായ അവകാശം മാനേജരുടെ മാത്രമാണ്.

നിലവിൽ വിഭാവനം ചെയ്യുന്ന ഓട്ടോമേറ്റഡ് സിസ്റ്റം യാഥാർത്ഥ്യമാകുമ്പോൾ ഭിന്നശേഷിനിയമനം ഏതു തസ്തിക, ഏതു സ്കൂളിൽ നല്കണമെന്നത് മാനേജറുടെ അധികാരത്തിൽനിന്നു മാറി പുതിയ ഡിജിറ്റൽ സംവിധാനം (കൈകാര്യം ചെയ്യുന്നവർ) തീരുമാനിക്കും. ഈ പ്രൊപ്പോസലിന്റെ ഉപസംഹാരത്തിൽ ഈ കാര്യം - ബെയ്സ്ഡ് ഡിജിറ്റൽ ഡിസിഷൻ ആൻഡ് മോണിറ്ററിങ് സിസ്റ്റം - ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇതു തീർച്ചയായും മാനേജരുടെ നിയമനാധികാരത്തിന്മേലുള്ള കടന്നുകയറ്റവും വിദ്യാലയങ്ങളുടെ സുഗമമായ നടത്തിപ്പിനു വിഘാതവുമാണ്.

പുതിയ ഡിജിറ്റൽ ഓട്ടോമേയ്റ്റഡ് സംവിധാനം വിഭാവനം ചെയ്യുന്നതനുസരിച്ച് ആറാം പ്രവൃത്തിദിനത്തിൽ/ ഏഴാം പ്രവൃത്തിദിനത്തിൽ നിലവിൽ ജൂലൈ 15 നു നടക്കുന്ന തസ്തിക നിർണ്ണയം നടക്കുമെന്നു കരുതാം. ഇത് സ്കൂൾപ്രവർത്തനങ്ങൾക്കു ഗുണകരമാണ്. ഈ തസ്തികനിർണയത്തിനുശേഷം മാത്രമേ പുതിയ നിയമനങ്ങൾ സാധ്യമാകൂ. മാനേജർ നടത്തുന്ന പുതിയ നിയമനങ്ങളുടെ അടിസ്ഥാനത്തിലാണ് ഭിന്നശേഷി ശതമാനം കണക്കാക്കുന്നത്. മാനേജർ പുതിയ നിയമനങ്ങൾ നടത്തുന്നതിനു മുമ്പേതന്നെ പുതിയ ഡിജിറ്റൽ സംവിധാനം



മാനേജർ നിയമിക്കേണ്ട ഭിന്നശേഷി ഒഴിവുകൾ നിർണ്ണയിക്കുമോ? 'When ever vacancy is made available in samanwaya' എന്ന് ചട്ടത്തിൽ ഭേദഗതി വരുത്തുമ്പോൾ ഓരോ കാറ്റഗറിയിലും ഉണ്ടാകുന്ന ഒഴിവുകളെ സ്വതന്ത്രമായി കണക്കാക്കി ഭിന്നശേഷി സംവരണ പോയിന്റുകൾ നിശ്ചയിക്കുകയും ബാക്കിയുള്ളവ മാനേജർക്ക് General Category നിയമനത്തിനായി വിടുകയും ചെയ്യുന്നതായാണ് മനസ്സിലാക്കുന്നത്.

ഓരോ വിദ്യാലയത്തിന്റെയും സാഹചര്യങ്ങൾ നന്നായി അറിയുന്നതു മാനേജരാണ്. എന്നാൽ, മാനേജരുടെ അറിവില്ലാതെയായിരിക്കുമോ ആ വിദ്യാലയത്തിലേക്ക് ഭിന്നശേഷി സംവരണ പോയിന്റുകൾ നിശ്ചയിക്കുന്നതും നിയമനനിർദേശം നൽകപ്പെടുന്നതും? മാനേജരുടെ നിയമനാധികാരത്തെ മറികടക്കുന്ന ഡിജിറ്റൽസംവിധാനത്തിലൂടെയുള്ള സർക്കാരിന്റെ പദ്ധതികൾ ന്യൂനപക്ഷസ്ഥാപനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾക്കു വിരുദ്ധമാണ്.

മാനേജർ വെറും റബർ മുദ്ര മാത്രമോ?

ഡിജിറ്റൽ ഓട്ടോമേറ്റഡ് സംവിധാനത്തിന്റെ പേരിൽ ന്യൂന പക്ഷ, എയ്ഡഡ് വിദ്യാലയങ്ങളിൽ സർക്കാരിന്റെ ഇത്തരം ഇടപെടലുകൾ മാനേജരുടെ അവകാശങ്ങൾ കവർന്നെടുക്കുന്നു. കൂടാതെ 2025 മുതൽ ഭിന്നശേഷിനിയമനത്തിനു സ്ഥാപിതമായ ജില്ലാതലസമിതികൾ മാനേജരുടെ അധികാരത്തിന്മേലുള്ള കൈകടത്തലിന്റെ മറ്റൊരു ഉദാഹരണമാണ്. ഒരു ഉദ്യോഗാർത്ഥിയെ നിയമിക്കാനുള്ള – ഇന്റർവ്യൂ, സെലക്ഷൻ അവകാശം മാനേജരുടേതാണ്. എന്നാൽ, ജില്ലാതലസമിതി വന്നതോടുകൂടി എയ്ഡഡ്വിദ്യാലയങ്ങളിൽ ഭിന്നശേഷിനിയമനത്തിന്റെ തിരഞ്ഞെടുപ്പ് നടത്തുന്നതു മാനേജരല്ല, പകരം ജില്ലാതലസമിതികളാണ്. ജില്ലാസമിതി നല്കുന്ന വ്യക്തിക്ക് വെറും ഒരു നിയമനക്കത്ത് നല്കുകമാത്രമാണ് മാനേജർ ചെയ്യുന്നത്. ഭിന്നശേഷിനിയമനങ്ങൾ യഥാവിധി നടപ്പാക്കു

ന്നതു നിരീക്ഷിച്ച് ഉറപ്പാക്കുക, മേൽനോട്ടം വഹിക്കുക, പരാതികൾ പരിഹരിക്കുക തുടങ്ങിയവയാണ് ജില്ലാതലസമിതിയുടെ ലക്ഷ്യം. എന്നാൽ, അവ മാനേജരുടെ അവകാശങ്ങൾ കവർന്നെടുക്കുന്നു.

ജില്ലാതല റോസ്റ്റർ എന്തിന്?

നിലവിൽ സ്കൂൾതലത്തിലും മാനേജ്മെന്റ്തലത്തിലും റോസ്റ്റർ ലഭ്യമാണ്. ഓരോ മാനേജ്മെന്റും അവരവരുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ 1996 മുതൽ നടത്തിയിട്ടുള്ള പുതിയ നിയമനങ്ങളുടെ അടിസ്ഥാനത്തിലും ഇനി ഭാവിയിൽ നടത്തുന്ന പുതിയ നിയമനങ്ങളുടെ അടിസ്ഥാനത്തിലുമാണ് ഭിന്നശേഷിസംവരണം നടപ്പാക്കുന്നത്. ഭിന്നശേഷിനിയമനങ്ങൾ നൽകുക എന്നത് അതത് മാനേജർമാരുടെ ഉത്തരവാദിത്വമായിരിക്കെ സ്കൂൾ/മാനേജ്മെന്റ് തല റോസ്റ്ററിനും അപ്പുറം ജില്ലാതല റോസ്റ്റർ എന്തിന് എന്ന ചോദ്യമുയരുന്നു. താഴേത്തട്ടിൽ ഭിന്നശേഷിനിയമനം നടപ്പാക്കുന്നതിനു വേഗം കൂട്ടാനും നിരീക്ഷിക്കാനും എന്നു കരുതാമെങ്കിലും വളരെ കുറച്ചുമാത്രം തസ്തികകളുള്ള മാനേജ്മെന്റുകളെ സഹായിക്കാൻ വേണ്ടിയാണ് ഈ പുതിയ സംവിധാനം എന്ന ന്യായം ഇതിൽ കാണുന്നു. തസ്തിക കുറവുള്ള മാനേജ്മെന്റുകളുടെ സംവരണ ഉത്തരവാദിത്വം കൂടുതൽ തസ്തികകളുള്ള മാനേജ്മെന്റുകൾ (കോർപറേറ്റ് മാനേജ്മെന്റ്) ഏറ്റെടുക്കേണ്ടതുണ്ടോ? പൊതുവെ പ്രൈമറി വിഭാഗത്തിലാണ് കോർപറേറ്റ് മാനേജ്മെന്റുകളിൽ കൂടുതൽ പുതിയ നിയമനങ്ങളും നടന്നിട്ടുള്ളത്. 1996 മുതലുള്ള പുതിയ നിയമനങ്ങൾ സംവരണശതമാനം നിർണ്ണയിക്കാൻ കണക്കിലെടുത്തിട്ടുണ്ട്. ഇക്കഴിഞ്ഞ 30 വർഷത്തിനിടയ്ക്ക് ഒട്ടുമിക്ക കോർപറേറ്റ് മാനേജ്മെന്റുകളിൽ (മധ്യ, തെക്കൻ കേരളത്തിൽ) പകുതിയോളം പ്രൈമറിവിദ്യാലയങ്ങളെങ്കിലും അൺ ഇക്കണോമിക്/മതിയായ എണ്ണം കുട്ടികൾ ഇല്ലാത്തവയായി മാറി. അൺ ഇക്കണോമിക് സ്കൂളിലെ പുതിയ നിയമനങ്ങളുടെ ബാക്ക്ലോഗ് കണക്കാക്കുകയും അതേസമയം



അവിടെ ഭിന്നശേഷിയടക്കമുള്ള പുതിയ നിയമനങ്ങൾ അസാധ്യമാകുകയും ചെയ്യുന്നു. അതായത്, നിലവിലുള്ള ചുരുക്കം ഇക്കണോമിക് ആയ വിദ്യാലയങ്ങളിൽ മാത്രം കഴിഞ്ഞ 30 വർഷത്തെ കണക്കനുസരിച്ചുള്ള ഭിന്നശേഷിനിയമനങ്ങൾ നടത്തേണ്ടിവരുന്നു. പുതിയ പ്രൊപ്പോസൽ പ്രകാരം ഇനി മറ്റു ചെറിയ മാനേജ്മെന്റുകളുടെ ഭാരംകൂടി വലിയ മാനേജ്മെന്റുകൾ ഏറ്റെടുക്കേണ്ടിവന്നാൽ സ്കൂളിൽ ഭിന്നശേഷിക്കാരുടെ എണ്ണം വർദ്ധിക്കും. ഇത് സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കും.

ജില്ലാതല റോസ്റ്റർ ജില്ലാതലത്തിൽ സംവരണക്രമീകരണം മോണിറ്റർ ചെയ്യുന്നതിന് ഉപകാരപ്പെട്ടേക്കാം. എന്നാൽ ജില്ലാതലത്തിൽ സംവരണനിയമനം ഫിക്സ് ചെയ്യാനോ ഒരു മാനേജ്മെന്റ് നൽകേണ്ട നിയമനം മറ്റൊരു മാനേജ്മെന്റിൻ മേൽ അടിച്ചേല്പിക്കാനോ ശ്രമിക്കുന്നത് അന്യായമാണ്. ഇനി മുതൽ നിയമനങ്ങളുടെ അംഗീകാരം/ക്രമീകരിക്കൽ ജില്ലാതലത്തിൽ ആയിരിക്കുമോ എന്നും ഭയപ്പെടുന്നു. ഇതുവരെ സ്കൂൾതലത്തിൽ ഭിന്നശേഷിനിയമനം പൂർത്തിയാക്കിയാൽ ടി സ്കൂളിലെ മറ്റു നിയമനങ്ങൾക്ക് അംഗീകാരവും ക്രമീകരണവും ലഭിച്ചിരുന്നു. ജില്ലാതല റോസ്റ്ററിലേക്കു പ്രാധാന്യം വർദ്ധിക്കുമ്പോൾ കാലതാമസം ഉറപ്പ്. അതുപോലെതന്നെ, ജില്ലാതല റോസ്റ്റർ വിവിധ ജില്ലകളിൽ വിദ്യാലയങ്ങളുള്ള കോർപറേറ്റ് മാനേജ്മെന്റുകളുടെ പ്രവർത്തനങ്ങൾ സങ്കീർണ്ണമാക്കുമെന്ന് മാനേജർമാർ ഭയപ്പെടുന്നു. ഒന്നിലധികം ജില്ലകളിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളെ ഏകോപിപ്പിച്ച് സ്ഥലം മാറ്റം, പ്രൊമോഷൻ, ബൈട്രാൻസ്ഫർ, പുതിയ നിയമനം ഇവ നടത്തേണ്ടതുണ്ട്.

നിലവിലുള്ള സംവിധാനത്തിലെ ആറു പ്രശ്നങ്ങൾ

ഈ പ്രൊപ്പോസലിലെ ആറു പ്രശ്നങ്ങളിൽ രണ്ടെണ്ണം മാത്രമേ പുതിയ ഓട്ടോമേറ്റഡ് ഡിജിറ്റൽസംവിധാനത്തെ

സാധൂകരിക്കുന്നുള്ളൂ. ഇവിടെ പറഞ്ഞിരിക്കുന്ന മൂന്നു പ്രശ്നങ്ങൾ (2,3,4) ഭിന്നശേഷിക്കാരുടെ ഫങ്ഷണൽ സ്യൂട്ട ബിലിറ്റിയുമായി ബന്ധപ്പെട്ടതാണ്. ഈ പ്രശ്നങ്ങളുടെ പരിഹാരം തീർച്ചയായും സ്കൂൾപ്രവർത്തനത്തിന് ഏറെ ഗുണകരമാണ്. ഈ വിഷയത്തിൽ സർക്കാരിന്റെ നിർദേശങ്ങളെ സ്വാഗതം ചെയ്യുന്നു.

പ്രൊപ്പോസലിൽ പറയുന്ന ഒന്നാമത്തെ പ്രശ്നം ചെറിയ മാനേജ്മെന്റുകളുടെ സംവരണ ഒഴിവ് നിർണ്ണയിക്കുമ്പോൾ ചില സാഹചര്യങ്ങളിൽ നൂറുശതമാനം ആകുന്നു എന്നതാണ്. നിയമനറോസ്റ്ററിൽ ഒന്നാമത്തെ നിയമനം ഭിന്നശേഷിക്കു നൽകണം എന്ന വ്യവസ്ഥ കാരണമാണ് ഇതു സംഭവിക്കുന്നത്. ഇതിൽ അപാകതയുണ്ടെങ്കിൽ പുതിയ സംവിധാനം കൊണ്ടുവന്ന് ഭാരം മറ്റു മാനേജ്മെന്റുകളുടെ ചുമലിൽ വയ്ക്കുന്നതിനേക്കാൾ നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തുന്നതല്ലേ കൂടുതൽ ഉചിതം? നിലവിലെ കണക്കനുസരിച്ച് 1600 ലധികം ഭിന്നശേഷിക്കായി നീക്കിവച്ച തസ്തികകൾ ഭിന്നശേഷി ക്കാരെ ലഭിക്കാതെ ഒഴിഞ്ഞുകിടക്കുകയാണ്. ഒന്നാമത്തെ നിയമനത്തിനു പകരം 33/25 -ാമത്തെ നിയമനം നൽകിയാൽ പ്രൊപ്പോസൽ പറയുന്ന ഒന്നാമത്തെ പ്രശ്നം പരിഹരിക്കപ്പെടുമെന്നു കരുതുന്നു. നിലവിൽ ആവശ്യത്തിനു ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ ആർക്കും ബുദ്ധിമുട്ട് ഉണ്ടാകുകയുമില്ല.

എല്ലാ മാനേജ്മെന്റുകളും അവരവരുടെ റോസ്റ്റർ സമർപ്പിച്ചിട്ടില്ലായെന്നതാണ് അടുത്ത പ്രശ്നം. ഭിന്നശേഷിസംവരണം നിലവിൽ സുപ്രീം കോടതിവിധിപ്രകാരമാണ്. സുപ്രീം കോടതിവിധി നാടിന്റെ നിയമമാണ്. അതു പാലിക്കാൻ എല്ലാ സ്കൂൾ മാനേജർമാരും ബാധ്യസ്ഥരാണ്. റോസ്റ്റർ സമർപ്പിക്കാത്ത വിദ്യാലയാധികാരിക്ക് നിയമം നടപ്പാക്കൽ ഉറപ്പാക്കേണ്ട സർക്കാർ സംവിധാനം ഒരു താക്കീത് അയച്ചാൽ ദിവസങ്ങൾ



ക്കകം അതു പൂർത്തിയാകും. പുതിയ ഓട്ടോമേറ്റഡ് ഡിജിറ്റൽ റോസ്റ്റർ സംവിധാനത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

സത്യമായി പറഞ്ഞാൽ ആറാമത്തെ, അവസാനത്തെ പ്രശ്നം മാത്രമേ പുതിയ സംവിധാനത്തെ അല്പമെങ്കിലും ന്യായീകരിക്കുന്നതായി തോന്നുന്നുള്ളൂ. ഭിന്നശേഷിസംവരണവുമായി ബന്ധപ്പെട്ട വിവിധ തലങ്ങളെ ഏകോപിപ്പിക്കുന്ന സുതാര്യമായ ഒരു റോസ്റ്റർ സിസ്റ്റം നല്ലതാണ്. നിലവിലുള്ള റോസ്റ്റർ സംവിധാനവും സുതാര്യമാണ് എന്നു കരുതേണ്ടിയിരിക്കുന്നു. കാരണം സുതാര്യത ഉറപ്പുവരുത്തുവാനായി മാനേജർമാർ പൂർത്തിയാക്കിയ റോസ്റ്റർ പലതലങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ വേരിഫിക്കേഷൻ നടത്തിയിട്ടുള്ളതാണ്.

മറ്റൊരു ചെറിയ നിരീക്ഷണംകൂടി ഇതിനോടു ചേർക്കട്ടെ. ഏകദേശം നാലു വർഷക്കാലത്തെ പ്രവർത്തനങ്ങളുടെ ഫലമാണ് നിലവിലുള്ള റോസ്റ്റർ. അനേകം ഉത്തരവുകൾ, മീറ്റിങ്ങുകൾ, ശില്പ്പശാലകൾ, ചർച്ചകൾ, പരാതികൾ, സാമ്പത്തികച്ചെലവുകൾ, വിലയേറിയ സമയം, ഒക്കെ ഇതിന്റെ പിന്നിലുണ്ട്. ഇനി ഇപ്പോൾ വിഭാവനം ചെയ്യുന്ന പുതിയ ഓട്ടോമേറ്റഡ് ഡിജിറ്റൽ റോസ്റ്റർ സംവിധാനം യാഥാർത്ഥ്യമാകാൻ എത്രനാൾ എടുക്കുമായിരിക്കും? നിലവിലുള്ള സേവനങ്ങളെക്കാൾ അധികമായി നമുക്ക് എന്തു സേവനമാണ് ലഭിക്കുക? കൂടുതൽ പ്രതിസന്ധികളിലേക്കും കാലതാമസത്തിലേക്കും ഈ സംവിധാനം നമ്മെ കൊണ്ടെത്തിക്കുമോ?

* 2021 മുതൽ ഭിന്നശേഷിക്കാർക്കായി നീക്കിവച്ച തസ്തികകളിൽ സേവനം ചെയ്ത ഭിന്നശേഷിക്കാരല്ലാത്ത അധ്യാപകരുടെ സേവനകാലഘട്ടം ഇപ്പോഴും സന്ദിഗ്ധാവസ്ഥയിലാണ്. നിലവിൽ സീനിയർ നിയമനാർത്ഥികളാണെങ്കിലും അവരുടെ പോസ്റ്റ് ഭിന്നശേഷിക്കാർക്കു നല്കിയതുമൂലം സേവനകാലഘട്ടം അംഗീകരിക്കാതിരിക്കുകയും സീനിയോരിറ്റി നഷ്ടമാകുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്.

* ഭിന്നശേഷി ഉദ്യോഗാർത്ഥികൾ നിയമിതരാകുകയും പിന്നീട് പി.എസ്.സി. നിയമനം ലഭിച്ചതിനാൽ ജോലി രാജി വച്ചു പോവുകയും ചെയ്ത ഒഴിവിൽ സേവനം ചെയ്യുന്നവ രുടെ സ്ഥിതി തീർത്തും പ്രതിസന്ധിയിലാണ്. ഒരിക്കൽ ഭിന്ന ശേഷിക്കാർക്കായി നല്കിയ തസ്തിക എന്നേക്കുമായി നല് കപ്പെടേണ്ടതാണോ?

* സമയാസമയങ്ങളിൽ സർക്കാർ നല്കിയ ഉത്തരവുകളനു സരിച്ച് 2023 മുതൽ ഭിന്നശേഷിതസ്തികകൾ മാറ്റിവയ്ക്കുക യും നിയമനങ്ങൾ നടത്തുകയും ആർ. പി. ഡബ്ല്യു. ഡി ആക്ട് (ഭിന്നശേഷി അവകാശനിയമം) പ്രകാരം നടപടി ക്രമം പൂർ ത്തീകരിക്കുകയും ചെയ്ത മാനേജ്മെന്റുകൾ സർക്കാരിന്റെ നീതിക്കായി കാത്തിരിക്കുന്നു.

NB: ദീപികദിനപത്രത്തിൽ 05.10.2026 ന് പ്രസിദ്ധീകരിച്ച ലേഖനം

Collections from Praishes as per Diocesan Order (May to September)

No	Parish	Mass Media	Sabha Dinam	Family Apotolate	KCYM-SMYM	Peters Pence	Justice Sunday	Jesus Fraternity
1	Adivaram	280.00	3412.00	300.00	238.00	250.00	230.00	320.00
2	Adukkam	300.00	2080.00	300.00	300.00	300.00	300.00	300.00
3	Aimkombu	1500.00	3000.00	2500.00	1500.00	2500.00	3000.00	2000.00
4	Alphonsagiri	400.00	2400.00	400.00	400.00	500.00	500.00	400.00
5	Alphonsapuram	500.00	3430.00	500.00	500.00	500.00	500.00	500.00
6	Amparanirappel	950.00	6112.00	900.00	1000.00	1000.00	1975.00	1000.00
7	Anthialam	750.00	3200.00	800.00	1000.00	1000.00	750.00	500.00
8	Anthinad	410.00	10900.00	2665.00	405.00	415.00	1286.00	435.00
9	Arakkulam New	5000.00	10000.00	5000.00	5000.00	8000.00	5000.00	5000.00
10	Arakkulam Old	900.00	3200.00	1100.00	950.00	1300.00	1150.00	950.00
11	Arunapuram	1500.00	5800.00	1500.00	1500.00	4000.00	1500.00	1500.00
12	Arunnoottimangalam	1000.00	7000.00		1000.00	1000.00	2012.00	2118.00
13	Aruvithura	11000.00	27056.00	11400.00	8000.00	20000.00	23000.00	12000.00
14	Ayyampara	500.00	2068.00		500.00	500.00		
15	Bharananganam	3000.00	21276.00	3500.00	3000.00	3000.00	3500.00	3000.00
16	Chakkampuzha	8000.00	6000.00	3000.00	5000.00	5000.00	4000.00	3000.00
17	Chemmalamattam	6900.00	18890.00	7100.00	7550.00	7750.00	7850.00	6450.00

18	Chempilavu	2000.00	3100.00	1500.00	2500.00	2050.00	1500.00	1500.00
19	Chennadu	1000.00	5848.00	1000.00	1000.00	1500.00	1000.00	1000.00
20	Cherpunkal	12000.00	21068.00	16897.00	15437.00	17500.00	15950.00	20780.00
21	Chettuthodu	1420.00	3000.00		1000.00	2000.00	1500.00	2000.00
22	Chittar	1500.00	6000.00	2250.00	1000.00	1500.00	2750.00	2000.00
23	Cholathadam	270.00	1512.00	220.00	220.00	350.00	300.00	270.00
24	Choondacherry	750.00	2500.00	1000.00	1000.00	1000.00	1500.00	3040.00
25	Edadu	300.00	812.00	280.00	340.00	320.00	400.00	380.00
26	Edamaruku	2000.00	6000.00	1500.00	2000.00	3000.00	1500.00	1500.00
27	Edappady	1000.00	4000.00	1100.00	2200.00	1000.00	2310.00	1120.00
28	Elamthottam	500.00	5000.00	500.00	500.00	500.00	500.00	500.00
29	Elanji	4500.00	17900.00	7000.00	5000.00	8500.00	8000.00	5000.00
30	Elappally	475.00	1000.00	550.00	520.00	325.00	460.00	420.00
31	Eravimangalam	750.00	2400.00	950.00	875.00	1315.00	1010.00	850.00
32	Ezhacherry	1500.00	4404.00	2500.00	1500.00	2300.00	2500.00	2500.00
33	Fathimapuram	750.00	2500.00	750.00	8000.00	2000.00	1500.00	1000.00
34	Gagultha (Mattathip-para)	1000.00	2500.00	1050.00	1000.00	1100.00	1000.00	1000.00
35	Geovalley	500.00	4044.00	500.00	800.00	1000.00	1000.00	800.00
36	Idamattom	3400.00	6000.00	3000.00	3000.00	3800.00	3200.00	3600.00

37	Jaigiri	2058.00	4181.00	2059.00	1452.00	1741.00	2183.00	1883.00
38	Jose Mount (Illiary)	605.00	1340.00	675.00	550.00	519.00	507.00	554.00
39	Josegiri	1100.00	2340.00		1100.00	3760.00	1500.00	
40	Kadanad	3000.00	13612.00	3600.00	4000.00	6200.00	2400.00	4200.00
41	Kadaplamattam	3000.00	12068.00	3000.00	3000.00	3000.00	1932.00	2000.00
42	Kaduthuruthy	5000.00	10000.00	5000.00	6000.00	6000.00	4000.00	5000.00
43	Kaippally	500.00	2000.00	500.00	500.00	500.00	500.00	500.00
44	Kakkoor	500.00	6200.00	1500.00	750.00	1000.00	750.00	500.00
45	Kakombu	750.00	2996.00		850.00	800.00	750.00	850.00
46	Kalathookadavu			2500.00			2100.00	2110.00
47	Kalathoor	2964.00	12204.00	2807.00	2481.00	2728.00	2741.00	2675.00
48	Kalikavu	6000.00	5000.00	4928.00	7000.00	10000.00	8072.00	6312.00
49	Kanjiramattam	2000.00	10000.00	4000.00	2000.00	2000.00	10000.00	1500.00
50	Kanjirathanam	3000.00	8500.00	4000.00	3500.00	4000.00	3000.00	2500.00
51	Karimpani	1000.00	4000.00	1000.00	1000.00	1000.00	1000.00	1000.00
52	Karoor	1000.00	6528.00	1500.00	1472.00	1000.00	2000.00	1750.00
53	Kattampak	1300.00	2400.00	1400.00	1400.00	1400.00	1250.00	1300.00
54	Kavaly	450.00	1128.00	450.00	450.00	450.00	450.00	450.00
55	Kaveekunnu	2000.00	5350.00	1500.00	2000.00	3000.00	2000.00	2000.00
56	Kavumkandam	500.00	1700.00		500.00	500.00		

57	Kayyoor	500.00	3700.00	500.00	500.00	500.00	500.00	500.00
58	Keezhoor	800.00	4100.00		800.00	800.00		
59	Kizhaparayar	1700.00	3750.00	1500.00	1900.00	2000.00	1800.00	1900.00
60	Kizhathadiyoor	10698.00	5500.00	8810.00	11762.00	10360.00	9441.00	9524.00
61	Kondadu	350.00	6732.00	300.00	300.00	400.00	350.00	300.00
62	Koodaloor	2000.00	10000.00	4000.00	4000.00	12000.00	4000.00	5000.00
63	Koothattukulam	5000.00	25000.00	7000.00	5000.00	7000.00	15000.00	6000.00
64	Koottikkal		5740.00			5000.00		
65	Kothanalloor	10000.00	16704.00	10000.00		10000.00	8440.00	8250.00
66	Kozhuvanal	10000.00	11404.00	11000.00	13000.00	12000.00	12000.00	10000.00
67	Kudakkachira							
68	Kudayathoor	1250.00	2000.00		1300.00	1750.00	2000.00	1500.00
69	Kulamavu	250.00	2800.00	300.00	500.00	375.00	275.00	500.00
70	Kunnonni	1500.00	5288.00	2000.00	1500.00	2000.00	2000.00	1500.00
71	Kuravilangadu	36292.00	34680.00	32350.00	29630.00	26585.00	34415.00	22030.00
72	Kurichithanam	3400.00	10520.00	3000.00	2500.00	2800.00	2800.00	2600.00
73	Kurinji		5640.00		500.00	500.00	500.00	
74	Kurumannu	1000.00	5092.00	1200.00	1000.00	1000.00	1800.00	1200.00
75	Kuruvinal	1000.00	4252.00	1000.00	1000.00	2000.00	1000.00	1500.00
76	Lalam New	15971.00	6724.00		14535.00	16037.00	16937.00	16870.00

77	Lalam Old	6651.00	16384.00	8000.00	9000.00	6250.00	7030.00	7500.00
78	Lourds Mount	450.00	450.00	520.00	500.00	400.00	500.00	500.00
79	Malapuram	2500.00	4250.00	2300.00	2500.00	2500.00	2000.00	2000.00
80	Malayinchippara	1000.00	6410.00	1000.00	1000.00	1000.00	1000.00	1000.00
81	Mallikassery	2500.00	4500.00		3000.00	3500.00	3500.00	3000.00
82	Manalumkal	1450.00	5300.00	1000.00	1000.00	1600.00	1200.00	1400.00
83	Manathoor	2800.00	8360.00		3200.00	3200.00		
84	Mangalagiri	1000.00	3000.00	1000.00	1000.00	3000.00	1000.00	1000.00
85	Mangalaram	1750.00	5570.00	1500.00	1500.00	1500.00	1500.00	1500.00
86	Maniyamkulam	510.00	3005.00	1181.00	526.00	719.00	920.00	995.00
87	Maniyamkunnu	1100.00	5600.00	1200.00	1000.00	1400.00	1300.00	1200.00
88	Manjamattam	1218.00	2326.00	1260.00	1414.00	1226.00	1264.00	1212.00
89	Mannakanad	1500.00	5940.00	2000.00	1500.00	2500.00	1500.00	1500.00
90	Mannar	5000.00	6000.00	5000.00	5000.00	3000.00	3000.00	5000.00
91	Mannarappara	5000.00	16000.00	5750.00	5000.00	6000.00	6000.00	5750.00
92	Manvettom	2000.00	15000.00		2000.00	5000.00	2500.00	2000.00
93	Marangattupally	2200.00	8651.00	4370.00	3419.00	5129.00	5613.00	6098.00
94	Marangoly	3580.00	7500.00	3820.00	4565.00	4280.00	4300.00	4250.00
95	Maryland	3750.00	4840.00	3100.00	2950.00	3800.00	3130.00	4345.00
96	Mattakkara		5660.00					

97	Mavady	500.00	2860.00		500.00	600.00	600.00	500.00
98	Meenachil	1000.00	7684.00	1000.00	1500.00	2000.00	1500.00	1500.00
99	Melukavumattom	1500.00	8040.00	1500.00	1500.00	2500.00	1000.00	1000.00
100	Mevada	1000.00	3000.00	1000.00	1000.00	2500.00	1000.00	1000.00
101	Monippally	3614.00	4358.00	7188.00	4037.00	5749.00	5190.00	3129.00
102	Moolamattom	10000.00	14000.00	16900.00	16000.00	18000.00	16600.00	14820.00
103	Moonnani	500.00	2350.00	500.00	750.00	750.00	1500.00	500.00
104	Moonnilavu	2300.00	6716.00		2200.00	2250.00	2500.00	2000.00
105	Moozhoor	750.00	2750.00	800.00	750.00	750.00	700.00	700.00
106	Mulakulam	1100.00	5472.00	900.00	800.00	950.00	900.00	850.00
107	Mundankal	2000.00	8000.00	2500.00	5000.00	2500.00	2500.00	2000.00
108	Mutholapuram	5624.00	11828.00	6936.00	5705.00	6936.00	5985.00	5861.00
109	Mutholy	4500.00	5193.00	6166.00	4450.00	5886.00	6983.00	5991.00
110	Muttuchira	3014.00	28888.00	3012.00	4415.00	15437.00	15583.00	3004.00
111	Nambiakulam	1000.00	2000.00	1500.00	1000.00	1000.00	1000.00	1000.00
112	Narianganam	500.00	3484.00	500.00	500.00	500.00	500.00	500.00
113	Neeloor	2000.00	5000.00	2000.00	2000.00	3000.00	2000.00	2000.00
114	Neeranthanam	4200.00	5440.00	4000.00	4000.00	4500.00	4000.00	4500.00
115	Nellappara	485.00	1280.00	500.00	490.00	150.00	400.00	430.00
116	Nelliyani	750.00	2720.00	1500.00	1500.00	500.00	500.00	500.00

117	Paduva	1570.00	3000.00	1922.00	1753.00	1602.00	1570.00	1178.00
118	Paika	1000.00	4000.00	2000.00	1000.00	2500.00	1000.00	1000.00
119	Paingulam	260.00	3890.00	375.00	225.00	275.00	300.00	350.00
120	Pala Cathedral	34973.00	27000.00	43485.00	34058.00	36210.00	41200.00	36311.00
121	Palakad	200.00	3400.00	250.00	200.00	300.00	250.00	250.00
122	Palakattumala	1000.00	3580.00	1200.00	1200.00	1000.00	1200.00	1000.00
123	Palayam	900.00	5244.00	900.00	900.00	900.00	900.00	900.00
124	Parathanam	1200.00	6656.00	1100.00	1100.00	1100.00	1200.00	1100.00
125	Payyanithottam	400.00	3600.00	400.00	400.00	400.00	400.00	400.00
126	Periappuram	1200.00	4000.00	1000.00	1000.00	2000.00	1500.00	1000.00
127	Peringulam	1000.00	7500.00	2000.00	800.00	900.00	1200.00	800.00
128	Perumthuruth	300.00	2000.00		300.00	300.00	300.00	300.00
129	Piravom	1000.00	5540.00	1000.00	1000.00	1000.00	1000.00	1000.00
130	Piusmount	500.00	4656.00	500.00	400.00	500.00	600.00	700.00
131	Pizhaku (Urumpukavu)	1000.00	4000.00	1000.00	1000.00	1000.00	1000.00	1000.00
132	Plassanal	2000.00	10600.00	2500.00	3000.00	2500.00	5000.00	2500.00
133	Poonjar	3000.00	13176.00		2500.00	6000.00	6000.00	3000.00
134	Poovakkulam	500.00	2300.00	500.00	500.00	500.00	500.00	500.00
135	Poovarany	2100.00	14708.00	3600.00	2800.00	2100.00	2020.00	2010.00
136	Poovathod	1300.00	5000.00	700.00	1400.00	1600.00	1600.00	1100.00

137	Poozhikkol	500.00	5500.00	500.00	2500.00	1000.00	3000.00	2000.00
138	Pravithanam	6800.00	16800.00	5870.00	4300.00	2800.00	5300.00	6260.00
139	Ramapuram	7000.00	31000.00	8150.00	7000.00	7000.00	7350.00	7650.00
140	Retnagiri	6000.00	14000.00	8200.00	7500.00	7000.00	9450.00	5000.00
141	Santhigiri	400.00	2850.00	350.00	400.00	400.00	400.00	450.00
142	Santhipuram	500.00	4272.00	1000.00	1000.00	500.00	500.00	500.00
143	Sibigiri (Muttom)	5000.00	7278.00	3000.00	4000.00	4000.00	4000.00	2000.00
144	Sleevapuram	600.00	5000.00		600.00	700.00		
145	Teekoy	3000.00	14244.00	3000.00	2000.00	10000.00	2500.00	2000.00
146	Thakidi							
147	Thidanadu	3000.00	13500.00	3000.00	2500.00	4000.00	2500.00	2500.00
148	Thirumarady	500.00	1640.00	600.00	600.00	600.00	1500.00	700.00
149	Thodanal	3106.00	4660.00	2724.00	2720.00	3267.00	3118.00	2073.00
150	Thudanganad	3655.00	8228.00	3911.00	4055.00	3425.00	3734.00	4180.00
151	Thuruthippally	2000.00	5995.00	2000.00	2000.00	2000.00	2000.00	2000.00
152	Udayagiri	2000.00	4024.00	2100.00		2100.00	2200.00	2000.00
153	Ullanad	500.00	6000.00	3000.00	500.00	3000.00	2000.00	2000.00
154	Urulikunnam	1000.00	4288.00	1100.00	1050.00	1000.00	1150.00	1000.00
155	Vadakara	2200.00	9840.00	2100.00	2100.00	2000.00	2300.00	2200.00
156	Vagamon	380.00	2528.00	340.00	360.00	520.00	360.00	330.00

157	Vakakkad	2500.00	4212.00	2200.00	1900.00	3250.00	2500.00	2000.00
158	Vakkad	700.00	1300.00	800.00	800.00	800.00	1100.00	1000.00
159	Valachira	1200.00	4000.00	1200.00	1200.00	1500.00	1500.00	1200.00
160	Valavoor	1600.00	6300.00	1500.00	1300.00	1800.00	1500.00	1200.00
161	Varianikkad	400.00	2252.00	500.00	600.00	500.00	500.00	600.00
162	Vayala	3200.00	8400.00	3200.00	3219.00	3800.00	3070.00	3380.00
163	Vedagiri	500.00	5000.00		500.00	500.00	500.00	500.00
164	Velanilam	500.00	5000.00	500.00	500.00	500.00	500.00	500.00
165	Velliamattom	3000.00	5758.00	4000.00	3500.00	4500.00	4500.00	3000.00
166	Vellikulam	2000.00	2500.00	2200.00	2000.00	2000.00	1500.00	1500.00
167	Vezhanganam	200.00	2320.00	200.00	200.00	200.00	200.00	200.00
168	Vilakkumadom	1500.00	9000.00		1500.00	1500.00	1750.00	1750.00
169	Vimalagiri (Chakkikkavu)	200.00	1600.00	200.00	250.00	250.00	200.00	200.00
170	Xavierpuram	590.00	5500.00		610.00	4200.00	6300.00	2760.00
171	Yenthayar	6000.00	10400.00		6000.00	10000.00		
172	Kalloorkulam Chapel							
173	Valakattukunnu Chapel		1400.00		700.00		450.00	880.00



മാർ സ്ലീവാ മെഡിസിറ്റി, പാലാ

മാർ സ്ലീവാ മെഡിസിറ്റിയിൽ ലോക ഹൃദയദിനാഘോഷം സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയിൽ ലോക ഹൃദയദിനാഘോഷം നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ. ഫാ. മാത്യു തെക്കേൽ ഉദ്ഘാടനം ചെയ്തു. കാർഡിയാക് സയൻസസ് വിഭാഗം മേധാവി ഡോ. രാംദാസ് നായിക് ഹൃദയദിനസന്ദേശം നൽകി. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, കാർഡിയാക് സയൻസസ് വിഭാഗം സീനിയർ കൺസൾട്ടന്റ് പ്രഫ.ഡോ. രാജു ജോർജ്, കാർഡിയോ തൊറാസിക് ആൻഡ് വാസ്കുലർ സർജറിവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. കൃഷ്ണൻ സി, മെഡിക്കൽ സൂപ്രണ്ട് ഡോ. നിതീഷ് പി.എൻ തുടങ്ങിയവർ പ്രസംഗിച്ചു. കാർഡിയാക് സയൻസസ് വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ.ബിബി ചാക്കോ ഒളരി, ഡോ. രാജീവ് എബ്രഹാം, അസോസിയേറ്റ് ഡയറക്ടർമാരായ റവ. ഫാ. ജോസ് കീരഞ്ചിറ, റവ. ഡോ. ജോസഫ് കരികുളം, റവ. ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, റവ. ഡോ. മാത്യു ചേന്നാട്ട്, റവ. ഫാ. മാത്യു തുരുത്തിപ്പള്ളിൽ തുടങ്ങിയവർ പങ്കെടുത്തു. ഹൃദയാരോഗ്യത്തിന്റെ സന്ദേശവുമായി സ്റ്റെപ്പ് അപ്പ് ചലഞ്ചും ആശുപത്രിയിൽ സംഘടിപ്പിച്ചു. മൂന്നു മണിക്കൂറിനുള്ളിൽ ഏറ്റവും കൂടുതൽ നടന്നവരെ കണ്ടെത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. ലോകഹൃദയദിനാഘോഷത്തിന്റെ ഭാഗമായി സെന്റ് തോമസ് കോളജ് അക്കാട്ടിക് സെന്ററുമായി സഹകരിച്ചു സിമ്മത്തോൺ നീന്തൽ റിലേ മത്സരവും സംഘടിപ്പിച്ചിരുന്നു.



മാർ സ്ലീവാ മെഡിസിറ്റിയിൽ ലോക മാനസികാരോഗ്യദിനം ആചരിച്ചു

ലോക മാനസികാരോഗ്യദിനം മാർ സ്ലീവാ മെഡിസിറ്റിയിൽ ആചരിച്ചു. വേൾഡ് ഫെഡറേഷൻ ഫോർ മെന്റൽ ഹെൽത്ത്, നാഷണൽ അലയൻസ് ഫോർ മെന്റൽ ഹെൽത്ത് ഇന്ത്യ എന്നിവയുമായി സഹകരിച്ചായിരുന്നു പരിപാടി. കോട്ടയം ഗവ. മെഡിക്കൽ കോളജ് പ്രിൻസിപ്പൽ പ്രഫ. ഡോ. വർഗീസ് പുന്നൂസ് ഉദ്ഘാടനം നിർവഹിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ. റവ.ഫാ. മാത്യു തെക്കേൽ അധ്യക്ഷത വഹിച്ചു. വേൾഡ് ഫെഡറേഷൻ ഫോർ മെന്റൽ ഹെൽത്ത് വൈസ് പ്രസിഡന്റും സൈക്യാട്രി വിഭാഗം സീനിയർ കൺസൾട്ടന്റുമായ പ്രഫ. ഡോ. റോയി എബ്രഹാം കള്ളിവയലിൽ മുഖ്യപ്രഭാഷണം നടത്തി. മാനസികരോഗ്യസംരക്ഷണത്തിനായി സമൂഹത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾക്കു പാലാ മരിയസദനം ഡയറക്ടർ ആൻഡ് ഫൗണ്ടർ സന്തോഷ് ജോസഫിനെ ചടങ്ങിൽ ആദരിച്ചു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, സൈക്യാട്രി വിഭാഗം കൺസൾട്ടന്റ് ആൻഡ് കോർഡിനേറ്റർ ഡോ. ടിജോ ഐവാൻ ജോൺ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സിസ്റ്റർ ജൂലി എലിസബത്ത് എന്നിവർ പ്രസംഗിച്ചു.

സങ്കീർണ്ണമായ റീ-ഡു ബ്രെയിൻ ട്യൂമർ ശസ്ത്രക്രിയയിലൂടെ മാർ സ്ലീവാ മെഡിസിറ്റിയിൽ കണ്ണൂർ സ്വദേശിനിക്കു പുനർജന്മം

സങ്കീർണ്ണമായ റീ-ഡു ബ്രെയിൻ ട്യൂമർ ശസ്ത്രക്രിയ അത്യാധുനിക ന്യൂറോ നാവിഗേഷൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ മാർ സ്ലീവാ മെഡിസിറ്റിയിൽ വിജയകരമായി പൂർത്തിയാക്കിയ കണ്ണൂർ സ്വദേശിനിയായ വീട്ടമ്മയ്ക്കു പുനർജന്മം. ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം മേധാവി ഡോ.സരീഷ് കുമാർ എം. കെയുടെ നേതൃത്വത്തിലാണ് യുവതിയായ വീട്ടമ്മയ്ക്കു രണ്ടു ഘട്ടങ്ങളിലായി തലച്ചോറിലെ സങ്കീർണ്ണമായ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കിയത്. നേരത്തേ മംഗലാപുരത്തെ സ്വകാര്യ ആശുപത്രിയിൽ രണ്ടു തവണ ശസ്ത്രക്രിയയ്ക്കു വിധേയയായിട്ടും വീണ്ടും അതിവേഗം വളർന്ന സി. പി ആംഗിൾ ട്യൂമർ അഥവാ തലച്ചോറിന്റെ പുറകിൽ കേൾവിയുടെ നാഡിയിൽ വളർന്നുവന്ന വലിയ മുഴയാണ് മൂന്നാമതു നടത്തിയ സങ്കീർണ ശസ്ത്രക്രിയയിലൂടെ പൂർണ്ണമായി നീക്കം ചെയ്യാൻ സാധിച്ചത്.

തുടർച്ചയായ ട്യൂമർ വളർച്ചയെത്തുടർന്നു തലച്ചോറിൽ അമിതമായി ദ്രാവകം കെട്ടിക്കിടക്കുന്ന അവസ്ഥയും, കഠിനമായ തലവേദനയും, നടക്കുമ്പോൾ ശരീരത്തിന്റെ ബാലൻസ് നഷ്ടപ്പെടുന്ന അവസ്ഥയുമാണ്

യുവതി മാർ സ്ലീവാ മെഡിസിറ്റിയിൽ ചികിത്സ തേടിയെത്തിയത്. മുമ്പ് രണ്ടു തവണ ശസ്ത്രക്രിയ കഴിഞ്ഞതിനാൽ വീണ്ടും ശസ്ത്രക്രിയ നടത്തുന്നത് അപകടസാധ്യതയുള്ളതായിരുന്നു. ഇതേത്തുടർന്നാണ് ഡോ. സരീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ മെഡിക്കൽ സംഘം രണ്ട് ഘട്ടങ്ങളിലായി സർജറി നടത്താൻ തീരുമാനിച്ചത്. ആദ്യഘട്ടത്തിൽ തലച്ചോറിലെ അമിതസമ്മർദം കുറയ്ക്കുന്നതിനായി വി.പി ഷണ്ട് സർജറി വിജയകരമായി പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ അത്യാധുനിക ന്യൂറോ നാവിഗേഷൻസംവിധാനങ്ങളുടെ സഹായത്തോടെ കൃത്യത ഉറപ്പാക്കി, റിട്രോ മാസ്റ്റയ്ഡ് സബ് ഓക്സിപിറ്റൽ ക്രാനിയോട്ടമി വഴി അതീവസങ്കീർണ്ണമായ ട്യൂമർ പൂർണ്ണമായും വിജയകരമായി നീക്കം ചെയ്തു. തലച്ചോറിലെ പ്രധാനനാഡികൾക്കു യാതൊരുവിധ കേടുപാടുകളും വരുത്താതെ ട്യൂമർ നീക്കം ചെയ്യാൻ ന്യൂറോ നാവിഗേഷൻ സാങ്കേതിക വിദ്യ സഹായിച്ചു. അനസ്തേഷ്യോളജി ആൻഡ് പെരിഓപ്പറേറ്റീവ് വിഭാഗം മേധാവി ഡോ. മഞ്ജിത് ജോർജും ശസ്ത്രക്രിയയുടെ ഭാഗമായി. ശസ്ത്രക്രിയയ്ക്കുശേഷം യാതൊരുവിധ ആരോഗ്യപ്രശ്നങ്ങളുമില്ലാതെ പൂർണസുരക്ഷിതയായി സുഖം പ്രാപിച്ച രോഗി ആശുപത്രി വിട്ടു. അസാധ്യമായ മെഡിക്കൽ വെല്ലുവിളികളെപ്പോലും അത്യാധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിജീവിച്ച് രോഗിയെ ജീവിതത്തിലേക്കു തിരിയെക്കൊണ്ടുവരാൻ കഴിഞ്ഞത് മാർ സ്ലീവാ മെഡിസിറ്റിയിലെ ന്യൂറോ സർജറി വിഭാഗത്തിന്റെ മികച്ച നേട്ടമായി.

രക്തദാനം നടത്തിയ ജീവനക്കാർക്ക്
മാർ സ്ലീവാ മെഡിസിറ്റിയിൽ ആദരവ്

ലോക വോളണ്ടറി രക്തദാനദിനാചരണത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയിൽ പതിവായി രക്തദാനം ചെയ്യുന്ന ജീവനക്കാർക്ക് ആദരവ് നൽകി. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി .ഇ. ഒ.റവ. ഫാ.മാത്യു തെക്കേൽ അധ്യക്ഷത വഹിച്ചു. പാലാ ഡിവൈഎസ്പി ടി. എം. വർഗീസ് സമ്മേളനം ഉദ്ഘാടനവും ആദരവും നിർവഹിച്ചു. രക്തദാനം ചെയ്യാൻ സന്നദ്ധരായ ജീവനക്കാരെ ഉൾപ്പെടുത്തി എം.എസ്.എം ബ്ലഡ് ഡോണേഴ്സ് സോൺ എന്ന വാട്സ്അപ്ഗ്രൂപ്പിന്റെ ലോഞ്ചിങ്ങും നടത്തി. കൃത്യമായ ഇടവേളകളിൽ 5 തവണയിൽ കൂടുതൽ രക്തം ദാനം ചെയ്ത ആശുപത്രിയിലെ ജീവനക്കാരെയാണ് അനുമോദിച്ചത്. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർകോമഡോർ ഡോ. പോളിൻ ബാബു സന്ദേശം നൽകി. പബ്ലിക് റിലേഷൻസ് സീനിയർ മാനേജർ ജീസ്മോൻ ബേബി, ഹ്യൂമൻ റിസോഴ്സസ് അസി. മാനേജർ മാഗി മാത്യു എന്നിവർ പ്രസംഗിച്ചു.

ലോക അനസ്തേഷ്യ ദിനാചരണം സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ലോക അനസ്തേഷ്യ ദിനാചരണം സംഘടിപ്പിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ. റവ.ഫാ.മാത്യു തെക്കേൽ സന്ദേശം നൽകി. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ.പോളിൻ ബാബു, അനസ്തേഷ്യോളജി ആൻഡ് പെരിഓപ്പറേറ്റീവ് വിഭാഗം മേധാവി ഡോ. മഞ്ജിത്ത് ജോർജ്, സീനിയർ കൺസൾട്ടന്റ് ഡോ.എബി ജോൺ എന്നിവർ പ്രസംഗിച്ചു.

ഫിസിഷ്യൻ അസിസ്റ്റന്റ് ആഴ്ച ആചരണം സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഫിസിഷ്യൻ അസിസ്റ്റന്റ് ദിനാചരണം സംഘടിപ്പിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ.നിതീഷ് പി.എൻ അധ്യക്ഷത വഹിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ. റവ.ഫാ. മാത്യു തെക്കേൽ ഉദ്ഘാടനം നിർവഹിച്ചു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു സന്ദേശം നൽകി. ജനറൽ സർജറി വിഭാഗം മേധാവി ഡോ.ജിബിൻ തോമസ്, യൂറോളജി വിഭാഗം മേധാവി ഡോ. വിജയ് രാധാകൃഷ്ണൻ, ഫിസിഷ്യൻ അസിസ്റ്റന്റുമാരായ സ്നേഹ സജീവ്, നന്ദന വിജയ് എന്നിവർ പ്രസംഗിച്ചു.

പൊലീസിന്റെ നേതൃത്വത്തിൽ മാർ സ്ലീവാ മെഡിസിറ്റിയിൽ മെഗാ രക്തദാനം നടത്തി.

കേരള പൊലീസ് സ്മൃതിദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തു നടപ്പാക്കുന്ന സംരക്ഷ -2026 പദ്ധതിയുടെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ചു മെഗാ രക്തദാന ക്യാമ്പ് നടത്തി. പാലാ സബ് ഡിവിഷിനിലെ വിവിധ പൊലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർ രക്തം ദാനം ചെയ്തു.

ഓങ്കോ ഇംപാക്ട് ദേശീയ സെമിനാർ മാർ സ്ലീവാ മെഡിസിറ്റിയിൽ നടന്നു.

മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ നേതൃത്വത്തിൽ ഓങ്കോ ഇംപാക്ട് - 2026 ദേശീയസെമിനാർ നടത്തി. കാൻസർ പരിചരണരംഗത്തെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ പങ്കുവയ്ക്കാനും ക്ലിനിക്കൽ അനുഭവങ്ങൾ ചർച്ച ചെയ്യാനും സെമിനാർ പ്രയോജനപ്പെട്ടു. കാർ- ടി-സെൽ തെറാപ്പി, റോബോട്ടിക് സർജിക്കൽ ഓങ്കോളജി, തെറാനോസ്റ്റിക്സ്, റേഡിയേഷൻ ഓങ്കോളജി, ബ്രെസ്റ്റ് സർജറി, പ്രോസ്റ്റേറ്റ് ക്യാൻസറിനുള്ള അത്യാധുനിക ചികിത്സാരീതികൾ എന്നിവയെക്കുറിച്ചുള്ള വിദഗ്ധസെഷനുകളും പ്രാരംഭഘട്ടത്തിലുള്ള സ്തനാർബുദത്തെ

ക്കുറിച്ചും ചർച്ചകൾ നടന്നു. വിവിധ സംസ്ഥാനങ്ങളിലെ പ്രമുഖ കാൻസർചികിത്സാകേന്ദ്രങ്ങളിലെ കാൻസർചികിത്സാവിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി. ഇ. ഒ റവ. ഫാ. മാത്യു തെക്കേൽ ഉദ്ഘാടനം ചെയ്തു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർകോമഡോർ ഡോ. പോളിൻ ബാബു, ഓങ്കോസയൻസസ് വിഭാഗം മേധാവി ഡോ. റോണി ബെൻസൺ, റേഡിയേഷൻ ഓങ്കോളജി വിഭാഗം മേധാവി ഡോ. ആന്റോ ബേബി എന്നിവർ പ്രസംഗിച്ചു.

ഡി.സി.എം.എസ് അംഗങ്ങൾക്കു പ്രിവിലേജ് കാർഡ് പദ്ധതി ആരംഭിച്ചു

പാലാ രൂപത ഡി.സി.എം.എസ് അംഗങ്ങൾക്കായി മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രിവിലേജ് കാർഡ് പദ്ധതി ആരംഭിച്ചു. രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളിയിൽ നടന്ന ചടങ്ങിൽ പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രിവിലേജ് കാർഡിന്റെ വിതരണ ഉദ്ഘാടനം നിർവഹിച്ചു.

സൗജന്യ രക്തദാനക്യാമ്പുകൾ സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കിടങ്ങൂർ എൻ. എസ്.എസ്.എച്ച്.എസ്.എസ്, പീരുമേട് മാർ ബസേലിയോസ് എൻജിനീയറിങ് കോളജ്, കാളകെട്ടി അച്ചാമ്മ മെമ്മോറിയൽ എച്ച്.എസ്.എസ് എന്നിവിടങ്ങളിൽ സൗജന്യ രക്തദാനക്യാമ്പുകൾ സംഘടിപ്പിച്ചു.

സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വിവിധ പള്ളികൾ, സംഘടനകൾ എന്നിവയുമായി സഹകരിച്ചു മെഡിക്കൽ ക്യാമ്പുകൾ നടത്തി. ഉരുളികുന്നം സെന്റ് ജോർജ് പള്ളി, കടുത്തുരുത്തി ഐ.എച്ച്. ആർ. ഡിയുമായി സഹകരിച്ചു ഞീഴൂർ പഞ്ചായത്ത് കമ്യൂണിറ്റി ഹാൾ, വൈക്കം എസ്.എൻ.ഡി.പി, മുട്ടുചിറ ഹോളി ഗോസ്റ്റ് ഫൊറോന ചർച്ച് എന്നിവിടങ്ങളിലും കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി ഇടുക്കി മുരിക്കാശ്ശേരി പാവനാത്മാകോളജിലും മെഡിക്കൽ ക്യാമ്പുകൾ നടത്തി. മുതിർന്ന പൗരന്മാരുടെ രാജ്യാന്തരദിനാചരണത്തിന്റെ ഭാഗമായി തൃപ്പൂണിത്തുറയിൽ വച്ച് ഫെഡറേഷൻസ് ഓഫ് സീനിയർ സിറ്റിസൺ സംഘടപ്പിച്ച സംസ്ഥാനസമ്മേളനത്തിലും മെഡിക്കൽ ക്യാമ്പ് ക്രമീകരിച്ചു. ജെറിയാട്രിക് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ലിഡിയ ജേക്കബ് നേതൃത്വം നൽകി. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജിലെ നവാഗതരായ കുട്ടികൾക്കുവേണ്ടിയും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.



സൗജന്യ ഓൺലൈൻ മെഡിടോക്ക് പരിപാടി സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പ്രവാസി അപ്പോസ് തലേറ്റുമായി സഹകരിച്ചു സൗജന്യ ഓൺലൈൻ മെഡിടോക്ക് പരിപാടി സംഘടിപ്പിച്ചു. വിവിധ രാജ്യങ്ങളിൽനിന്നുള്ളവർ പങ്കെടുത്തു. ഓങ്കോ സയൻസസ് വിഭാഗം മേധാവി ഡോ. റോണി ബെൻസൺ ക്ലാസ്സിനു നേ തൃത്വം നൽകി.

സൗജന്യ എ.ഐ. തെർമലാറ്റിക്സ് മാമോഗ്രാം ക്യാമ്പ് സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റി ഓങ്കോളജിവിഭാഗത്തിന്റെ നേതൃത്വ ത്തിൽ കുമരകം താജ് ഹോട്ടലിലെ ജീവനക്കാർക്കുവേണ്ടി സൗജന്യ എ. ഐ.തെർമലാറ്റിക്സ് മാമോഗ്രാം പരിശോധനക്യാമ്പ് സംഘടിപ്പിച്ചു.

സൗജന്യ വൈദ്യസഹായം ക്രമീകരിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലായിൽ നടന്ന കോട്ടയം ജില്ലാ റോളർ സ്കേറ്റിങ് ചാമ്പ്യൻഷിപ്പിനു സൗജന്യ വൈദ്യസ ഹായം ക്രമീകരിച്ചു നൽകി. കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി ബേക്കേഴ്സ് അസോസിയേൻ കോട്ടയം ജില്ലാ സമ്മേളനത്തിനു സൗജന്യ വൈദ്യസഹായം ക്രമീകരിച്ചു.

കോട്ടയം ലുലുമാളിൽ ലോകഹൃദയദിനാഘോഷം സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ കോർപറേറ്റ് റിലേഷൻസ് പ്രവർത്ത നങ്ങളുടെ ഭാഗമായി കോട്ടയം ലുലുമാളിൽ ലോക ഹൃദയദിനാഘോഷം നടത്തി. പൊതുജനങ്ങൾക്കായി വിവിധ ബോധവൽക്കരണ പരിപാടിക ളും മത്സരങ്ങളും, സൗജന്യ ചെക്കപ്പുകളും സംഘടിപ്പിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ റവ. ഫാ. മാത്യു തെക്കേൽ, ബ്രാൻഡിങ് ആൻഡ് ഹെൽത്ത് കെയർ പ്രമോഷൻസ് അസോ.ഡയറക്ടർ റവ. ഫാ. മാത്യു തു രുത്തിപ്പള്ളിൽ, കാർഡിയോളജിവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് എബ്രഹാം, ലുലുമാൾ കോട്ടയം ജനറൽ മാനേജർ നിഖിൻ ജോ സഫ് എന്നിവർ പ്രസംഗിച്ചു.

സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാമ്പാടി ക്രോ സ്റോഡ്സ് എച്ച്.എസ്.എസ്, മാന്നാനം സെന്റ് എംഫ്രേസ് എച്ച്.എസ്. എസ്. എന്നിവിടങ്ങളിലും കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളു ടെ ഭാഗമായി മുത്തോലി പഞ്ചായത്തിലെ ആശാവർക്കർമാർക്കു വേണ്ടി യും പെരുവന്താനം സെന്റ് ആന്റണീസ് കോളജിലും സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നടത്തി.

സൗജന്യ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വിവിധ സംഘടനകളുമായി സഹകരിച്ചു സൗജന്യ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു. പള്ളിക്കത്തോട് അരവിന്ദവിദ്യാമന്ദിരം സീനിയർ സെക്കൻഡറി സ്കൂളിൽ നടന്ന ക്ലാസ്സിനു കമ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗം സ്പെഷ്യലിസ്റ്റ് ഡോ. കെലീറ്റ ജോർജ്, പാലാ ഗവ. എച്ച്. എസ്. എസിൽ അധ്യാപകർക്കായി നടത്തിയ ക്ലാസ്സിനു സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ഏയ്ഞ്ചൽ തോമസ് , കൊഴുവനാൽ സെന്റ് ജോൺസ് നെപുംസ്യാൻസ് എച്ച്.എസ്.എസിലും, കിടങ്ങൂർ സെന്റ് മേരീസ് എച്ച്.എസ്.എസിലും നടത്തിയ ക്ലാസ്സുകൾക്കു ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സിസ്റ്റർ ജൂലി എലിസബത്ത്, തൊടുപുഴ ന്യൂമാൻ കോളജിൽ നടത്തിയ കാൻസർ ബോധവൽക്കരണ ക്ലാസ്സിനു ഓങ്കോളജിസ്റ്റ് ഡോ. എൽന അന്ന ജേക്കബും നേതൃത്വം നൽകി.

ചുമതലയേറ്റു

മാർ സ്ലീവാ മെഡിസിറ്റി മെഡിക്കൽ ഓങ്കോളജി ആൻഡ് ഹെമറ്റോ ഓങ്കോളജി വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ. ഷെബിൻ ജോർജ് ചുമതലയേറ്റു.

ഫാ. മാത്യു തെക്കേൽ
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

അൽഫോൻസാ തീർത്ഥാടനകേന്ദ്രം

കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ

മാർ കുര്യൻ വലിയകണ്ടത്തിൽ (ഭാഗൽപൂർ രൂപത - ബീഹാർ)

മാർ തോമസ് തിരുതാളിൽ (ബിഷപ് എമിരിറ്റസ് - ബാലസോർ, ഒഡീഷ)

ഒക്ടോബർ 1 മുതൽ 10 വരെ കൊന്തനമസ്കാരം ഷ്റൈൻ പള്ളിയിൽ നടന്നു. വൈകുന്നേരം 5.00 മണിക്കുള്ള കുർബാനയ്ക്കുശേഷം ജപമാലയും, വി. കുർബാനയുടെ ആശീർവാദവും നടത്തപ്പെട്ടു.

ഇതര സംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ

ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാനക്കാരായ ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച വി.കുർബാനയും കുമ്പസാരവും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്കു നേതൃത്വം നൽകി.



രോഗിദിനാചരണം:

ഒക്ടോബർ 10-ാം തീയതി ശനിയാഴ്ച തീർത്ഥാടനകേന്ദ്രത്തിൽ രോഗിദിനമായി ആചരിച്ചു. രാവിലെ 9.30 ന് ജപമാലപ്രാർത്ഥനയോടെ ആരംഭിച്ച ശുശ്രൂഷകൾ 11.30 നുള്ള വി. കുർബാനയോടെ സമാപിച്ചു. രോഗികൾക്കു കുമ്പസാരിക്കുന്നതിനുള്ള സൗകര്യവും, സൗഖ്യാരാധനയും കൈവയ്പ്ശുശ്രൂഷയും ഉണ്ടായിരുന്നു. ഫാ.മാത്യു കാടങ്കാവിൽ ശുശ്രൂഷകൾക്കു നേതൃത്വംനൽകി.

അൽഫോൻസാ തീർത്ഥാടനം

ചെറുപുഷ്പമിഷൻ ലീഗ് പാലാ രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന അൽഫോൻസാ തീർത്ഥാടനം ഒക്ടോബർ 11-ാം തീയതിഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്കു നടത്തപ്പെട്ടു. ഏകദേശം 3000 കുട്ടികൾ തീർത്ഥാടനത്തിൽ പങ്കെടുത്തു.

വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവിപ്രഖ്യാപനത്തിന്റെ 18-ാം വാർഷികാഘോഷം ഒക്ടോബർ 12-ാം തീയതി നടത്തപ്പെട്ടു. വൈകുന്നേരം 5.00 മണിക്ക് മാർ ജോസഫ് പെരുന്തോട്ടം പിതാവ് ആഘോഷമായ വി. കുർബാന അർപ്പിച്ചു. ഫാ. ജോസഫ് അമ്പാട്ട്, ഫാ. ആന്റണി തോണക്കര എന്നിവർ സഹകാർമ്മികരായിരുന്നു.

പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷം

വി.അൽഫോൻസാ തീർത്ഥാടനകേന്ദ്രം റെക്ടർ ബഹു. ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിലച്ചന്റെ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷിച്ചു. 3.00 മണിക്ക് അച്ചന്റെ കാർമ്മികത്വത്തിൽ കൃതജ്ഞതാബലി നടന്നു. തുടർന്നു നടന്ന അനുമോദനസമ്മേളനത്തിൽ മാർ ജോസഫ് കല്ലറങ്ങാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. മുഖ്യവികാരി ജനറാൾ ഫാ. ജോസഫ് തടത്തിൽ, ഭരണങ്ങാനം പള്ളി വികാരി ഫാ. സഖറിയാസ് ആട്ടപ്പാട്ട്, അൽഫോൻസാ ഷ്റൈൻ അഡ്മിനിസ്ട്രേറ്റർ ഫാ. മാത്യു കുറ്റിയാനിക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

രാത്രിയാരാധന

പാലാ രൂപതാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം 31-ാം തീയതി ശനിയാഴ്ച രാത്രിയാരാധന നടത്തപ്പെട്ടു. വൈകിട്ട് 7 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച ആരാധന രാവിലെ 4 മണിക്കുള്ള വി.കുർബ്ബാനയോടെ സമാപിച്ചു. ഫാ. മാത്യു കാടങ്കാവിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ (റെക്ടർ)

വിശ്വാസപരിശീലനകേന്ദ്രം

CTP കോഴ്സ് 2026-27

2026-27 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ക്ലാസ്സുകൾ ഒക്ടോബർ 20, 21 തീയതികളിൽ നടന്നു. റവ.ഡോ. ജെയിംസ് പുലിയുറുമ്പിൽ ക്ലാസ്സുകൾ നയിച്ചു.

നവംബർ മാസത്തിലെ ക്ലാസ്സ്:

നവംബർ 14 – Sacraments - Rev. Dr. Mathew Kumbulumkal

പാലാ രൂപത കലോത്സവം 2026

ഈ വർഷത്തെ രൂപതാതല വിശ്വാസ-പ്രേഷിതപരിശീലന കലോത്സവം 2026 ഒക്ടോബർ 10-ാം തീയതി ശനിയാഴ്ച രാവിലെ 8.30 മുതൽ ചേർപ്പുങ്കൽ ഹോളിക്രോസ് H.S.S.ൽ വച്ചു നടത്തപ്പെട്ടു. 20 വേദികളിലായി നടന്ന വിവിധ മത്സരങ്ങളിൽ മൂവായിരത്തോളം മത്സരാർത്ഥികൾ പങ്കെടുത്തു. ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കിയ സൺഡേസ്കൂളുകൾ:

	A വിഭാഗം	B വിഭാഗം	Cവിഭാഗം
lst	മാവടി	അറുന്നൂറ്റിമംഗലം	രാമപുരം
llnd	ഗാഗുൽത്താ	പറത്താനം	കുറവിലങ്ങാട്
lllrd	വെള്ളികുളം	മുത്തോലപുരം	മുട്ടുചിറ

സംസ്ഥാനകലോത്സവം 2026-27

ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാനകലോത്സവം 2026 നവംബർ 14-ാം തീയതി ശനിയാഴ്ച തലശ്ശേരിയിൽവച്ചു നടത്തപ്പെടുന്നതാണ്. നമ്മുടെ രൂപതയിൽനിന്നും യോഗ്യത നേടിയവർ സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്നതാണ്.

ഒന്നാം ടേം പരീക്ഷ

2026-27 വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷ 2026 ഒക്ടോബർ 25 ഞായറാഴ്ച നടത്തപ്പെട്ടു. പരീക്ഷയ്ക്കുള്ള ചോദ്യപ്പേപ്പറുകൾ ഒക്ടോബർ 24 ശനിയാഴ്ച വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും വിതരണം ചെയ്തു.

20, 40, 50 വർഷം സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ ആദരിക്കൽ

വിശ്വാസപരിശീലനരംഗത്ത് 20,40,50 വർഷങ്ങൾ സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ രൂപത വിശ്വാസപരിശീലനകേന്ദ്രം ആദരിക്കുന്നു. ഈ വർഷം മേല്പറഞ്ഞ കാലയളവ് പൂർത്തിയാക്കുന്ന



വിശ്വാസപരിശീലകരുടെ പേരും ഫോട്ടോയും വികാരിയച്ചന്റെ അംഗീകാരത്തോടെ നിശ്ചിതഫോറത്തിൽ 2026 ഡിസംബർ 14-നു മുമ്പായി ഓഫീസിൽ നൽകേണ്ടതാണ്.

വിശ്വാസപരിശീലകപുരസ്കാരം

ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ വിശ്വാസപരിശീലക പുരസ്കാരത്തിനായി നാമനിർദേശം ക്ഷണിക്കുന്നു. യോഗ്യരായവരുടെ പേരും ഫോട്ടോയും വികാരിയച്ചന്റെ അംഗീകാരത്തോടെ നിശ്ചിത ഫോറത്തിൽ 2026 ഡിസംബർ 14-നു മുമ്പായി ഓഫീസിൽ നൽകേണ്ടതാണ്. മുമ്പ് ഈ അവാർഡ് ലഭിക്കാത്ത, CTP-യും ചുരുങ്ങിയത് പത്തുവർഷത്തെ സർവീസുമുള്ള അധ്യാപകരെ മാത്രമേ അവാർഡിനായി പരിഗണിക്കുകയുള്ളൂ.

തിരുബാലസഖ്യം - എന്റെ ഡയറി

തിരുബാലസഖ്യം സംഘടനയുടെ ആഭിമുഖ്യത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി എന്റെ ഡയറി മത്സരം നടത്തുന്നു. വിശുദ്ധരുടെ ജീവചരിത്രം വായിച്ചു കുട്ടികൾ തയ്യാറാക്കുന്ന ഡയറിക്കുറിപ്പുകളാണ് മത്സരത്തിനായി പരിഗണിക്കുന്നത്. ഒരു ഇടവകയിൽ നിന്ന് ഒരു കുട്ടിക്കാണ് രൂപതതലമത്സരത്തിൽ പങ്കെടുക്കാവുന്നത്. ഡയറികൾ 2026 ഡിസംബർ 14 നുമുമ്പായി വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. നിർദേശങ്ങൾ തിരുബാലസഖ്യം പ്രവർത്തനമാർഗ്ഗരേഖയിൽ 6, 7 പേജുകളിൽ നൽകിയിട്ടുണ്ട്.

Mission Quest

സീറോ മലബാർസഭയിലെ മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി സീറോ മലബാർ മിഷൻ ഓഫീസും സീറോ മലബാർ മതബോധനകമ്മീഷനും സംയുക്തമായി സംഘടിപ്പിക്കുന്ന 'Mission Quest' ഓൺലൈൻ ക്വിസ് മത്സരത്തിന്റെ സഭാതലമത്സരം 2026 ഡിസംബർ 6 ഞായറാഴ്ച രാത്രി 6 മണിക്കു നടത്തപ്പെടും.

പാഠഭാഗങ്ങളും മാർക്ക് വിഭജനവും:

A) ബൈബിൾ: വി. യോഹന്നാന്റെ സുവിശേഷം (1-12 അധ്യായങ്ങൾ) (ഈശോയുടെ മിഷൻപ്രവർത്തനങ്ങൾ) - 25 %.

B) മിഷൻ: ആദ് ജെന്തസ് (AD GENTES) Decree of II Vatican Council on The Mission of the Church - 30 %

C) മതബോധനം: സീറോ മലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം: അധ്യായം 4 (പേജ് 66-99) 30%

D) പൊതുവിജ്ഞാനം: സീറോമലബാർസഭ മേജർ ആർക്കി എപ്പിസ്

കോപ്പൽ കൂരിയ പ്രസിദ്ധീകരിക്കുന്ന 'സീറോമലബാർ വിഷൻ' എന്ന പ്രസിദ്ധീകരണം (2026 ജനുവരി മുതൽ സെപ്റ്റംബർ വരെ)-15% (Visit: syromalabarvision.com/epaper)

ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (ഡയറക്ടർ)

മിഷൻലീഗ് വാർത്തകൾ

രൂപത എക്സിക്യൂട്ടീവ്

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപതയുടെ എക്സിക്യൂട്ടീവ് യോഗം ഒക്ടോബർ മാസം നാലാം തീയതി ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു.

പരിശീലനക്കളരി

രൂപതാ കലോത്സവത്തിൽ വിജയിച്ച് മിഷൻ ലീഗ് സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുവാൻ യോഗ്യത നേടിയ മത്സരാർത്ഥികൾക്കുള്ള പരിശീലനം നവംബർമാസം ഒന്നാംതീയതി ഭരണങ്ങാനം മാതൃഭവനിൽവച്ചു നടക്കുന്നു.

കൈയെഴുത്തുമാസിക പോസ്റ്റർരചനാമത്സരങ്ങൾ

മേഖലാതല കൈയെഴുത്തു മാസിക - പോസ്റ്റർ രചനാമത്സരങ്ങൾ ഡിസംബർ 31 നുമുമ്പായി പൂർത്തിയാക്കേണ്ടതാണ്. വിജയികളായി തിരഞ്ഞെടുക്കപ്പെട്ട ശാഖകളുടെ രചനകൾ ജനുവരി ഒന്നിനു മുമ്പായി മാതൃഭവനിൽ ഏല്പിക്കണം. ഓരോ കാറ്റഗറിയിലും ഒന്നാംസ്ഥാനം നേടുന്ന രചന മാത്രമാണ് രൂപതാമത്സരത്തിനായി നൽകേണ്ടത്. 'സഭയെ സ്നേഹിക്കാം, ലോകത്തിൽ സാക്ഷികളാകാം'എന്ന പഠനവിഷയത്തെ മുൻനിർത്തിയാവണം മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത്.

രൂപത വാർഷികം

മിഷൻ ലീഗ് പാലാ രൂപത വാർഷികം 2026 നവംബർ 22-ന് (ഞായർ) അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വച്ചു നടക്കുന്നു. മികച്ച മേഖല, ശാഖ എന്നിവയ്ക്കുള്ള ട്രോഫിയും അൽഫോൻസാ തീർത്ഥാടനത്തിലെ സജീവപങ്കാളിത്തത്തിനുള്ള പ്രോത്സാഹനസമ്മാനങ്ങളും സമ്മേളനത്തിൽ വിതരണം ചെയ്യും.

വൈസ് ഡയറക്ടേഴ്സ് സമ്മേളനം

രൂപത വാർഷികത്തോടനുബന്ധിച്ച് മേഖലാ ശാഖാ വൈസ് ഡയറക്ടർമാരുടെ സമ്മേളനം അരുവിത്തുറ സെൻറ് ജോർജ് ഫൊറോന ദൈവാലയത്തിൽവച്ചു നടക്കുന്നതാണ്.



കൗൺസിൽ സമ്മേളനം

രൂപത കൗൺസിൽ സമ്മേളനം രൂപത വാർഷികത്തോടനുബന്ധിച്ചു നടക്കും.

രൂപത ക്യാമ്പ്

5,6,7,8 ക്ലാസുകളിൽ പഠിക്കുന്ന മിഷൻ ലീഗ് അംഗങ്ങൾക്കുവേണ്ടിയുള്ള രൂപത ക്യാമ്പ് ഡിസംബർ മാസം 21,22 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടക്കുന്നു.

ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (ഡയറക്ടർ)

കെ.സി.എസ്.എൽ.

സ്റ്റേറ്റ് സാഹിത്യോത്സവം

ഈ വർഷത്തെ കെ.സി.എസ്.എൽ സ്റ്റേറ്റ് സാഹിത്യോത്സവം ഒക്ടോബർ 10 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂളിൽവച്ചു നടത്തപ്പെട്ടു. കഥ, കവിത, ഉപന്യാസം, ചിത്രരചന, ബൈബിൾ ക്വിസ്, കെ.സി.എസ്.എൽ ക്വിസ്, സ്കോളർഷിപ്പ് കൈയെഴുത്തുമാസിക എന്നീ മത്സരങ്ങളാണ് നടത്തപ്പെട്ടത്. പാലാ രൂപതയിൽനിന്നും 79 കുട്ടികൾ വിവിധതരം മത്സരങ്ങളിൽ പങ്കെടുത്തു.

ലീഡ് വൺ ഇയർ പ്രോഗ്രാം

എട്ടാം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തുന്ന വൺ ഇയർ പ്രോഗ്രാം 'ലീഡ്' പാലാ സെന്റ് മേരീസ് ജി.എച്ച്.എസ്.എസിൽ വച്ച് ഒക്ടോബർ 21 ബുധനാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെട്ടു. ജെഫിൻ ജോസ് കുട്ടികൾക്കു ക്ലാസ്സ് എടുത്തു.

കലോത്സവം

ഈ വർഷത്തെ രൂപതാകലോത്സവം നവംബർ 14 ശനിയാഴ്ച പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് രാവിലെ 9.30 മുതൽ നടത്തപ്പെടുന്നു. പ്രസംഗം, ഭക്തിഗാനം, മോണോആക്ട്, കഥാപ്രസംഗം, പുത്തൻപാന, മാർഗംകളി, പരിചമുട്ടുകളി, കെ.സി.എസ്.എൽ ഗാനം, സ്റ്റഡിസർക്കിൾ, ചവിട്ടുനാടകം എന്നീ മത്സരങ്ങളാണ് നടത്തപ്പെടുന്നത്.

ഫാ. ജോർജ് പുല്ലുകാലായിൽ (ഡയറക്ടർ)

ഫാ. പോൾ കുന്നുംപുറത്ത് (അസി. ഡയറക്ടർ)

എസ്.എം.വൈ.എം. - കെ.സി.വൈ.എം.

എക്സിക്യൂട്ടീവ് മീറ്റിങ്ങ്

എസ്.എം.വൈ.എം. പാലാ രൂപത എക്സിക്യൂട്ടീവ് മീറ്റിങ്ങ് ഒക്ടോബർ 3-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

അഭിനന്ദനങ്ങൾ

കെ.സി.ബി.സി യൂത്ത് കമ്മീഷൻ ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട പാലാ രൂപത എസ്.എം.വൈ.എം. ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റിക്ക് എക്സിക്യൂട്ടീവ് അഭിനന്ദനങ്ങൾ അറിയിച്ചു.

ബാക്ക് ടു ദി റൂട്ട്സ് - സീനിയേഴ്സ് മീറ്റ്

സീറോ മലബാർ യൂത്ത് മൂവ്മെന്റ് പാലാ രൂപതയുടെ നേതൃത്വത്തിൽ മുൻകാല ഭാരവാഹികളുടെ സംഗമം 'ബാക്ക് ടു ദി റൂട്ട്സ്' എന്ന പേരിൽ പാലാ ബിഷപ്സ് ഹൗസിൽ വച്ചു നടത്തപ്പെട്ടു.

സംഘടനയുടെ വളർച്ചയിൽ തങ്ങളുടേതായ സംഭാവനകൾ നൽകിയ പഴയകാലനേതാക്കളെ ആദരിക്കുന്നതിനും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുമായി സംഘടിപ്പിച്ച ഈ ഒത്തുചേരൽ ഏറെ അർത്ഥവത്തായി.

രൂപത പ്രസിഡന്റ് മിജോ ജോയിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുൻ രൂപതാധ്യക്ഷനും രൂപത യുവജനപ്രസ്ഥാനത്തിന്റെ പ്രഥമ ഡയറക്ടറുമായ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ മുഖ്യ പ്രഭാഷണം നിർവഹിച്ചു.

രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി ആമുഖപ്രഭാഷണം നടത്തി. മുൻ രൂപത ഡയറക്ടർമാരായ റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, റവ. ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ, രൂപത സിസ്റ്റർ ആനിമേറ്റർ സി. നിർമൽ തെരേസ് SMC, സംഘടനയുടെ പ്രഥമ രൂപതാ പ്രസിഡന്റ് ശ്രീ ജോസഫ് മൈലാടി, മുൻ രൂപതാ പ്രസിഡന്റ് ശ്രീ സാജു അലക്സ്, മുൻ രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി ആശ എന്നിവർ ആശംസകൾ നേർന്നു.

രൂപത ജനറൽ സെക്രട്ടറി സോന എ. മാത്യു, KCYM സിൻഡിക്കേറ്റ് അംഗം റോബിൻ റ്റി. ജോസ് താന്നിമല എന്നിവരും ചടങ്ങിനു നേതൃത്വം നൽകി. രൂപത ജോയിന്റ് ഡയറക്ടർ സി. നവീന CMC, സിസ്റ്റർ ആനിമേറ്റർമാരായ സി. ആൻസ് SH, സി. ബ്ലെസി എന്നിവർക്കൊപ്പം മറ്റു രൂപത ഭാരവാഹികളും വിവിധ കാലഘട്ടങ്ങളിൽ നേതൃനിരയിലുണ്ടായിരുന്ന മുൻകാലഭാരവാഹികളും ചടങ്ങിൽ സന്നിഹിതരായിരുന്നു.



അഭിനന്ദനങ്ങൾ

സീറോ മലബാർ സഭയുടെ ഔദ്യോഗികവക്താവായി തിരഞ്ഞെടുക്കപ്പെട്ട, കത്തോലിക്കാ കോൺഗ്രസ് (AKCC) ഗ്ലോബൽ പ്രസിഡന്റും എസ്.എം.വൈ.എം. പാലാ രൂപത മുൻ പ്രസിഡന്റുമായ ശ്രീ രാജീവ് ജോസഫ് കൊച്ചുപറമ്പിലിന് എസ്.എം.വൈ.എം. പാലാ രൂപതയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിച്ചു.

മിഷൻ വിസിറ്റ്

ആഗോള മിഷൻമാസാചരണത്തിന്റെ ഭാഗമായി 13/10/2026 മുതൽ 24/10/2026 വരെ എസ്.എം.വൈ.എം. പാലാ രൂപതാംഗങ്ങൾ പഞ്ചാബിലെ ജലന്തർരൂപതയുടെ കീഴിലുള്ള മിഷൻപ്രദേശങ്ങൾ സന്ദർശിക്കുകയും മിഷൻ പ്രവർത്തനങ്ങൾ നേരിട്ടു മനസ്സിലാക്കുകയും ചെയ്തു.

ആഗോള മിഷൻ ഞായർ

പഞ്ചാബ് ജലന്തർ രൂപതയിലെ സൻസാപുർ വി. അന്തോനീസ് പള്ളിയിലെ ഇടവകാംഗങ്ങളോടൊപ്പം ആഗോള മിഷൻ ഞായർദിനത്തിൽ എസ്.എം.വൈ.എം. പാലാ രൂപത അംഗങ്ങളും പങ്കെടുത്തു.

ജപമാലമാസാചരണം

KCYM സംസ്ഥാനസമിതിയുടെ ജപമാലമാസാചരണം ഒക്ടോബർ 19-ാം തീയതി പാലാ രൂപതയുടെ ആതിഥേയത്വത്തിൽ ഓൺലൈനായി നടത്തപ്പെട്ടു. പാലാ രൂപതയിലെ യുവജനങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ആശീർവാദം നൽകുകയും ചെയ്തു.

ക്രിക്കറ്റ് ടൂർണമെന്റ്

സെപ്റ്റംബർ 19, ഒക്ടോബർ 20 തീയതികളിലായി പാലാ രൂപതയുടെ സെന്റ് ജോൺ പോൾ രണ്ടാമൻ മെമ്മോറിയൽ ക്രിക്കറ്റ് ടൂർണമെന്റ് പൂഞ്ഞാർ ഫൊറോനയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. പൂഞ്ഞാർ എം.എൽ.എ അഡ്വ. സെബാസ്റ്റ്യൻ എം.ജെ ഉദ്ഘാടനം നിർവഹിച്ചു. ടൂർണമെന്റിൽ ഇലഞ്ഞി ഫൊറോന ചാമ്പ്യന്മാരായി. കുറിഞ്ഞി യൂണിറ്റ് രണ്ടാം സ്ഥാനവും പ്രവിത്താനം ഫൊറോന മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഫാ. മാണി കൊഴുപ്പൻകുറ്റി (ഡയറക്ടർ)

ജീസസ് യൂത്ത്

ACTS

Mission month നോടനുബന്ധിച്ച് പാലാ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ 'ACTS - A Call To Share' എന്ന പേരിൽ നടത്തപ്പെടുന്ന മിഷൻ

ക്യാംപയിൻ പാലാ രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രകാശനം ചെയ്തു.

കോളേജുകളിലും സ്കൂളുകളിലും മിഷൻ സന്ദേശങ്ങൾ എത്തിക്കുക, വിദ്യാർത്ഥികളിൽ മിഷൻ ആഭിമുഖ്യം വളർത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് 'ACTS' നടത്തപ്പെടുന്നത്.

ജീസസ് യൂത്ത് പാലാ സോൺ ഇടവക സന്ദർശനവും ഭവനസന്ദർശനവും

ഒക്ടോബർ 12-ാം തീയതി വാകക്കാട് ഇടവകയിലും ഒക്ടോബർ 17-ാം തീയതി പ്ലാശനാൽ, മണത്തൂർ ഇടവകകളിലും ജീസസ് യൂത്ത് പാലാ സോണിന്റെ നേതൃത്വത്തിൽ സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി ഭവനസന്ദർശനങ്ങളും സംഘടിപ്പിച്ചു. കുടുംബങ്ങളുമായി സംവദിക്കാനും അവരുടെ വിശേഷങ്ങൾ പങ്കുവെക്കാനും പ്രാർത്ഥനയിലൂടെ ബന്ധങ്ങൾ ശക്തിപ്പെടുത്താനും ഈ സന്ദർശനങ്ങൾ അവസരമൊരുക്കി. ഇടവകകളുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനും ജീസസ് യൂത്ത് കൂട്ടായ്മ വളർത്തുന്നതിനും ഈ സന്ദർശനങ്ങൾ സഹായകമായി.

ACT SIXTEEN

എല്ലാ ഞായറാഴ്ചകളിലും ഭരണങ്ങാനം സെന്റ് അൽഫോൻസാഷ്റൈനിനോട് ചേർന്നുള്ള സ്പിരിചാലിറ്റി സെന്ററിൽ വെച്ച് പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ACT SIXTEEN' ഒരു മണിക്കൂർ Praise & Worship നടത്തപ്പെടുന്നു.

ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതറിങ്

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ച് ചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി ശനിയാഴ്ചകളിൽ രാത്രി 9 മണിക്ക് ഗൂഗിൾ മീറ്റിൽ വെച്ച് ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗതെറിങ് നടത്തിവരുന്നു. ക്രിസ്ത്യൻ സംഗീത മേഖലയിലുള്ളവർ ക്ഷണിക്കപ്പെടുകയും അവർ പങ്കെടുക്കുന്നവരുമായി സംവദിക്കുകയും ചെയ്യുന്നു. ഈ സംരംഭം തുടങ്ങിയ ശേഷമുള്ള 40 -ാമത് ഗാത്റിങ്ങാണ് നടത്തപ്പെട്ടത്.

Sing 4 Gsus

പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ക്രിസ്തീയ ഗാനങ്ങളിലൂടെ പ്രാർത്ഥിക്കുവാൻ എന്ന ആശയത്തോടെ നടത്തപ്പെടുന്ന 'Sing 4 Gsus' എന്ന വാട്സാപ്പ് ഗ്രൂപ്പ് - എല്ലാ ദിവസവും ഒരു ക്രിസ്തീയഗാനവും, അതിന്റെ വരികളും, ട്രാക്കും, ഒപ്പം ഒരു ചെറിയ പ്രാർത്ഥനയും.



ആയിരംമണി ജപമാല

സെപ്റ്റംബർ 26-ാം തീയതി സെന്റ് ജോർജ് പുത്തൻ പള്ളിയിൽ വെച്ച് രാവിലെ 9 മണിയ്ക്ക് ഉണ്ടായിരുന്ന ആയിരംമണി ജപമാല പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ചൊല്ലുകയുണ്ടായി.

ഇംഗ്ലീഷ് കയർ

എല്ലാ ഞായറാഴ്ചകളിലും ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിൽ വച്ച് പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ, സീറോ മലബാർ കുർബാനയുടെ ഇംഗ്ലീഷ് വേഴ്ഷൻ പോപ്പുലറിയിസ് ചെയ്യാനും ആളുകളിലേക്ക് എത്തിക്കുന്നതിനുമായി സിറോ മലബാർ ഇംഗ്ലീഷ് കയർ ആരംഭിച്ചു.

ബുധനാഴ്ച കൂട്ടായ്മ

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്ക് ശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ ബുധനാഴ്ച കൂട്ടായ്മ നടത്തിവരുന്നു. പ്രാർത്ഥന, വചനപങ്കിടൽ, ഗാനങ്ങൾ, അനുഭവസാക്ഷ്യങ്ങൾ എന്നിവയിലൂടെ യുവജനങ്ങളെ ഈശോയുടെ സ്നേഹത്തിലേക്ക് കൂടുതൽ അടുപ്പിക്കാൻ ഈ കൂട്ടായ്മ സഹായിക്കുന്നു. ആത്മീയ വളർച്ചക്കും വിശ്വാസജീവിതത്തിലെ സ്ഥിരതയ്ക്കും ഈ കൂട്ടായ്മ വലിയ അനുഗ്രഹമായി മാറുന്നുണ്ട്.

മദ്ധ്യസ്ഥ പ്രാർത്ഥന

പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ച് പ്രാർത്ഥിക്കാനുമായി എല്ലാ തിങ്കളാഴ്ചയും 4 മുതൽ 5 മണി വരെ പാലാ ടഒ മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തി വരുന്നു. എല്ലാ ദിവസവും രാത്രി 9 മണിക്ക് ഓൺലൈനായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. പാലാ സോൺ ഒന്നിച്ച് വിവിധ നിയോഗങ്ങൾക്കും ശുശ്രൂഷകൾക്കും കുടുംബങ്ങൾക്കും യുവജനങ്ങൾക്കും വേണ്ടി സമർപ്പിച്ച് നടത്തുന്ന ഈ പ്രാർത്ഥന നിരവധി ആളുകൾക്ക് അനുഗ്രഹമാകുന്നുണ്ട്.

അനുദിന വിശുദ്ധർ

വിശുദ്ധരാകാനും വിശുദ്ധിയിൽ വളരാനും അനേകരെ പ്രചോദിപ്പിക്കുവാൻ ജീസസ് യൂത്ത് പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ EVERYDAY SAINTS എന്ന പേരിൽ ഒരു വാട്സാപ്പ് കൂട്ടായ്മ നടന്നു പോകുന്നു. പല പേരുകളിൽ, പല ജീവിതങ്ങളിലൂടെ ക്രിസ്തുവിനെ ലക്ഷ്യമാക്കി ജീവിച്ച സഭയുടെ വിശുദ്ധരെ ഓരോ ദിവസവും അടുത്ത് അറിയുവാനും അവരുമായുള്ള സൗഹൃദത്തിൽ ഈ കാലഘട്ടത്തിന്റെ വിശുദ്ധരായി മാറുവാനുമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

ഫാ. തോമസ് പുതുപ്പറമ്പിൽ (ഡയറക്ടർ)

കുടുംബക്കൂട്ടായ്മ

1. പാലാ രൂപത കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ജീവമന്ന സീസൺ 2 ന്റെ പുസ്തകപ്രകാശനം രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, കുടുംബക്കൂട്ടായ്മ ഡയറക്ടർ റവ.ഫാ.തോമസ് ഓലായത്തിൽ, അസി. ഡയറക്ടർ ഫാ. പോൾ കുന്നുംപുറം, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ എന്നിവരും സന്നിഹിതരായിരുന്നു.

2. കുടുംബക്കൂട്ടായ്മ രൂപതാ കൗൺസിൽ മീറ്റിംഗ് ഷലോം പാസ്റ്ററൽ സെന്ററിൽ നടന്നു. റവ. ഫാ. തോമസ് ഓലായത്തിൽ അധ്യക്ഷത വഹിച്ചു. കൂട്ടായ്മപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും ബൈബിൾ കൺവൻഷന് കൂടുതൽ പ്രവർത്തിക്കാനും തീരുമാനിച്ചു.

3. കുറിഞ്ഞി ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം 04/10/2026 ഞായർ 11 ന് ചേർന്നു. വികാരി റവ. ഫാ. ജോസഫ് കളപ്പുരയ്ക്കൽ അധ്യക്ഷത വഹിച്ചു. സണ്ണി വടക്കേടത്ത് ക്ലാസ് നയിച്ചു.

4. 04/10/2026 ഞായർ 2.00 pm ന് പൂഞ്ഞാർ ഇടവകയിലെ ഭാരവാഹികളുടെ സമ്മേളനം നടന്നു. വികാരി വെരി റവ. ഫാ. തോമസ് പനയ്ക്കക്കുഴി അധ്യക്ഷത വഹിച്ചു. അസി. വികാരി ഫാ ജോസഫ് കന്നുതൊട്ടികല്ലു വേലിൽ ആമുഖപ്രസംഗം നടത്തി.സണ്ണി വടക്കേടത്ത് ക്ലാസ് നയിച്ചു.

5. കാഞ്ഞിരമറ്റം ഇടവകയിൽ രൂപത റിസോഴ്സ് ടീം നയിക്കുന്ന ക്ലാസുകൾ നടന്നു. വികാരി റവ. ഫാ. ജോസഫ് മണ്ണനാലിന്റെ പ്രാർത്ഥനാശീർവാദത്തോടെ ക്ലാസ്സുകൾ ആരംഭിച്ചു. 2 ദിവസങ്ങളിലായി (3/10/2626, 4/10/2026) ഇടവകയിലെ 28 വാർഡുകളിലും റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസ്സെടുത്തു.

6. 11/10/2026 ഉദയഗിരി ഇടവകയിലെ 13 വാർഡുകളിലും ക്ലാസുകൾ നടന്നു. വികാരി ഫാ. ജോസ് തറപ്പേലിന്റെ പ്രാർത്ഥനയോടെ ക്ലാസുകൾ ആരംഭിച്ചു.

7. ഒക്ടോബർ 18 ഞായറാഴ്ച മംഗളാരാം ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം നടന്നു. വികാരി റവ. ഫാ. ജോസഫ് മുണ്ടയ്ക്കൽ അധ്യക്ഷത വഹിച്ചു. സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപത്തിൽ ക്ലാസ്സ് നയിച്ചു.

8. 18/10/2026 കുറവിലങ്ങാട് ഇടവകയിലെ ഭാരവാഹികളുടെ സമ്മേളനം നടന്നു. കുടുംബക്കൂട്ടായ്മ ജനറൽ ലീഡർ ബോബിച്ചൻ നിധീരി അധ്യക്ഷത വഹിച്ചു. ആർച്ച് പ്രീസ്റ്റ് വെരി റവ.ഡോ.തോമസ് മേനാച്ചേരി റിവൈവ് 2026 ന്റെ ഉദ്ഘാടനം നിർവഹിച്ചു. ഫാ. ജോസഫ് മണിയഞ്ചിറ, ഫാ.



ജോർജ് ചാത്തൻകുന്നേൽ, ഫാ. ജോവാനി കുറുവാച്ചിറ, ഫാ. ജോസഫ് ചൂരയ്ക്കൽ തുടങ്ങിയവർ സംസാരിച്ചു. സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ ക്ലാസ് നയിച്ചു.

9. 25/10/2026 മണലുങ്കൽ ഇടവകയിലെ ഭാരവാഹികളുടെ സമ്മേളനം നടന്നു. വികാരി റവ.ഫാ. തോമസ് ആയല്ലുക്കുന്നേൽ അധ്യക്ഷത വഹിച്ചു. സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ ക്ലാസ് നയിച്ചു.

10. പാല രൂപത ബൈബിൾ കൺവെൻഷന്റെ ഒരുക്കത്തിന്റെ ഭാഗമായി എല്ലാ ഇടവകകളിലെയും കുടുംബക്കൂട്ടായ്മ പ്രസിഡന്റുമാരുടെയും രൂപതാഭാരവാഹികളുടെയും മീറ്റിങ് ഒക്ടോബർ ഇരുപത്തിയേഴാം തീയതി ളാലം പഴയ പള്ളി ഓഡിറ്റോറിയത്തിൽ നടന്നു.

11. ജീവമന്ന സീസൺ 2 പുസ്തകവിതരണം നടന്നുവരുന്നു.

ഫാ. തോമസ് ഓലായത്തിൽ (ഡയറക്ടർ)

ഫാ. പോൾസൺ കുന്നുംപുറത്ത് (അസിസ്റ്റന്റ് ഡയറക്ടർ)

ഫാമിലി അപ്പോസ്തലേറ്റ്

A. വിവാഹ ഒരുക്ക ധ്യാനം

1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

ഒക്ടോബർ 9,10,11–19,20,21 തീയതികളിലെ വിവാഹ ഒരുക്ക ധ്യാനത്തിൽ 252 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

2. രജിസ്ട്രേഷൻ

നവംബർ 2,3,4–20,21,22 – ഡിസംബർ 11,12,13 – 18,19,20 എന്നീ തീയതികളിൽ നടക്കുന്ന വിവാഹ ഒരുക്ക ധ്യാനത്തിലേക്കുള്ള രജിസ്ട്രേഷൻ തുടരുന്നു.

3. പേരന്റ്സ് മീറ്റ്

ഒക്ടോബർമാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ റവ. ഫാ. മാത്യു കാടൻകാവിൽ, പ്രൊഫസർ അലക്സ് കാവുകാട്ട് എന്നിവർ ക്ലാസ്സ് എടുത്തു. 480 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

B. ക്ലാസ്സിൽ പങ്കെടുത്തു

ജി.എസ്.റ്റിയെ സംബന്ധിച്ച് ബിഷപ്സ് ഹൗസിൽ ഒക്ടോബർ 6 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് നടത്തിയ ക്ലാസ്സിൽ ഡയറക്ടർമാരും അക്കൗണ്ടന്റുമാരും പങ്കെടുത്തു.

C. കുഞ്ഞച്ചൻ തീർത്ഥാടനം

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് പാലാ

രൂപത പിതൃവേദി – മാതൃവേദിയുടെ ആഭിമുഖ്യത്തിൽ കുഞ്ഞച്ചൻ തീർത്ഥാടനം ഭക്ത്യാദരപൂർവം നടത്തപ്പെട്ടു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ വിശുദ്ധ കുർബാന അർപ്പിച്ചു, പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ വചനസന്ദേശം നൽകി. തുടർന്നുനടന്ന ഭക്തി സാന്ദ്രമായ ജപമാലറാലിയിൽ രണ്ടായിരത്തോളം വരുന്ന പാലാ രൂപത പിതൃവേദി, മാതൃവേദി അംഗങ്ങൾ പങ്കെടുത്തു.

D. മീറ്റിങ്ങിൽ പങ്കെടുത്തു

ഒക്ടോബർ 13 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് എറണാകുളത്തുവച്ചു നടത്തപ്പെട്ട സീറോ മലബാർ മാട്രിമണിയുടെ മീറ്റിങ്ങിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

E. കുടുംബദിനം

ഒക്ടോബർ 20 ചൊവ്വാഴ്ച വൈകുന്നേരം 4.00 മണിക്ക് അറക്കുളം പുത്തൻപള്ളിയിൽ വച്ചു നടത്തപ്പെട്ട കുടുംബദിന ആഘോഷ പരിപാടി പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

F. പാസ്റ്ററൽ ആന്റ് പ്രസ്ബിറ്റൽ കൗൺസിൽ

ഒക്ടോബർ 21 ബുധനാഴ്ച രാവിലെ 10.00 മണിക്ക് വാഗമൺ മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിൽ വച്ചു നടത്തപ്പെട്ട 14 -ാമത് പാസ്റ്ററൽ ആന്റ് പ്രസ്ബിറ്റൽ കൗൺസിലിന്റെ സംയുക്തസമ്മേളനത്തിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു.

G. പിതൃവേദി

ഒക്ടോബർ 30 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ട പാലാ രൂപത പിതൃവേദിയുടെ രൂപതാ സമിതി മീറ്റിങ്ങിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംസാരിച്ചു. തുടർന്നുള്ള ഭാവി പരിപാടികളെക്കുറിച്ച് യോഗം ചർച്ചചെയ്ത് തീരുമാനമെടുത്തു.

H. മാതൃവേദി

1. ഒക്ടോബർ 11 ഞായറാഴ്ച അന്ത്യാളം പള്ളിയിൽ രാവിലെ 11.00 മണിക്കു നടത്തപ്പെട്ട മാതൃവേദിസംഗമത്തിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ പങ്കെടുത്തു സംസാരിച്ചു.



2. ഒക്ടോബർ 23 വെള്ളിയാഴ്ച രാവിലെ 10.00 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പാലാ രൂപത മാതൃവേദിയുടെ രൂപതാ സമിതിയോഗം നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംസാരിച്ചു.

3. റമ്പാൻ പാട്ട് മത്സരം

ഒക്ടോബർ 24 ശനിയാഴ്ച രാവിലെ 10 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പാലാ രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട റമ്പാൻപാട്ടുമത്സരത്തിൽ 20 ഓളം ടീമുകൾ പങ്കെടുത്തു. പ്രസ്തുത മത്സരത്തിൽ കൂട്ടിക്കൽ മേഖലയിലെ ഏന്തയാർ ഇടവക ഒന്നാം സ്ഥാനവും, കടുത്തുരുത്തി മേഖലയിലെ കടുത്തുരുത്തി ഇടവക രണ്ടാം സ്ഥാനവും, ഭരണങ്ങാനം മേഖലയിലെ പ്ലാശനാൽ ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും, മാതൃവേദി രൂപതാ എക്സിക്യൂട്ടീവും മത്സരങ്ങൾക്കു നേതൃത്വം നൽകി.

4. ഒക്ടോബർ 28 ബുധനാഴ്ച രാവിലെ 10.00 മണിക്ക് മൂലമറ്റം പള്ളിയിൽവച്ചു നടത്തപ്പെട്ട മാതൃവേദിയുടെ വാർഷികത്തിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു സംസാരിച്ചു.

I. പ്രൊലൈഫ്

ഒക്ടോബർ 17 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രൊലൈഫ് രൂപതാ സമിതിയുടെ യോഗം നടത്തപ്പെട്ടു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും, അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാവിലും പങ്കെടുത്ത് ചർച്ചകൾക്കു നേതൃത്വം നൽകി.

J. സീറോ മലബാർ പാലാ മാട്രിമണി

ഡേറ്റാ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ മാട്രിമണി സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

K. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമ കുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാൻന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയിന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയിന്റിങ്, മെറ്റൽ എമ്പോസിങ്ങ്, ഹാന്റ് എബ്രോയിഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കൊളാഷ് വർക്കുകൾ, ടോയ് മെയ്ക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മെയിക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ : 7306293048.

ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)

ഫാ. മാത്യു കാടൻകാവിൽ (അസി. ഡയറക്ടർ)

കത്തോലിക്കാ കോൺഗ്രസ്

രൂപതാ കമ്മിറ്റി

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത കമ്മിറ്റി ഭരണങ്ങാനം മാതൃഭവനിൽവച്ച് രൂപതാ പ്രസിഡന്റ് എമ്മാനുവേൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. പ്രാർത്ഥനയ്ക്കുശേഷം വൈസ്പ്രസിഡന്റ് ശ്രീ ജോൺസൺ ചെറുവള്ളി സ്വാഗതവും ജനറൽ സെക്രട്ടറി റിപ്പോർട്ടും അവതരിപ്പിച്ചു. ഗ്ലോബൽ പ്രസിഡന്റ് ശ്രീ രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എം.എം. ജേക്കബ്, ടോമി കണ്ണീറ്റുമ്യാലിൽ, പയസ് കവളംമാക്കൽ, രാജു അരുകുഴിപ്പിൽ തുടങ്ങിയവർ ചർച്ചയ്ക്കു നേതൃത്വം നല്കി.

തീരുമാനങ്ങൾ

യൂണിറ്റ്, ഫൊറോന ഭാരവാഹികൾ അടുക്കളത്തോട്ടമത്സരത്തിൽ പങ്കെടുക്കുന്നവരുടെ തോട്ടങ്ങൾ സന്ദർശിക്കുക, ഫൊറോനാ വാർഷികങ്ങൾ നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തുക, ഗ്ലോബൽ മീറ്റിങ്ങിനോടനുബന്ധിച്ച് നടക്കുന്ന പതാകാപ്രയാണം ഒക്ടോബർ 11 ന് പാലായിൽ എത്തുമ്പോൾ സ്വീകരണം കൊടുക്കാൻ എല്ലാ യൂണിറ്റ്, ഫൊറോനാ, രൂപതാ ഭാരവാഹികളുടെ സാന്നിധ്യം ഉറപ്പാക്കുക. റോമിൽ നടക്കുന്ന ഗ്ലോബൽ മീറ്റിൽ പങ്കെടുക്കുന്നവർക്ക് യാത്രാമംഗളങ്ങൾ നേർന്നു.



പതാകാപ്രയാണം

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ മീറ്റ് 2026 ഒക്ടോബർ 19-23 തീയതികളിൽ റോമിൽവച്ചു നടക്കുകയാണ്. അതിനു മുന്നോടിയായി പതാകാപ്രയാണം 32 രാജ്യങ്ങളും ഇന്ത്യയിലെ രൂപതകളും കറങ്ങി കേരളത്തിലെ രൂപതകളിലൂടെ നടക്കുകയാണ്. പാലായിൽ ഒക്ടോബർ 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് എത്തിച്ചേർന്നു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ നേതൃത്വത്തിൽ പതാകയെ സ്വീകരിച്ചു. രൂപതാപ്രസിഡന്റ് ശ്രീ എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. പതാകയെ പിന്തുർന്ന ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ, വൈസ് പ്രസിഡന്റ് ബെന്നി ആന്റണി എന്നിവർ മറുപടിപ്രസംഗങ്ങൾ നടത്തി.

യൂത്ത് കൗൺസിൽ ക്യാമ്പ്

കത്തോലിക്കാ കോൺഗ്രസ് യൂത്ത്കൗൺസിൽ പാലാ രൂപതയുടെ ഏകദിനക്യമ്പ് ഭരണങ്ങാനം മാതൃഭവനിൽവച്ച് നടത്തി. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷതവഹിച്ചു ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖസന്ദേശം നല്കി. ക്യാമ്പ് ഡയറക്ടറും മുഖ്യ കോർഡിനേറ്ററുമായ ക്ലിന്റ് അരീപ്ലാക്കൽ സ്വാഗതവും അരുൺ ജോസ് വട്ടുകുളം സമാപനസന്ദേശവും നല്കി.

സിമ്പോസിയം

"സഭ നേരിടുന്ന വെല്ലുവിളികൾ വ്യത്യസ്ത കാഴ്ചപ്പാടുകളിൽ' എന്ന വിഷയത്തിൽ ഫാ. ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ മോഡറേറ്ററായിരുന്നു. പ്രൊഫ. റോണി കെ. ബോബി ങഘഅ (കാഞ്ഞരപ്പള്ളി) അഡ്വ. സെബാസ്റ്റ്യൻ കുളത്തിങ്കൽ (Ex. MLA പൂഞ്ഞാർ), അഡ്വ. ഷോൺ ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

സെമിനാർ

'സഭയിൽ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെ അധികരിച്ച് ഗ്ലോബൽ പ്രസിഡന്റ് ശ്രീ. രാജീവ് കൊച്ചുപറമ്പിൽ സെമിനാർ നയിച്ചു. ശ്രീ. എഡ്വിൻ പാമ്പാറ, ജീൻ മുട്ടപ്പള്ളിൽ, ക്ലിന്റ് അരീപ്ലാക്കൽ തുടങ്ങിയർ പങ്കെടുത്തു.

അടുക്കളത്തോട്ടം മത്സരം 2026

അടുക്കളത്തോട്ടം മത്സരത്തിന്റെ മാർക്കിടൽ

യൂണിറ്റ് തലം 2026 നവംബർ 7, 8 തിയതികളിൽ

ഫൊറോനാതലം 2026 നവംബർ 10, 11 തിയതികളിൽ

രൂപതാ തലം 2026 നവംബർ 13, 14, 15 തിയതികളിൽ

ജൂബിലി ഭവനം വെഞ്ചരിപ്പുകൾ

മൂഴൂർ

പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരക കത്തോലിക്കാ കോൺഗ്രസ് ഭവനം. കൊഴുവനാൽ ഫൊറോനാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മൂഴൂർ ഇടവകയിൽ പണികഴിപ്പിച്ച ഭവനം 2026 ഒക്ടോബർ 8 ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, കൊഴുവനാൽ ഫൊറോനാ വികാരി ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, മൂഴൂർ വികാരി ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ, ഫാ. മൈക്കിൾ തോട്ടുങ്കൽ എന്നിവർ സഹകാർമികരായി. കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി, ജനറൽ സെക്രട്ടറി ജോസ് വട്ടുകളം, ട്രഷറർ ജോയി കണിപറമ്പിൽ, ഗ്ലോബൽ സെക്രട്ടറി ശ്രീമതി ആൻസമ്മ സാജ് എന്നിവർ സന്നനിഹിതരായിരുന്നു. കൊഴുവനാൽ ഫൊറോനാ പ്രസിസന്റ് ജോർജ് മണിയങ്ങാട്ടിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് നിർമ്മാണെ നടത്തിയത്.

കാഞ്ഞിരത്താനം

പാല രൂപത പ്ലാറ്റിനംജൂബിലി സ്മാരക കത്തോലിക്കാ കോൺഗ്രസ് ഭവനം, മുട്ടുചിറ ഫൊറോനാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞിരത്താനം ഇടവകയിൽ നിർമ്മിച്ചതിന്റെ വെഞ്ചരിപ്പ് 2026 ഒക്ടോബർ 12-ാം തിയതി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് നിർവഹിച്ചു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, മുട്ടുചിറ ഫൊറോനാ വികാരി വെരി. റവ. ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, കാഞ്ഞിരത്താനം ഇടവകവികാരി ഫാ.ജെയിംസ് വയലിൽ, അസി. വികാരി ഫാ. അലക്സ് കാഞ്ഞിരത്തുങ്കൽ, വാലാച്ചിറ ഇടവകവികാരി ഫാ. ജോസഫ് മയിക്കൽ, ഫാ. തോമസ് തയ്യിൽ (ഡയറക്ടർ, ദയറ കാപ്പുംതല) എന്നിവർ സഹകാർമ്മികരായി.

രൂപതാഭാരവാഹികളായ പ്രസിഡന്റ് എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ശ്രീമതി ആൻസമ്മ സാജ്, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, സി.എം. ജോർജ്, ബെന്നി കിണറ്റുകര, റ്റോമി



കണ്ണീറ്റുമ്യാലിൽ, എഡ്വിൻ പാമ്പാറ എന്നിവർ സന്നിഹിതരായിരുന്നു. ഫൊറോനാ പ്രസിഡന്റ് രാജു അരുകുഴിയിലിന്റെ നേതൃത്വത്തിൽ സെക്രട്ടറി സാജ് സി. കയ്യിരിക്കുംകാല, കാഞ്ഞിരത്താനം യൂണിറ്റ് പ്രസിഡന്റ് ബാബു തെക്കേതൊട്ടി, സെക്രട്ടറി സിബി പാറത്തൊട്ടി എന്നിവർ നിർമ്മാണത്തിനു നേതൃത്വം നല്കി.

അഭിനന്ദനം

സീറോ മലബാർ സഭയുടെ വക്താവായി നിയമിതനായ പാലാ രൂപതാംഗവും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റുമായ ശ്രീ രാജീവ് കൊച്ചുപറമ്പിലിന് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതി അഭിനന്ദനങ്ങളും ആശംസകളും നേർന്നുകൊണ്ട് രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി പൊന്നാടയണിയിച്ച് ആദരിച്ചു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ എന്നിവർ സന്നിഹിതരായിരുന്നു.

യൂണിറ്റ് വാർത്തകൾ

കത്തോലിക്കാ കോൺഗ്രസ് കടപ്ലാമറ്റം യൂണിറ്റിന്റെ മീറ്റിങ്ങിൽ യൂണിറ്റ് പ്രസിഡന്റ് അഡ്വ. സജീവ് മാത്യുവിന്റെ അധ്യക്ഷതയിൽ നടത്തി. വികാരി വെരി. റവ. ഫാ. ജോസഫ് മുളഞ്ഞനാൽ ഉദ്ഘാടനം നിർവഹിച്ചു. സെക്രട്ടറി ശ്രീ ഫ്രാൻസിസ് വെടിക്കുന്നേൽ, ശ്രീ. ബിനോയി കാരുവേലിൽ തുടങ്ങിയവർ സംസാരിച്ചു.

1) ഏകദിന വിനോദയാത്ര നടത്തുക 2) രാമപുരം മരിയസദനം നിവാസികൾക്ക് അത്യാവശ്യസാധനങ്ങൾ വാങ്ങിക്കൊടുക്കുക 3. പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനു സഹായിക്കുക എന്നീ തീരുമാനങ്ങൾ യോഗം കൈകൊണ്ടു യൂണിറ്റിന്റെ ഒന്നാം വാർഷികം ആഘോഷിച്ചു.

ജോസ് വട്ടുകുളം (ജനറൽ സെക്രട്ടറി)

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

പാലാ സാൻതോം വാർഷികം

പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ വാർഷിക പൊതുയോഗം മുണ്ടുപാലം സ്റ്റീൽ ഇന്ത്യ ഓഡിറ്റോറിയത്തിൽ നടന്നു. സിബിമാത്യു കണിയാംപടിയുടെ അധ്യക്ഷതയിൽ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം നിർവഹിച്ചു. പി. എസ്.ഡബ്ല്യു. എസ്. ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ മുഖ്യപ്രഭാക്ഷണം നടത്തി. പാലനോവ ഉല്പന്നങ്ങളുടെ പ്രദർശന-വിപണനമേളയും, ശീതകാല പച്ചക്കറിത്തൈകളുടെ വിതരണോദ്ഘാടനവും പി.

എസ്.ഡബ്ല്യു.എസ്. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ നിർവഹിച്ചു. കമ്പനിയുടെ ബ്രാന്റ് നെയിം മത്സരത്തിൽ വിജയികളായവരെ ആദരിച്ചു. പുതിയ ഡയറക്ടർ ബോർഡിന്റെ ചെയർമാനായി ഫാ. ജോസഫ് വാട്ടപ്പിള്ളിയെയും അംഗങ്ങളായി മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, സിബി മാത്യു കണിയാംപടി, പ്രൊഫ. ലിനി. എൽ ആലപ്പാട്ട് എന്നിവരെയും പ്രൊമോട്ടർമാരായി ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. മാത്യു പുളിക്കപ്പറമ്പിൽ, പി.വി. ജോർജ് പുരയിടം, ഷീബാ ബെന്നി കൂട്ടുങ്കൽ എന്നിവരെയും തിരഞ്ഞെടുത്തു.

കർഷകസദസ്സ്

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധ സഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ ഗ്രാമീണകർഷകരിൽ എത്തിക്കുവാൻ ലക്ഷ്യം വച്ചുകൊണ്ട് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഇടവകകൾ തോറും സംഘടിപ്പിക്കുന്ന കർഷകസദസ്സ് കളത്തുക്കടവിൽ നടന്നു. സെന്റ് ജോൺ വിയാനി പള്ളിയുടെ പാരിഷ് ഹാളിൽ ചേർന്ന സമ്മേളനത്തിൽ വികാരി ഫാ. അഗസ്റ്റിൻ വരിക്കമാക്കൽ അധ്യക്ഷത വഹിച്ചു. തലപ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോമി ബെന്നി ഉദ്ഘാടനം ചെയ്ത കർഷകസദസ്സിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറും പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ ചെയർമാനുമായ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ മുഖ്യപ്രഭാഷണം നടത്തി. ഗ്രാമപഞ്ചായത്തംഗങ്ങളായ ഗ്രേസമ്മ തോമസ്, ജിനോ ചേറ്റുകുളം എന്നിവർ ആശംസകൾ നേർന്നു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പബ്ലിക് റിലേഷൻസ് ഓഫീസർ ഡാന്റീസ് കൂനാനിക്കൽ, പ്രോജക്ട് ഓഫീസർ പി.വി. ജോർജ് പുരയിടം തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

വാഴകർഷകസമ്മേളനം

രൂപതയുടെ കർഷകബാങ്ക് പദ്ധതിയുടെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വാഴക്കർഷക സംഗമം സംഘടിപ്പിച്ചു. പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ നടന്ന വാഴ കർഷക സംഗമത്തിൽ പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ.ജോസഫ് വാട്ടപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. കോട്ടയം കുമരകം കൃഷി വിജ്ഞാനകേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ.എലിസബത്ത് ജോസഫ് വാഴകർഷക സംഗമം ഉദ്ഘാടനം ചെയ്തു. കെ.വി.കെയിലെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ആശ വി. പിള്ള മുഖ്യപ്രഭാഷണം നടത്തി. ഏത്തക്കായ്ക്കും ചെറുപഴങ്ങൾക്കും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് ഉൽപാദനവും ന്യായ



വിലയും ഉറപ്പുവരുത്താനും വാഴയില, വാഴച്ചുണ്ട്, വാഴത്തട, വാഴപ്പിണ്ടി എന്നിവയുപയോഗിച്ചുള്ള സമഗ്രമായ സംരംഭകപദ്ധതി വിഭാവനം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് വാഴക്കർഷകരുടെ സംഗമം സംഘടിപ്പിച്ചത്. ഗുണമേന്മയുള്ള വിത്തുകളും വളങ്ങളും കീടനാശിനികളും യഥാസമയം കർഷകർക്കു ലഭ്യമാക്കി പന്ത്രണ്ടുമാസവും വിളവെടുക്കാൻ കഴിയുന്ന സമഗ്രവും സുസ്ഥിരവുമായ പദ്ധതിയാണ് ലക്ഷ്യം വയ്ക്കുന്നത്. കൂട്ടായ്മയിൽ അംഗങ്ങളാകുന്ന കർഷകരുമായി ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കൊടുക്കൽവാങ്ങൽ നടത്താനും രൂപതയുടെ ആഭിമുഖ്യത്തിലുള്ള പാലാ സാൻതോം ഫുഡ് ഫാക്ടറിയിൽനിന്ന് മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കി 'പാലനോവ' ബ്രാന്റിൽ ആഭ്യന്തര, വിദേശവിപണിയിലെത്തിക്കാനുമാണ് ലക്ഷ്യം വെക്കുന്നത്.

കൃഷി അറിവുകൾ തേടി അഗ്രിമയിലേക്ക്

ചേനപ്പാടി ആർ.വി. ജി.വി. എച്ച്.എസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾ ഓർഗാനിക് ഗ്രോവറുമായി ബന്ധപ്പെട്ട കൃഷിവിജ്ഞാന അറിവുകൾക്കായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ് സന്ദർശിച്ചു. അഗ്രിമയിൽനടന്ന കൃഷി വിജ്ഞാനസദസ്സ് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസീസ് ഇടത്തിനാൽ അധ്യക്ഷത വഹിച്ചു.അഗ്രിമ ഇക്കോ ഷോപ്പ്, അഗ്രിമ കാർഷിക നേഴ്സറി, പാലാ സാൻതോംഫുഡ് ഫാക്ടറി, അഗ്രിമ സെൻട്രൽ നേഴ്സറി, പാലനോവ ഔട്ട്ലെറ്റ് തുടങ്ങി വിവിധ കേന്ദ്രങ്ങൾ അഗ്രി വിഭാഗത്തിലെ അനു ഏലിയാസിന്റെ നേതൃത്വത്തിൽ സന്ദർശിച്ച വിദ്യാർഥികൾക്ക് ജൈവവള നിർമാണത്തെക്കുറിച്ചും ആരോഗ്യബോധനം സംബന്ധിച്ചും ക്ലാസുകൾക്ക് അഗ്രിമ മാർക്കറ്റിങ്ങ് മാനേജർ ടോണി ജോസഫും റിട്ടയേർഡ് ഹെൽത്ത് ഇൻസ്പെക്ടർ ജോയി വട്ടക്കുന്നേലും ഫലവൃക്ഷത്തൈകളുടെ വൈവിധ്യങ്ങളും സവിശേഷതകളും സംബന്ധിച്ച് പാലാ സാൻതോം എഫ്. പി. സി ഡയറക്ടർ ബോർഡംഗം സിബി കണിയാംപടിയും, സോപ്പ്, ലികിഡ് സോപ്പ് തുടങ്ങിയവയുടെ നിർമ്മാണപരിശീലനത്തിന് കോർഡിനേറ്റർ ആലീസ് ജോർജും നേതൃത്വം കൊടുത്തു.

നബാർഡ് റൂറൽ ഹാറ്റ് ഉദ്ഘാടനം ചെയ്തു

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രൊമോട്ടു ചെയ്യുന്ന പാലാ ഹരിതം ഫാർമർ പ്രൊഡ്യൂസർ കമ്പനിക്ക് നബാർഡിൽ നിന്നും അനുവദിച്ച റൂറൽ ഹാറ്റ് എന്ന ഗ്രാമവിപണിയുടെ ഉദ്ഘാടനം പാലാ- തൊടുപുഴ റോഡിൽ അന്തീനാടിനും കൊല്ലപ്പള്ളിക്കും മധ്യേ

ഇടതുവശത്തു തയ്യാറാക്കിയിരിക്കുന്ന നിർദിഷ്ട ഹണി പ്രോസസിംഗ് യൂണിറ്റിന് അനുബന്ധമായി ആരംഭിച്ചു. കർഷകർക്കു തങ്ങളുടെ നാടൻ കാർഷികവിളകളും ഉത്പന്നങ്ങളും വിൽക്കാനും വാങ്ങാനുമുള്ള അവസരം ഒരുക്കുന്ന ഗ്രാമവിപണിയുടെ ഉദ്ഘാടനം പഞ്ചായത്തു പ്രസിഡന്റ് പ്രിൻസ് കുര്യത്ത് നിർവഹിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. ആദ്യവില്പന ജില്ലാ പഞ്ചായത്തംഗം പെണ്ണമ്മ ജോസഫ് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പബ്ലിക് റിലേഷൻസ് ഓഫീസർ ഡാന്റിസ് കൂനാനിക്കലിനു നൽകിക്കൊണ്ട് നിർവഹിച്ചു. നബാർഡ് മാനേജർ റെജി വർഗീസ് മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്തംഗങ്ങളായ പയസ് മാണി, സജീവ്. സി.ആർ, കമ്പനി ചെയർമാൻ തോമസ് മാത്യു, വൈസ് ചെയർമാൻ ജിമ്മി പോർക്കാട്ടിൽ എന്നിവർ പ്രസംഗിച്ചു.

ബനാന പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചു.

വാഴക്കൃഷിയും സമഗ്രമായ സംരംഭകപദ്ധതികളും നടപ്പിലാക്കാൻ ലക്ഷ്യം വച്ച് വാഴക്കർഷകരുടെ ക്ലസ്റ്റർ രൂപീകരിച്ചു. പാലാ ഷലോമിൽ ചേർന്ന ബനാനാ പ്രെമോഷൻ കൗൺസിലിന്റെ പ്രഥമയോഗത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ ജോസഫ് വാട്ടപ്പിള്ളിൽ അധ്യക്ഷനായിരുന്നു.വാണിജ്യാടിസ്ഥാനത്തിൽ ശാസ്ത്രീയ മായ വിധം വാഴക്കൃഷി ചെയ്യുന്നവർക്കും പരമ്പരാഗതരീതിയിൽ വാഴക്കൃഷി ചെയ്യുന്നവർക്കും വാഴക്കുലയ്ക്കു വിലസ്ഥിരത ഉറപ്പാക്കാൻ കർഷകർക്ക് ഓഹരിപങ്കാളിത്തമുള്ള സഹകരണ കൂട്ടായ്മകൾ രൂപീകരിച്ച് വിപണനസംവിധാനങ്ങൾ ചിട്ടപ്പെടുത്താൻ യോഗം തീരുമാനിച്ചു. വാഴക്കുല പോലെ വാഴയില, വാഴച്ചുണ്ട്, വാഴത്തട, വാഴപ്പിണ്ടി തുടങ്ങി വാഴയുടെ എല്ലാ ഭാഗങ്ങളും മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റാൻ ആവശ്യമായ സാങ്കേതികവിദ്യ സ്വായത്തമാക്കാൻ തൃശൂർ കണ്ണാറയിലുള്ള വാഴഗവേഷണകേന്ദ്രം സന്ദർശിക്കാൻ തീരുമാനിച്ചു.

പച്ചക്കറിത്തോട്ടം നട്ടുപിടിപ്പിച്ചു

അരുവിത്തുറ കർഷകദളം പച്ചക്കറിത്തോട്ടം നട്ടുപിടിപ്പിച്ചു. മഴക്കാല ശുചീകരണപ്രവർത്തനങ്ങൾ നടത്തുകയും മാലിന്യങ്ങൾശേഖരിച്ച് സംസ്കരിക്കുകയും ചെയ്തു. പാലനോവ ഉൽപന്നങ്ങൾ ആഴ്ചയിൽ രണ്ടു ദിവസം അരുവിത്തുറപ്പള്ളിയിലും തിടനാട് പള്ളിയിലെ ഡെയ്ലി മാർക്കറ്റിലും അഗ്രിമ, പാലനോവ ഉൽപന്നങ്ങൾ വില്പന നടത്തുന്നു.

ബോധവത്കരണ ക്ലാസ്സ് നടത്തി

വാഗമൺ SS ലെ അംഗങ്ങളുടെ കുട്ടികൾക്കായി വാഗമൺ VDA യിൽ വച്ചു 'ലഹരി, മൊബൈൽ ഫോൺ ദുരുപയോഗം' എന്ന വിഷയത്തിൽ, ബോധവത്കരണക്ലാസ്സ് നടത്തി. ഫാ. സാം സക്കറിയ കപ്പൂച്ചിൻ (പാദ്രിയോ ആശ്രമം, മുണ്ടക്കയം) ക്ലാസ്സ് നയിച്ചു, വാഗമൺ സ്വാശ്രയ ഡയറക്ടർ ഫാ ജോസഫ് ആലാനിക്കൽ മൂത്തേടത്ത്, സി. സോണിയ, സി. ടെസ്സി ജോസ്, സ്വാശ്രയസംഘം പ്രസിഡന്റ് ജയ്മോൻ, സെക്രട്ടറി അജിയമ്മ അഗസ്റ്റിൻ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

സേവ് എ ഫാമിലി – മോൺ അഗസ്റ്റിൻ കണ്ടത്തിൽ സ്മാരക ഭവന നിർമ്മാണ പദ്ധതി പത്തു വീടുകൾ നിർമ്മിക്കും

സേവ് എ ഫാമിലി പ്ലാനിന്റെ സ്ഥാപകനായ മോൺ. അഗസ്റ്റിൻ കണ്ടത്തിലിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ മോൺ. അഗസ്റ്റിൻ കണ്ടത്തിൽ സ്മാരക ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണത്തിന് സാമ്പത്തികസഹായം ആവശ്യമായ അർഹരായ 10 നിർധനകുടുംബങ്ങൾക്കാണ് സ്വന്തമായൊരു വാസയോഗ്യമായ വീട് നിർമ്മിക്കപ്പെടുക. തിരഞ്ഞെടുക്കപ്പെട്ട ഓരോ കുടുംബത്തിനും ഭവനനിർമ്മാണത്തിനായി 4,00,000 രൂപ വീതം സാമ്പത്തികസഹായം ലഭ്യമാക്കും. ഇതിലൂടെ ആകെ 40,00,000 രൂപയുടെ സഹായമാണ് PSWS ലൂടെ കുടുംബങ്ങൾക്കു ലഭ്യമാക്കുന്നത്. 2026 നവംബർമാസത്തിൽ വീടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കും.

ഫാക്ടറിസന്ദർശനം

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രമോട്ടു ചെയ്യുന്ന പള്ളം ബ്ലോക്ക് ഫാർമർ പ്രൊഡ്യൂസർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അയർക്കുന്നത്ത് ആരംഭിച്ച ജൈവവള നിർമ്മാണ യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പള്ളിയുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശിച്ചു. സുഫലം എന്ന പേരിലുള്ള ജൈവവളത്തിന്റെ വിപണനം അഗ്രിമ മാർക്കറ്റുകളിലൂടെ വിപുലമായ തോതിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

സുഫലം ജൈവവളം അഗ്രിമയിൽ

പള്ളം ബ്ലോക്ക് ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ മണ്ണിനും വിളവിനും സമ്പൂർണപോഷകമായ ഗുണമേന്മയുള്ള ജൈവവളം 'സുഫലം' വിപണനം പാലാ അഗ്രിമയിൽ ആരംഭിച്ചു. ചാണകവും ആട്ടിൻ കാഷ്ഠവും കോഴികാഷ്ഠവും തുല്യ അനുപാതത്തിൽ ചേർത്ത സുഫലം ലോക്കൽ, ആട്ടിൻ കാഷ്ഠം, കോഴികാഷ്ഠം എന്നിവ 30% വീതവും

പിണ്ണാക്ക് 40% ഉം (വേപ്പിൻപിണ്ണാക്ക്, എള്ളിൻ പിണ്ണാക്ക്, കടലപ്പിണ്ണാക്ക്, മരോട്ടി പിണ്ണാക്ക് എന്നിവ 10% വീതം) ചേർത്ത സുഫലം പിണ്ണാക്ക് എന്നീ ഗുണമേന്മയുള്ള ജൈവവളങ്ങൾ പാലാ അഗ്രിമയിൽ ലഭ്യമാണ്. ആവശ്യക്കാർ ബന്ധപ്പെടുക. ഓർഡറുകൾപ്രകാരം വിതരണം ചെയ്യപ്പെടും.

സഹായഹസ്തം

* കൊഴുവനാൽ ഹരിത സ്വയം സഹായ സംഘം കൃഷി ചെയ്ത് ഉത്പാദിപ്പിക്കപ്പെട്ട കപ്പ സെന്റ് മേരിസ് അഗതിമന്ദിരത്തിന് സംഭാവന ചെയ്തു.

* വാരിയാനിക്കാട് യുവ ഗ്രൂപ്പ് ചികിൽസാസഹായമായി 20000/- നൽകി.

* ചെമ്മലമറ്റം ഭൂമിക ഗ്രൂപ്പ് ചികിൽസാസഹായമായി 6000/- വീട് നവീകരണത്തിന് 5000/- എന്നീ സഹായങ്ങൾ നൽകി.

* നെല്ലാപ്പാറ സ്വാശ്രയസംഘം ദുരിതാശ്വാസനിധിയിലേയ്ക്ക് 3400/- രൂപ സഹായം നൽകി.

* അരുവിത്തുറ കർഷകദളം ദുരിതാശ്വാസഫണ്ടിലേക്ക് 1000/- രൂപയും ചാരിറ്റബിൾ ട്രസ്റ്റിലേക്ക് 2000/-രൂപയും ധനസഹായം നൽകി.

* വാകക്കാട് കാൻസർ രോഗിക്കു ചികിൽസാസഹായമായി 2500/- നൽകി.

* മണിയംകുളം രക്ഷാഭവൻ സന്ദർശിച്ച് സാമ്പത്തികസഹായം നൽകുന്നു.

* കോഴി, താറാവ്, ഗിനി വിതരണം ചെയ്തു.

* പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വിവിധ ഇടവകകളിൽ മുട്ടക്കോഴികൾ, മുട്ടത്താറാവ്, ഗിനിക്കോഴികൾ തുടങ്ങിയവ വിതരണം ചെയ്തു.

കൂൺ കൃഷി

കിഴപറയാർ തണൽ കർഷകദളം കൂൺകൃഷിയും കൂൺവിഭവങ്ങളുടെ സംരംഭവും ആരംഭിച്ചു.

മെഡിക്കൽ ക്യാമ്പ്

മുട്ടുചിറ സ്വാശ്രയസംഘം പാലാ ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

സൺഡേ മാർക്കറ്റുകൾ

* അരുണാപുരം തേജസ്സ് കർഷകദളത്തിന്റെ നേതൃത്വത്തിൽ സൺഡേ മാർക്കറ്റ് ആരംഭിച്ചു. കർഷകരുടെ പച്ചക്കറികളും പഴവർഗ്ഗങ്ങളും പലഹാരങ്ങളും പാലനോവ, അഗ്രിമ ഉത്പന്നങ്ങളും ലഭ്യമാണ്.



* കാക്കൊമ്പിൽ സൺഡേ മാർക്കറ്റിൽ നാടൻവിഭവങ്ങൾക്കൊപ്പം പാല നോവ ഉൽപന്നങ്ങളും ലഭ്യമാണ്.

* അൽഫോൻസാഗിരി ജീവ കർഷകദളവും, കൊഴുവനാൽ ഹരിത കർഷകദളവും സൺഡേ മാർക്കറ്റ് ആരംഭിച്ചു.

വാർഷികയോഗങ്ങൾ & ദിനാചരണങ്ങൾ

* 25-ാം വാർഷികവും പുതിയ എസ്.എച്ച്.ജി. രൂപീകരണവും. മുഴൂർ സ്വാശ്രയസംഘത്തിലെ ഉദയ എസ്.എച്ച്.ജി യുടെ 25-ാം മത് വാർഷികം നടത്തി. അതോടനുബന്ധിച്ച് ഉദയശ്രീ എന്ന പേരിൽ പുതിയ വനിതാഗ്രൂപ്പ് രൂപീകരിച്ചു.

* മൂന്നാനി ഏയ്ഞ്ചൽ പുരുഷസ്വാശ്രയസ്വയംസഹായസംഘത്തിന്റെ ഇരുപതാമത് വാർഷികം നടത്തി.

* വെള്ളിയാമറ്റം കർഷകമിത്ര കർഷകദളത്തിന്റെ വാർഷികപൊതുയോഗം നടന്നു.

* കുറിച്ചിത്താനം കർഷകദള ഫെഡറേഷന്റെ വാർഷികത്തോടനുബന്ധിച്ച് വെജിറ്റബിൾ കാർവിങ് മത്സരം സംഘടിപ്പിക്കുന്നു. പൊതുജനങ്ങൾക്കായി നവംബർ ഒന്നാം തീയതി കുറിച്ചിത്താനം സെന്റ് തോമസ് പള്ളിയുടെ പാരിഷ് ഹാളിൽ സംഘടിപ്പിക്കപ്പെടുന്ന വെജിറ്റബിൾ കാർവിങ് മത്സരത്തിൽ വിജയികളാകുന്നവർക്ക് യഥാക്രമം 3000, 2000, 1000 രൂപ വീതം ക്യാഷ് അവാർഡുകൾ സമ്മാനിക്കുന്നതാണ്.

* മുട്ടുചിറ സ്വാശ്രയസംഘം ഗാന്ധിജയന്തിദിനാചരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ക്വിസ് മത്സരം സംഘടിപ്പിച്ചു.

* വെള്ളികുളം സ്വാശ്രയസംഘത്തിലെ ഏറ്റവും പ്രായംകൂടിയ അംഗത്തെ പൊന്നാടയണിയിച്ച് വയോജനദിനത്തിൽ ആദരിച്ചു.

* കാഞ്ഞിരമറ്റം കർഷകദള ഫെഡറേഷൻ ഏറ്റവും മികവു പുലർത്തുന്ന കർഷക ദളാംഗങ്ങൾക്ക് മറയൂർ ചന്ദനത്തൈകൾ സമ്മാനിച്ചു. വാർഷികത്തോടനുബന്ധിച്ച് എല്ലാ ദളാംഗങ്ങൾക്കും ഗ്രോ ബാഗുകളും വിതരണം ചെയ്തു.

* അറക്കുളം കർഷകദള ഫെഡറേഷന്റെ നേതൃത്വത്തിൽ നെൽകൃഷിയിലേക്ക് ഒരു ചുവടുവയ്പിന്റെ ഭാഗമായി ഞാറുനടീലിന്റെ ഉദ്ഘാടന പരിപാടി സംഘടിപ്പിച്ചു. പ്രസിഡന്റ് ജോമോൻ മൈലാടൂരിന്റെ അധ്യക്ഷതയിൽ അറക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷ ഗോപിനാഥ് ഞാറുനടീൽ ഉദ്ഘാടനം നടത്തി. അറക്കുളം പുത്തൻപള്ളി ഡയറക്ടർ ഫാ. ജോർജ് ഞാറ്റുതൊട്ടി, ജില്ലാ പഞ്ചായത്ത് മെമ്പർ സജി പി. ജോസ്, സോൺ കോർഡിനേറ്റർ ജിഷാ സാബു എന്നിവർ പ്രസംഗിച്ചു.

* ളാലം ഓൾഡ് കർഷകദള ഫെഡറേഷൻ മുണ്ടുപാലം പള്ളിയിലെ സൺഡേസ്കൂൾ കുട്ടികൾക്ക് മിഷൻ സൺഡേ ദിവസം ഫലവൃക്ഷ ത്തൈകളുടെ സ്റ്റാൾ റെഡിയാക്കിക്കൊടുത്തു.

അവലോകനയോഗങ്ങൾ

സ്വയംസഹായ സംഘങ്ങളുടെ അവലോകനയോഗങ്ങൾ വിവിധ ഇടവകകളിൽ സംഘടിപ്പിച്ചു. പുതിയ ഗ്രൂപ്പുകളുടെ രൂപീകരണവും കൃഷി സംബന്ധമായ ബോധവത്കരണക്ലാസുകളും നടന്നു.

ഫാ. ജോസഫ് വാട്ടപ്പിള്ളിൽ (ഡയറക്ടർ)

ഡി.സി.എം.എസ്.

കോർഡിനേറ്റർ അച്ചന് സ്വാഗതം

DCMS സംഘടനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് നിയമിച്ച കോർഡിനേറ്റർ ഫാ. ജോസഫ് മുകളേപറമ്പിലച്ചന് രൂപത ഓഫിസിൽ ഡയറക്ടർ ഫാ. തോമസ് കിഴക്കേകൊല്ലിത്താനത്ത്, രൂപതാ പ്രസിഡന്റ് ബിനോയ് ജോൺ, രൂപതാ സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ ചേർന്ന് സ്വീകരണം നൽകി.

അടിയന്തര രൂപത കമ്മിറ്റി

വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തീർത്ഥാടനപദയാത്ര യുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കാനും, നടപ്പിലാക്കുന്നതി നുമായി അടിയന്തര രൂപതാ കമ്മിറ്റി ഒക്ടോബർ 4 ന് പ്രസിഡന്റ് ബിനോയ് ജോണിന്റെ അധ്യക്ഷതയിൽകൂടി. രൂപത ഡയറക്ടർ, കോർഡിനേറ്റർ ഫാ. ജോസഫ് മുകളേപറമ്പിൽ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

തീർത്ഥാടന പദയാത്ര

DCMS പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ വാഴ്ത്തപ്പെട്ട തേവർപ റമ്പിൽ കുഞ്ഞച്ചന്റെ തിരുനാൾദിനമായ ഒക്ടോബർ 16 ന് നടത്തിയ തീർത്ഥാടനപദയാത്രയിൽ രൂപതയുടെ വിവിധ യൂണിറ്റുകളിൽനിന്ന് യു ണിറ്റ് പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ DCMS അംഗങ്ങൾ പങ്കെടുത്തു. വെള്ളിലാപ്പള്ളി സെന്റ് ജോസഫ്സ് യു.പി. സ്കൂൾ മുറ്റത്ത് പാലാ രൂപത കോർഡിനേറ്റർ റവ. ഫാ. ജോസഫ് മുകളേപറമ്പിൽ തീർത്ഥാടന പദയാത്ര ഉദ്ഘാടനം ചെയ്തു. തുടർന്ന് കുഞ്ഞച്ചന്റെ തിരുസ്വരൂപ വും പതാകയുമേന്തി DCMS രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അമ്പലംകട്ടയിലിന്റെയും രൂപത ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേ കൊല്ലിത്താനത്തിന്റെയും, രൂപതാ സെക്രട്ടറി ബിന്ദു ആന്റണിയുടെയും രൂപത



എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളുടെയും നേതൃത്വത്തിൽ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്ക് തീർത്ഥാടനപദയാത്ര നടത്തി. രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനാ പള്ളി അങ്കണത്തിൽ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പദയാത്രയ്ക്കു സ്വീകരണം നൽകി.

രാമപുരം ഫൊറോനാ പള്ളി വികാരി റവ. ഫാ. ബർക്കുമൻസ് കുന്നുംപുറം, വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. ജെയിംസ് പുലിയുറുമ്പിൽ, DCMS രാമപുരം ഫൊറോനാ ഡയറക്ടർ ഫാ. അബ്രഹാം കുഴിമുള്ളിൽ, രാമപുരം ഫൊറോനാ പള്ളി അസിസ്റ്റന്റ് വികാരി ഫാ. മാത്യു പനങ്ങാട്ട്, എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ, ഫൊറോനാ, യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം DCMS അംഗങ്ങൾക്കായി രൂപത ഡയറക്ടർ ഫാ. തോമസ് കിഴക്കേകൊല്ലിത്താനത്ത് വി.കുർബാന അർപ്പിച്ചു.

കൈത്താങ്ങ് പ്രിവിലേജ് കാർഡ് ഉദ്ഘാടനം

വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ 135-ാം ജന്മവർഷവും, വാഴ്ത്തപ്പെട്ട പദവിപ്രഖ്യാപനത്തിന്റെ 20-ാം വർഷവും, സഭ സമുദായ ശക്തീകരണവർഷവുമായി ആചരിക്കുന്ന ഈ അവസരത്തിൽ പാലാ രൂപതയും, മാർ സ്ലീവാ മെഡിഡിറ്റിയും, ഡിസിഎംഎസ് പാലായും ചേർന്ന് രൂപതയിലെ ദളിത്ക്രൈസ്തവർക്കായി ആവിഷ്കരിക്കുന്ന 'കൈത്താങ്ങ്' എന്ന പ്രിവിലേജ് കാർഡിന്റെ ഉദ്ഘാടനകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് നിർവഹിച്ചു. രാമപുരം യൂണിറ്റ് പ്രസിഡന്റ് ശ്രീ തോമസ് കെ.ജെ കുന്നുംപുറം ആദ്യകാർഡ് ഏറ്റുവാങ്ങി. ഈ പദ്ധതിയിലൂടെ DCMS അംഗത്വമുള്ള പാലാ രൂപതയിലെ മുഴുവൻ ദളിത് ക്രൈസ്തവർക്കും രൂപതയുടെ വിവിധ സ്ഥാപങ്ങളിൽ പ്രത്യേക ആനുകൂല്യം ലഭിക്കുന്നതാണ്.

ഉദ്ഘാടനകർമ്മത്തിൽ പാലാ രൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ മാർസ്ലീവാ മെഡിസിറ്റി MD റവ. ഫാ. മാത്യു തെക്കേൽ, രാമപുരം ഫൊറോനാ പള്ളി വികാരി റവ. ഫാ. ബർക്കുമൻസ് കുന്നുംപുറം, വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. ജെയിംസ് പുലിയുറുമ്പിൽ, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. മാത്യു തുരുത്തിപ്പള്ളി, രൂപത പ്രസിഡന്റ് ബിനോയ് ജോൺ, രൂപതാ സെക്രട്ടറി ബിന്ദു ആന്റണി, ഫാ. ജോസ് വടക്കേക്കുറ്റ്, DCMS രാമപുരം ഫൊറോനാ ഡയറക്ടർ ഫാ. അബ്രഹാം കുഴിമുള്ളിൽ, രാമപുരം ഫൊറോനാ പള്ളി അസിസ്റ്റന്റ് വികാരി ഫാ. മാത്യു പനങ്ങാട്ട്, എക്സിക്യൂട്ടീവ്

കമ്മിറ്റിയംഗങ്ങൾ, ഫൊറോനാ, യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

ആദരാഞ്ജലികൾ

DCMS സംഘടനയിൽ അനേക വർഷം രൂപത പ്രസിഡന്റ്, സംസ്ഥാന പ്രസിഡന്റ് തുടങ്ങി നിരവധി മേഖലയിൽ സേവനമനുഷ്ഠിച്ചുപോന്ന ശ്രീ പി.ഒ. പീറ്റർ പാറയിൽ ഒക്ടോബർ 6 ന് നിര്യാതനായി. അദ്ദേഹത്തിന്റെ മരണത്തിൽ രൂപതാ DCMS സമിതിയുടെയും അംഗങ്ങളുടെയും പേരിൽ ആദരാഞ്ജലികളും പ്രാർത്ഥനയും നേരുന്നു.

അനുശോചനയോഗം

DCMS സംഘടന സംസ്ഥാന പ്രസിഡന്റ്, രൂപത പ്രസിഡന്റ് തുടങ്ങി നിരവധി മേഖലയിൽ സ്ഥാനം വഹിച്ച പി.ഒ. പീറ്ററിന്റെ നിര്യാണത്തിൽ DCMS പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ അനുശോചനസമ്മേളനം ഒക്ടോബർ 11 ന് ഷലോം പാസ്റ്ററൽ സെന്ററിൽ കൂടുകയുണ്ടായി. രൂപത പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പി.ഒ. പീറ്ററിന്റെ കുടുംബാംഗങ്ങൾ, രൂപത കോർഡിനേറ്റർ ഫാ. ജോസഫ് മുകളേപറമ്പിൽ, രൂപതാ ഡയറക്ടർ ഫാ. തോമസ് കിഴക്കേകൊല്ലിത്താനത്ത്, ഫാ. ജോസ് വടക്കേക്കുറ്റ്, DCMS സംസ്ഥാനപ്രസിഡന്റ് ശ്രീ. ഷിബു ജോസഫ്, DCMS സംസ്ഥാന ഡയറക്ടർ ഫാ. ജോസകുട്ടി ഇടത്തിനകം തുടങ്ങിയവർ സംബന്ധിച്ചു.

പ്രസ്ബിറ്ററൽ കൗൺസിൽ & പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ്

പാലാ രൂപതയുടെ പതിന്നാലാം പ്രസ്ബിറ്ററൽ കൗൺസിലിന്റെയും പാസ്റ്ററൽ കൗൺസിലിന്റെയും 2026 ഒക്ടോബർ 21 ബുധനാഴ്ച വാഗമൺ മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന സംയുക്ത സമ്മേളനത്തിൽ രൂപത ഡയറക്ടർ, രൂപത പ്രസിഡന്റ് ബിനോയ് ജോൺ, രൂപതാ സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു.

കുടുംബസംഗമം

രൂപതാസമിതിയുടെ ആഹ്വാനപ്രകാരം രൂപതയിലെ കടനാട്, മണ്ണാറപ്പാറ എന്നീ യൂണിറ്റുകളിൽ കുടുംബസംഗമങ്ങൾ നടന്നു.

യൂണിറ്റ് രൂപീകരണം

കടുത്തുരുത്തി ഫൊറോനായിൽ പൂഴിക്കോൽ ഇടവകയിൽ DCMS പാലാ രൂപതയ്ക്ക് പുതിയൊരു യൂണിറ്റുകൂടി രൂപീകരിച്ചു. യൂണിറ്റ് രൂപീകരിക്കാൻ മുൻകൈയെടുത്ത ഇടവകവികാരി കുറ്റിക്കാട്ട് തോമസച്ചനും യൂണിറ്റിലെ DCMS അംഗങ്ങൾക്കും രൂപത സമിതിയുടെ അഭിനന്ദനങ്ങൾ!

ഫാ. തോമസ് കിഴക്കേകൊല്ലിത്താനം (ഡയറക്ടർ)

കെയർ ഹോംസ്

എക്സിക്യൂട്ടീവ്

7-10-2026 ബുധനാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

എ.ഐ ട്രെയിനിങ്

17-10-2026 ശനിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിങ് നടത്തപ്പെട്ടു. 41 പേർ പങ്കെടുത്തു.

കാരുണ്യപൈതൃകം

8-10-2026 വ്യാഴാഴ്ച സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ സ്നേഹഗിരിസ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംഗമമായ കാരുണ്യപൈതൃകം കെ26 ചെത്തിമറ്റം ദൈവദാൻ സെന്ററിൽ വച്ചു നടന്നു.

ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (ഡയറക്ടർ)

കെ.എൽ.എം.

എക്സിക്യൂട്ടീവ്

17-10-2026 ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

തീരുമാനങ്ങൾ

1. കെ.എൽ.എം ഫൊറോന കോർഡിനേറ്റർ 20 ഫൊറോനകളിൽനിന്നും ഒന്നോ ഒന്നിൽകൂടുതലോ കോർഡിനേറ്റർമാരെ നിയമിക്കാൻ തീരുമാനമായി.

2. ഡേറ്റാബാങ്ക്

വനിതാ ശക്തീകരണത്തിന്റെയും സമുദായ ശക്തീകരണത്തിന്റെയും ഭാഗമായി രൂപതയിലുള്ള തയ്യൽമേഖലയിൽ ജോലി ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കാൻ തീരുമാനമായി. മൂന്നു ഗണമായി തിരിച്ച് ഡേറ്റാ ശേഖരണം നടത്തും

1. പ്രൊഫഷണൽ തയ്യൽജോലി (തയ്യൽഷോപ്പ് ഉള്ളവർ)
2. വീട്ടിലിരുന്ന് തയ്യൽജോലി ചെയ്യുന്നവർ
3. തയ്യൽ പഠിച്ചിട്ട് ജോലി ചെയ്യാത്തവർ
4. നൈപുണ്യ ജോലി ചെയ്യുന്നവർ

1. ബേക്കറി ഐറ്റംസ്
2 അച്ചാർ നിർമ്മാണം

3. കേക്ക്
4. തിരിനിർമ്മാണം
5. കൊന്തനിർമ്മാണം

ക്ഷേമനിധി

ക്ഷേമനിധി അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.

വിവിധ ക്ഷേമനിധികൾ

1. അസംഘടിത തൊഴിലാളി ക്ഷേമനിധി
2. നിർമ്മാണ ത്തൊഴിലാളി ക്ഷേമനിധി
3. തയ്യൽ ത്തൊഴിലാളി ക്ഷേമനിധി
4. സുരക്ഷാക്ഷേമനിധി

അംഗത്വം എടുക്കുവാൻ ആഗ്രഹിക്കുന്നവർ ഈ നമ്പ റിൽ ബന്ധപ്പെടുക. 8304981275

ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (ഡയറക്ടർ)

ബൈബിൾ അപ്പോസ്തലേറ്റ്

1. ലോഗോസ് ക്വിസ് 2026 റിസൾട്ട് പ്രസിദ്ധീകരിച്ചു

2026 ലോഗോസ് ക്വിസ്സിന്റെ റിസൾട്ട് പ്രഖ്യാപിച്ചു A, B, C, D, E, F കാറ്റഗറിയിലെ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവരുടെ പേരു വിവരങ്ങൾ

A കാറ്റഗറി

ഒന്നാം സ്ഥാനം: ക്ലാര കാഞ്ഞമല. ഉരുളികുന്നം ഇടവകാംഗം

രണ്ടാം സ്ഥാനം: ഐഡ മരിയ ബിന്റോ പാറയിൽ, മാനത്തൂർ ഇടവകാംഗം

മൂന്നാം സ്ഥാനം: ആൽബർട്ട് റിജോ വടക്കേവെള്ളാക്കൽ. കുറവിലങ്ങാട് ഇടവകാംഗം

B കാറ്റഗറി

ഒന്നാം സ്ഥാനം: കരോൾ ജോസഫ് കൈതക്കാവിൽ. പാദുവാ ഇടവകാംഗം

രണ്ടാം സ്ഥാനം: അനോറ ട്രീസ ജയേഷ് പനച്ചിയിൽ. പിറവം ഇടവകാംഗം

മൂന്നാം സ്ഥാനം: മരിയ ആഴത്ത് അരുവിത്തറ. ഇടവകാംഗം

C കാറ്റഗറി

ഒന്നാം സ്ഥാനം: ജോസ്നാ ബിജു കോലോത്ത് പെരിങ്ങളം. ഇടവകാംഗം



രണ്ടാം സ്ഥാനം: അഞ്ജലി അനിൽ കയത്തുംകരയിൽ അറക്കുളം പുത്തൻ പള്ളി ഇടവകാംഗം

മൂന്നാം സ്ഥാനം സിസ്റ്റർ ആൻ ഡോണ FSHA കോൺവെന്റ് പറത്താനം

D കാറ്റഗറി

ഒന്നാം സ്ഥാനം അനിത സിറിയക്ക് പാറയ്ക്കൽ. ഏന്തയാർ ഇടവകാംഗം

രണ്ടാം സ്ഥാനം ഡിന്റ ഫ്രാൻസിസ് വടക്കേ വെള്ളാക്കൽ. കുറവിലങ്ങാട് ഇടവകാംഗം

മൂന്നാം സ്ഥാനം ജ്യോതിഷ് അഗസ്റ്റിൻ പൊട്ടനാനിയിൽ കിഴതടിയൂർ ഇടവകാംഗം

E കാറ്റഗറി

ഒന്നാം സ്ഥാനം ബാബു പോൾ പെരിയപ്പുറം. ഭരണങ്ങാനം ഇടവകാംഗം

രണ്ടാം സ്ഥാനം വിൻസി പീറ്റർ പാനാംപുഴ, സേവ്യർപുരം ഇടവകാംഗം

മൂന്നാം സ്ഥാനം സോണിയ ജോസ് പനച്ചിക്കൽ, മൂലമറ്റം ഇടവകാംഗം

F കാറ്റഗറി

ഒന്നാം സ്ഥാനം ആലീസ് മാത്യു പുല്ലാട്ട്. തീക്കോയി ഇടവകാംഗം

രണ്ടാം സ്ഥാനം മേരി വർഗ്ഗീസ് ഇടത്തുംപറമ്പിൽ. കാളികാവ് ഇടവകാംഗം

മൂന്നാം സ്ഥാനം റോസമ്മ ടോമി നെടുങ്ങനാൽ. പെരിങ്ങളം ഇടവകാംഗം

ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ

A കാറ്റഗറി

First വാരിയാനിക്കാട്	Second കയ്യൂർ	Third മണിയംകുളം

B കാറ്റഗറി

First മുത്തോലി	Second മൂന്നിലവ്	Third ഇളംതോട്ടം

C കാറ്റഗറി

First കൊഴുവനാൽ	Second ഏന്തയാർ	Third തീക്കോയി

D കാറ്റഗറി

First കുറവിലങ്ങാട്	Second അരുവിത്തുറ	Third മുട്ടുചിറ

ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച സെന്ററുകൾ

First MSCON ചേർപ്പുങ്കൽ

Second MMC അരുണാപുരം

Third ദീപ്തി ഭവൻ അമ്പാറ

2. ലോഗോസ് ഫാമിലി കിസ്

ലോഗോസ് ഫാമിലി രൂപതതല മത്സരം 2026 നവംബർ ഒന്നാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഒരു മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നതാണ്.

3. ഏകദിന ക്ലാസ്സ് നടത്തപ്പെട്ടു

ലോഗോസ് കിസ് 2026 വിജയിച്ച മത്സരാർത്ഥികൾക്ക് സെമി ഫൈനൽ മത്സരത്തിൽ പങ്കെടുക്കുന്നതിനായി ഒരു ഏകദിന ക്ലാസ്സ് നടത്തപ്പെട്ടു. ഓൺലൈൻ ക്ലാസുകളും നടന്നുവരുന്നു.

4 ഓൺലൈൻ ബൈബിൾ ക്ലാസ്

അല്മായർക്കായി സംഘടിപ്പിക്കുന്ന ഓൺലൈൻ ബൈബിൾ ക്ലാസിന്റെ ഒക്ടോബർമാസത്തിലെ ക്ലാസ്സ് 25-ാം തീയതി നടത്തപ്പെട്ടു.

5. ജീവമന്ന സീസൺ 2 വചനപഠനപരമ്പരയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഫാ. പോൾ കുന്നുംപുറത്ത് (ഡയറക്ടർ)

കരിസ്മാറ്റിക് വാർത്തകൾ

കരിസ്മാറ്റിക് കുടുംബ സംഗമം

17/10/26 കിഴത്തടിയൂർ പള്ളി പാരിഷ് ഹാളിൽ വച്ച് നടത്തുകയുണ്ടായി. രാവിലെ 9.30 ന് ആരംഭിച്ചു വൈകുന്നേരം 3.30 തോടുകൂടി അവസാനിച്ച കൂട്ടായ്മയിൽ ഇവാഞ്ചലൈസേഷൻ ഡയറക്ടർ തോമസ് ഓലായത്തിൽ അച്ചന്റെ അധ്യക്ഷതയിൽ കൂട്ടായ്മ ആരംഭിച്ചു. കോർഡിനേറ്റർ മാത്തുകുട്ടി താന്നിക്കൽ സ്വാഗതം പറഞ്ഞു. തോമസ് ഓലായത്തിൽ അച്ചൻ അധ്യക്ഷപ്രസംഗം നടത്തി. പാലാ രൂപത ഇവാഞ്ചലൈസേഷൻ ഇൻ ചാർജ്, വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വേത്താനത്തച്ചൻ വചനം പങ്കുവയ്ക്കുകയും ചെയ്തു. എല്ലാ വചന പ്രഘോഷണങ്ങളും കരിസ്മാറ്റിക് പ്രവർത്തനങ്ങളും അതുമായി ബന്ധപ്പെട്ട എല്ലാശുശ്രൂഷകളും വി. കുർബാനയിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നായിരുന്നു കേന്ദ്ര ആശയം. KCSC സെൻട്രൽ ടീം (എമ്മാവുസ്) അംഗങ്ങൾ സന്നിഹിതരായിരുന്നു.180പേർ കൂട്ടായ്മയിൽ പങ്കെടുത്തു.

ഡയറക്കറി പ്രകാശനം

കരിസ്മാറ്റിക് പാലാ സോണിന്റെ ഡയറക്കറി 2026-28 വികാരി ജനറൽ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, KCSC കോർഡിനേറ്റർ ഫാ. ജോൺസൺ തൗണ്ടിയിലച്ചന് കൊടുത്തുകൊണ്ട് പ്രകാശനം ചെയ്തു. ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. തോമസ് ഓലായത്തിൽ, KCSC ടീം അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.



KCSC ഫോർമേഷൻ ക്ലാസ്സ്

കരിസ്മാറ്റിക് നവീകരണം - പാലാ സോൺ, സബ്സോൺ അംഗങ്ങൾക്കുള്ള ഫോർമേഷൻ ക്ലാസുകൾ KCSC സെൻട്രൽ ടീം (എമ്മാവുസ് സെന്റർ കാക്കനാട്) നടത്തുകയുണ്ടായി. ഫാ. ജോൺസൺ തുണ്ടിയിൽ, ബ്രദർ. സെബാസ്റ്റ്യൻ താന്നിക്കൽ, ബ്രദർ. രാജേഷ് പിട്ടാപ്പിള്ളിൽ, സിസ്റ്റർ ഷൈനി ജെയിൻ എന്നിവർ ക്ലാസുകൾ നയിച്ചു.

13 മണിക്കൂർ ആരാധന

പാല രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ കൊഴുവനാൽ ഫൊറോനയിലെ മറ്റക്കര ഹോളിഫാമിലി പള്ളി ഇടവകയിൽ ഒക്ടോബർ മൂന്നാം തീയതി എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും 13 മണിക്കൂർ ആരാധനയിലേക്ക് എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു. തുടർന്ന് പത്താം തീയതി രാവിലെ 6.30 ന് കുർബാനയോടുകൂടി 13 മണിക്കൂർ ആരാധന ആരംഭിച്ചു. വൈകിട്ട് ഏഴു മണിക്കു ദിവ്യകാരുണ്യ പ്രദക്ഷിണത്തോടുകൂടി ആരാധന സമാപിച്ചു.

മേവിട സെന്റ് മേരീസ് ഇടവകയിൽ ഒക്ടോബർ ഇരുപതാം തീയതി എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും 13 മണിക്കൂർ ആരാധനയിലേക്ക് എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു. ഇരുപത്തിനാലാം തീയതി ശനിയാഴ്ച രാവിലെ 6.20 ന് വി. കുർബാനയോടുകൂടി ആരാധന ആരംഭിച്ചു ചേർപ്പുങ്കൽ പള്ളി അസിസ്റ്റന്റ് വികാരിയും, സബ്സോൺ അനിമേറ്ററുമായ ഫാ. ജോസഫ് മൂക്കെൻതോട്ടത്തിൽ വി. കുർബാന അർപ്പിക്കുകയും 13 മണിക്കൂർ ആരാധന ആരംഭിക്കുകയും ചെയ്തു. വൈകുന്നേരം 5-6.30 വരെ ഫാ. തോമസ് ഓലയത്തിൽ ആരാധന നയിക്കുകയും 6.30 നു ഫാ. പോൾ കുന്നുംപുറത്തു ദിവ്യകാരുണ്യപ്രദക്ഷിണത്തോടുകൂടി ആരാധന സമാപിക്കുകയും ചെയ്തു. കരിസ്മാറ്റിക് സോണൽ സേവന സമിതി, സബ്സോൺ സേവനസമിതി അംഗങ്ങൾ ആരാധനക്ക് നേതൃത്വം നൽകി.

വെള്ളിയാഴ്ച കൺവെൻഷൻ

എല്ലാ വെള്ളിയാഴ്ചയും കത്തീഡ്രൽ പള്ളിയിൽ നടത്തിവരുന്ന കൺവെൻഷൻ 2,9,16,23,30 തീയതികളിൽ ഡയറക്ടർ ഫാ. തോമസ് ഓലായത്തിൽ, ഫാ. പോൾ കുന്നുംപുറത്ത് എന്നിവരുടെയും കരിസ്മാറ്റിക് സേവനസമിതിയുടെയും നേതൃത്വത്തിൽ നടന്നു. കുരിശിന്റെ വഴി, കരുണകൊന്ത, കുമ്പസാരം, ജപമാല, കൈവെപ്പ് ശുശ്രൂഷ, പ്രെയ്സ് ആൻഡ് വർഷിപ്, വചനപ്രഘോഷണം, ആരാധന, വി. കുർബാന തുടങ്ങിയ ശുശ്രൂഷകളും, നേർച്ചകഞ്ഞി എന്നിവയും ഉണ്ടായിരുന്നു. പള്ളിക്കുള്ളിലും പുറത്തുമായി നിരവധി ആളുകൾ വന്നു അനുഗ്രഹം പ്രാപിച്ചു മടങ്ങി.

രാത്രി ആരാധന

എല്ലാ മാസവും അവസാനത്തെ ശനിയാഴ്ച വൈകിട്ട് 7 മണിമുതൽ ഞായറാഴ്ച വെളുപ്പിന് 5 മണി വരെ ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടന ദേവാലയത്തിൽ പാലാ കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിവരുന്ന രാത്രി ആരാധന, ഈ മാസം 31-ാം തീയതി ശനിയാഴ്ച വൈകിട്ട് 7 മണിക്ക് ആരംഭിച്ചു. ഫാമിലി അപ്പോസ്തലേറ്റ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ വി. കുർബാന അർപ്പിക്കുകയും വചനപ്രഘോഷണം നടത്തുകയും ചെയ്തു. തുടർന്ന് വെളുപ്പിന് നാലുമണിവരെ സേവനസമിതിയുടെ നേതൃത്വത്തിൽ ആരാധന നടത്തുകയും നാലുമണിക്ക് ഫാ. പോൾ കുന്നുംപുറം വി. കുർബാന അർപ്പിച്ചു രാത്രി ആരാധന സമാപിക്കുകയും ചെയ്തു.

LSS (Life in spirit seminar) കോഴ്സ്

കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിവരുന്ന LSS കോഴ്സ് 2026-28 കാലഘട്ടത്തിലെ ആദ്യത്തെ കോഴ്സ് ഒക്ടോബർ 25-ാം തീയതി ആരംഭിച്ചു. കരിസ്മാറ്റിക് കോർഡിനേറ്റർ മാത്തുക്കുട്ടി താന്നിക്കൽ സ്വാഗതം പറഞ്ഞു. കോഴ്സിന്റെ ഔദ്യോഗിക ഉദ്ഘാടനം വികാരി ജനറൽ ഫാ. ഡോ. സെബാസ്റ്റ്യൻ വേത്താനത് നിർവഹിച്ചു. ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. തോമസ് ഓലായത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി. സിസ്റ്റർ ആനിമേറ്റർ നിർമല തേക്കുംകാട്ടിൽ നന്ദി പറഞ്ഞു. LSS ട്രെയിനർ ആൻഡ് മെന്റർ ആയ ജോൺസൺ തടത്തിൽ ഈ കോഴ്സ് വേണ്ട എല്ലാ ട്രെയിനിങ് നൽകുന്നു.

ഫാ. തോമസ് ഓലായത്തിൽ (ഡയറക്ടർ)
ഫാ. പോൾസൺ കുന്നുംപുറത്ത് (അസിസ്റ്റന്റ് ഡയറക്ടർ)

ജീസസ് ഫ്രട്ടേണിറ്റി

പ്രാർത്ഥനാക്കൂട്ടായ്മ

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ഒക്ടോബർ 11 ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

ബോധവൽക്കരണക്ലാസ്

ഒക്ടോബർ 12,28 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

ഒക്ടോബർ 21ന് മുട്ടം ജില്ലാ ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.



കൗൺസലിങ്ങ്

പാലാ മീനച്ചിൽ സബ് ജയിലിൽ കഴിയുന്ന അന്തേവാസികൾക്കായി ഒക്ടോബർ 22ന് കൗൺസെലിങ്ങ് നടത്തി.

യൂണിറ്റ് സമ്മേളനം

ഒക്ടോബർ 26 ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും, പ്രാർത്ഥനായോഗങ്ങളും നടത്തി. പുതിയ അംഗങ്ങളെ സ്വീകരിക്കുകയും ചെയ്തു.

ഫാ. ജെയിംസ് പൊരുന്നോലിൽ (ഡയറക്ടർ)

മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം: രണ്ടാം ശനിയാഴ്ചകൾ തോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം – രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്കു പൂർത്തിയാകുന്ന ധ്യാനം – ഒക്ടോബർ 10 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ചു നടത്തി.

2. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം: ഒക്ടോബർ 11 മുതൽ 17 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

3. പാലാ രൂപത പ്രസ്ബിറ്ററൽ – പാസ്റ്ററൽ കൗൺസിലുകളുടെ സംയുക്തസമ്മേളനം 21 ന് 10 am മുതൽ 3.30 pm വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ചു നടത്തി.

4. **Adorator Regni Dei :** മൗണ്ട് നെബോ ആബാഭവനത്തിൽ വന്ന് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം കൂടിയവർക്കു ദൈവരാജ്യാനുഭവത്തിൽ വളരുന്നതിനായി ക്രമീകരിച്ചിരിക്കുന്ന Adorator Regni Dei എന്ന വേദിയുടെ ഈ മാസത്തിലെ സെഷനുകൾ ഒക്ടോബർ 22 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ നടത്തി. ദിവസം മുഴുവനും നിശ്ശബ്ദമായ ദിവ്യകാരുണ്യ ആരാധന, കുമ്പസാരിക്കാനും വ്യക്തിപരമായി ആത്മീയ ഉപദേശം തേടാനുമുള്ള അവസരം, പൊതുവായ വിശുദ്ധ കുർബാനയർപ്പണം, തിരുവചനവിചിന്തനം എന്നിവയാണ് ആത്മീയാന്വേഷകർക്കായി ഈ വേദിയിൽ ക്രമീകരിച്ചിട്ടുള്ളത്.

5. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

അമേരിക്കയിൽ ഏതാനും ധ്യാനങ്ങൾ നടത്തേണ്ടതിനാൽ നവംബർ, ഡിസംബർ മാസങ്ങളിലെ ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം ഉണ്ടായിരിക്കുന്നതല്ല.

2026 ഡിസംബർ 27 ഞായർ, 5 pm – 2027 ജനുവരി 2 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2027 ജനുവരി 24 ഞായർ, 5 pm - 30 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്കു ബുക്കിങ്ങിന്: mountnebovagamon.org

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

ഫാ. തോമസ് വാഴച്ചാരിക്കൽ (ഡയറക്ടർ)

ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭ പാലാ രൂപത (SFO)

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനാക്കൂട്ടായ്മകളും മീറ്റിങ്ങുകളും നടന്നുവരുന്നു. വി.ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗ്ഗപ്രവേശനത്തിന്റെ 800-ാം വാർഷികത്തോടനുബന്ധിച്ച് ഒക്ടോബർ 3-ാം തീയതി ശനിയാഴ്ച സ്വർഗപ്രവേശനാനുസ്മരണപ്രാർത്ഥനാശുശ്രൂഷകൾ ഭരണങ്ങാനം അസ്സീസി ആശ്രമദേവാലയത്തിൽ വെച്ച് നടത്തപ്പെടുകയും SFO അംഗങ്ങൾ പ്രസ്തുത ശുശ്രൂഷയിൽ സംബന്ധിക്കുകയും ചെയ്തു. രൂപതയിലെ എല്ലാ യൂണിറ്റുകളിലും വി.ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. രൂപതയിലെ എല്ലാ യൂണിറ്റുകളിലും ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തപ്പെടുകയും പുതിയ യൂണിറ്റ് സമിതികൾ നിലവിൽ വരികയും ചെയ്തു. യൂണിറ്റ് തല തിരഞ്ഞെടുപ്പുകൾ പൂർത്തിയായതിനെത്തുടർന്ന് കുറവിലങ്ങാട്, അരുവിത്തുറ, ഭരണങ്ങാനം, തുടങ്ങനാട്, പാലാ എന്നീ റീജിയൻ സമിതികളിലേക്കു സമയബന്ധിതമായി തിരഞ്ഞെടുപ്പ് നടത്തപ്പെടുകയും പുതിയ റീജിയൻ സമിതികൾ നിലവിൽ വരികയും ചെയ്തു. SFO നാഷണൽ സ്പിരിച്വൽ അസിസ്റ്റന്റ് ഫാ. ജെയിംസ് ചൂരമന OFM. Conv, SFO നാഷണൽ വൈസ് പ്രസിഡന്റ് ബ്രദർ ഫ്രാൻകോ ജോൺ, രൂപത സ്പിരിച്വൽ അസിസ്റ്റന്റുമാരായ ഫാ. ജെസ്വിൻ തോമസ് ചെറിയാൻ OFM. Cap, ഫാ. ഹെൻസൺ തെള്ളിയാങ്കൽ OFM. Cap. എന്നിവർ റീജിയൻ സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പുകൾക്കു നേതൃത്വം വഹിച്ചു. കോട്ടയം സെന്റ് ജോസഫ് കപ്പൂച്ചിൻ പ്രൊവിൻസ് പ്രൊവിൻഷ്യൽ കൗൺസിലർ റവ. ഫാ. സോമി എബ്രഹാം പനംകാട്ടിൽ OFM. Cap. അധ്യക്ഷത വഹിച്ച SFO പാലാ രൂപതയിലെ യൂണിറ്റ്

പ്രസിഡന്റുമാരുടെയും വിവിധ റീജിയൻ സമിതി ഭാരവാഹികളുടെയും സംയുക്തസമ്മേളനത്തിൽ വച്ച് SFO പാലാ രൂപത സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് 2026 ഒക്ടോബർ 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽ വച്ച് രൂപത സ്പിരിചൽ അസിസ്റ്റന്റുമാരുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. Bro. സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ ചേർപ്പുങ്കൽ, Sis. റോസമ്മ ജോസ് വല്ലനാട്ട് കടപ്ലാമറ്റം, Bro. ടോമി സേവ്യർ തെക്കേൽ പൈക എന്നിവർ യഥാക്രമം പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്കും Sis. ബീനാമ്മ ഫ്രാൻസിസ് അരിമറ്റത്തിൽ മണിയൻകുളം, Bro. കുര്യൻ സി.ജെ ചെറുകാട്ടിൽ കുറവിലങ്ങാട് എന്നിവർ വൈസ് പ്രസിഡണ്ടുമാരായും Sis. റ്റിസി രാജു കടലംകാട്ട്, Bro. ടോമി തോമസ് കുന്നത്തൂർ കടനാട് എന്നിവർ സെക്രട്ടറിമാരായും, Bro. ടോണി അഗസ്റ്റിൻ വലിയവീട്ടിൽ അരുവിത്തുറ, Sis. അന്നക്കുട്ടി തോമസ് പുത്തൻപറമ്പിൽ പെരിങ്ങുളം എന്നിവർ ഫോർമേറ്റർമാരായും തിരഞ്ഞെടുക്കപ്പെട്ടു. Sis. സെല്ലി അഗസ്റ്റിൻ തോണിക്കുഴിയിൽ കടപ്ലാമറ്റം, Sis.മേരിക്കുട്ടി ജോസഫ് മണിയാക്കുപാറ തിടനാട്, Bro. ടോമി മാത്യു പാലക്കുടിയിൽ പൈക, Bro. A. V ലൂക്കോസ് ആലയ്ക്കൽ മൂഴൂർ, Bro. വി. ടി. മത്തായി വാളിയാങ്കൽ മേലുകാവുമറ്റം എന്നിവരെ കമ്മറ്റിയംഗങ്ങളായും യോഗം ഏകകണ്ഠമായി തിരഞ്ഞെടുത്തു.

ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപത സമിതി, വിവിധ റീജിയൻ യൂണിറ്റ് സമിതികൾ, SFO മരങ്ങാട്ടുപിള്ളി യൂണിറ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മരങ്ങാട്ടുപിള്ളി സെന്റ് ഫ്രാൻസിസ് അസ്സീസി തീർത്ഥാടനദേവാലയത്തിൽ വച്ച് 2026 ഒക്ടോബർ 27-ാം തീയതി ചൊവ്വാഴ്ച വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും രൂപത വാർഷികസമ്മേളനവും നടത്തപ്പെട്ടു. റവ. ഫാ. റോണി കിഴക്കേടത്ത്. OFM. Cap. വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ, റവ. ഫാ. ജസ്വിൻ തോമസ് ചെറിയാൻ OFM. Cap., റവ. ഫാ. ഹെൻസൺ തെള്ളിയാങ്കൽ OFM. Cap. എന്നിവർ സഹകാർമികരായിരുന്നു. തുടർന്ന് പാരിഷ് ഹാളിൽ വച്ചു നടന്ന രൂപതാവാർഷികസമ്മേളനത്തിൽ SFO രൂപത പ്രസിഡണ്ട് Bro. സോജൻ മാത്യു അധ്യക്ഷത വഹിച്ചു. മരിങ്ങാട്ടുപിള്ളി പള്ളിവികാരി റവ. ഡോ.അഗസ്റ്റിൻ കൂട്ടിയാനിയിൽ മുഖ്യ പ്രഭാഷണവും SFO രൂപത സ്പിരിചൽ അസിസ്റ്റന്റുമാർ അനുഗ്രഹപ്രഭാഷണവും നടത്തി. ജനറൽ സെക്രട്ടറി Sis. റോസമ്മ ജോസ് വല്ലനാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. SFO മരങ്ങാട്ടുപിള്ളി യൂണിറ്റിലെ മുതിർന്ന അംഗം ത്രേസ്യമ്മ ഇട്ടിയേക്കാട്ട് ഉപ്പാച്ചേരിൽ- നെ സമ്മേളനത്തിൽ ആദരിച്ചു. Bro. മാത്യു വി.എം വലിയകണ്ടത്തിൽ സ്വാഗതവും Bro. ടോണി അഗസ്റ്റിൻ

വലിയവീട്ടിൽ കൃതജ്ഞതയും രേഖപ്പെടുത്തി. ജൂബിലി വർഷത്തോടനുബന്ധിച്ച് ഫാ. ലിയോ കീപ്രത്ത് OFM. Cap., രചിച്ച 'വി.ഫ്രാൻസിസ് അസ്സീസി: ജീവചരിത്രം' എന്ന പുസ്തകം പകുതിവിലയ്ക്ക് അല്മായസഹോദരങ്ങൾക്കു വിതരണം നടത്തി. വി. ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗപ്രവേശനത്തിന്റെ 800-ാം വാർഷികത്തിന്റെയും തിരുനാളിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് ഏവർക്കും സമാധാനവും സൗഭാഗ്യവും നേരുന്നു.

ഫാ. ജെസ്വിൻ തോമസ് ചെറിയാൻ OFM. Cap. (ഡയറക്ടർ)

ദീപിക ഫ്രണ്ട്സ് ക്ലബ്

എക്സിക്യൂട്ടീവ്

16-10-2026 ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടന്നു.

തീരുമാനങ്ങൾ

സ്കാർഡ്- 20 ഫൊറോനകളിലും 171 ഇടവകകളിലും സ്കാർഡ് രൂപീകരിക്കുക.

കോ - ഓർഡിനേറ്റർ

20 ഫൊറോനകളിലും കോ- ഓർഡിനേറ്റർമാരെ രൂപീകരിക്കുക.

ഹെൽത്ത് കാർഡ് അദാലത്ത്

ദീപികപ്പത്രം വരുത്തുന്നവർക്ക് മാസവരിസംഖ്യ മുതൽ വാർഷികവരിസംഖ്യവരെ ലഭിക്കേണ്ട ഫാമിലി ഹെൽത്ത് കാർഡ് നൽകുന്നു. കാർഡ് ലഭിച്ചിട്ടുള്ളവർക്ക് പുതുക്കുന്നതിനും ലഭിച്ചിട്ടില്ലാത്തവർക്ക് കാർഡ് ലഭ്യമാക്കുന്നതിനും അവസരം നൽകുന്നു.

അദാലത്ത് ഒന്നാം ഘട്ടം

കടപ്ലാമറ്റം, കൊഴുവനാൽ, ചേർപ്പുങ്കൽ നടന്നു.

ലക്കി - ഡ്രോ

1. ദീപികവരിക്കാരാണെങ്കിൽ സമ്മാനം ലഭിക്കും. വരിക്കാരല്ലെങ്കിൽ വാർഷിക വരിസംഖ്യ, അർധവാർഷിക വരിസംഖ്യ നൽകി സമ്മാനം ഉറപ്പാക്കാം.

2. മാനവമഹത്വം

ഡിജിറ്റൽ വെൽനസ്, എ.ഐ ക്ലാസ്സ് നടത്തപ്പെടുന്നു.

ഭാഷാപദ്ധതി

1. മേരിലാന്റ് സെന്റ് മേരീസ് എൽ.പി സ്കൂൾ
2. പാലാ മേരി മാതാ പബ്ലിക് സ്കൂൾ.
3. തീക്കോയി സെന്റ് മേരീസ് ഹൈസ്കൂൾ



ടീച്ചേഴ്സ് കോപ്പി

1. സെന്റ് തോമസ് എൽ.പി സ്കൂൾ, തുടങ്ങനാട്
2. സെന്റ് ജോസഫ് എൽ.പി സ്കൂൾ, കാഞ്ഞാർ
3. സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ അറക്കുളം
4. സെന്റ് മേരീസ് ഹൈസ്കൂൾ അറക്കുളം
5. സെന്റ് ജോർജ് യു.പി സ്കൂൾ മൂലമറ്റം
6. കുടക്കച്ചിറ സെന്റ് ജോസഫ് ഹൈസ്കൂൾ
7. സെന്റ് പീറ്റേഴ്സ് എൽ. പി സ്കൂൾ ഇലഞ്ഞി
8. സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ ഇലഞ്ഞി
9. സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂൾ ഇലഞ്ഞി
10. സെന്റ് പോൾസ് ഹൈസ്കൂൾ മുത്തോലപുരം
11. സെന്റ് ജോർജ് എൽ. പി സ്കൂൾ മുത്തോലപുരം
12. ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ വടകര
13. ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ വടകര
14. ലിറ്റിൽ ഫ്ളവർ എൽ. പി സ്കൂൾ പൈക
15. സെന്റ് തെരേസാസ് യു.പി സ്കൂൾ വിളക്കുമാടം
16. സെന്റ് ജോസഫ്സ് ഹൈസ്കൂൾ വിളക്കുമാടം
17. സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ വിളക്കുമാടം
18. സെന്റ് ഡൊമിനിക്സ് സാവിയോ യു.പി സ്കൂൾ മല്ലശേരി
19. സെന്റ് ആന്റണീസ് എൽ. പി സ്കൂൾ പാദുവ
20. സെന്റ് ജോസഫ് എൽ. പി സ്കൂൾ കുടക്കച്ചിറ
21..സെന്റ് പോൾസ് ഹൈസ്കൂൾ വലിയകുമാരമംഗലം
22. സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ തീക്കോയി
23. സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഭരണങ്ങാനം
24. സെന്റ് ജോൺസ് എൽ. പി സ്കൂൾ അമ്പാറനിരപ്പേൽ
25.സെന്റ് മേരീസ് എൽ. പി സ്കൂൾ അരുവിത്തുറ
26. സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ അരുവിത്തുറ
27. സെന്റ് ജോർജ് ഹൈസ്കൂൾ അരുവിത്തുറ
28. സെന്റ് മേരീസ് എൽ. പി സ്കൂൾ വെയിൽ കാണാമ്പാറ
29. ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ ചെമ്മലമറ്റം
30. ലൂർദ് മാതാ ഹൈസ്കൂൾ ചേന്നാട്
31. സെന്റ് ജോസഫ്സ് യു.പി സ്കൂൾ മണിയംകുന്ന്

32. സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ പെരിങ്ങുളം
33 സെന്റ് മേരീസ് ഹൈസ്കൂൾ തീക്കോയി
34. സെന്റ് മേരീസ് എൽ. പി സ്കൂൾ തീക്കോയി
35. സെന്റ് പോൾസ് ഹയർ സെക്കൻഡറി സ്കൂൾ വലിയകുമാരമംഗലം
36. സെന്റ് അൽഫോൻസാ ഹൈസ്കൂൾ വാകക്കാട്
37. സെന്റ് തോമസ് എൽ. പി സ്കൂൾ മേലുകാവ്
38. സെന്റ് പോൾസ് എൽ. പി സ്കൂൾ വലിയകുമാരമംഗലം
39. സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ തീക്കോയി
40. സെന്റ് പോൾസ് എൽ. പി സ്കൂൾ വാകക്കാട്
41. സെന്റ് ആന്റണീസ് യു. പി സ്കൂൾ ഇടമറുക്
42. സെന്റ് മേരീസ് യു.പി സ്കൂൾ പൂഞ്ഞാർ

ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (ഡയറക്ടർ)

ഇൻഫാം

5-10-26ൽ ഇൻഫാം മൂത്തോലപുരം ഗ്രാമസമിതിയുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള അംഗങ്ങളെ വിഭജിച്ച് 20 പേർ വീതമുള്ള മൂന്നു യൂണിറ്റുകളാക്കി പുനർനിർമ്മാണം നടത്തി. കൂടാതെ പുതുതായി ഒരോ യൂണിറ്റുകൂടി ആരംഭിച്ചു. ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജോൺ മറ്റം അധ്യക്ഷത വഹിച്ചു.

14-10-26-ൽ ഇൻഫാം രത്നഗിരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നാടൻപശുവും വീടിന്റെ ആരോഗ്യവും എന്ന വിഷയത്തിൽ അർദ്ധദിന പഠനശിബിരം നടത്തി. ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. കാഞ്ചിപുരം പഞ്ചഗവ്യ വിദ്യാപീഠം ഡയറക്ടർ ഡോ. നിരഞ്ജൻകുമാർ വർമ്മ ക്ലാസെടുത്തു. ജില്ലാ പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, സംസ്ഥാന വൈസ് പ്രസിഡന്റ് സണ്ണി അഗസ്റ്റിൻ അരണാണിപുത്തൻപുര, ജില്ലാ സെക്രട്ടറി തോമസ് മറ്റം, രത്നഗിരി കമ്മിറ്റി ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു. സെമിനാറിനു ശേഷം മീറ്റിങ്ങുകളെക്കുറിച്ചുള്ള ക്ലാസും ഉണ്ടായിരുന്നു.

സ്വീകരണം

27-10-26-ൽ, വയല സർവീസ് സഹകരണബാങ്ക് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഇൻഫാം വയലാഗ്രാമസമിതി പ്രസിഡന്റ് ശ്രീ. ലൂക്കോസ് തടിയാനിക്ക് വയലാഗ്രാമസമിതിയുടെ ആഭിമുഖ്യത്തിൽ സ്വീകരണം

നൽകി. ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ അദ്ദേഹത്തെ ഷാൾ അണിയിച്ച് ആദരിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ പുത്തൂർ അധ്യക്ഷത വഹിച്ചു.

ഫാ. ജോസഫ് തറപ്പേൽ (ഡയറക്ടർ)

ബൈബിൾ കൺവെൻഷൻ

13/10/2025 രാവിലെ 9.30 ന് ബിഷപ്സ് ഹൗസിൽ വച്ച് 44-ാമത് കൺവൻഷന്റെ പോസ്റ്റർപ്രകാശനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു. തദവസരത്തിൽ പ്രോട്ടോ സിഞ്ചെല്ലൂസ് ഫാ: ജോസഫ് തടത്തിൽ, സിഞ്ചെല്ലൂസുമാരായ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ജോസഫ് കണിയോടിക്കൽ, ചാൻസലർ ഫാ. ജോസഫ് കുറ്റിയാങ്കൽ, പ്രൊക്യുറേറ്റർ ഫാ. ജോസഫ് മുത്തനാട്ട്. ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. തോമസ് ഓലായത്തിൽ, അസി.ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത്, ഇവാഞ്ചലൈസേഷൻ ശുശ്രൂഷകർ എന്നിവർ പങ്കെടുത്തു.

14/10/2026 ൽ 3.00 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് 44-ാമത് ബൈബിൾ കൺവെൻഷന്റെ ബഡ്ജറ്റ് അവതരിപ്പിച്ചു പാസ്സാക്കി. വികാരി ജനറാൾ ഫാ.സെബാസ്റ്റ്യൻ വേത്താനത്ത്, ഡയറക്ടർ ഫാ.തോമസ് ഓലായത്തിൽ, അസി. ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത് ഉൾപ്പെടെ 30 പേർ പങ്കെടുത്തു.

27/10/2026 ചൊവ്വാഴ്ച ളാലം സെന്റ് മേരീസ് പഴയ പള്ളി ഓഡിറ്റോറിയത്തിൽ 44-ാമത് കൺവെൻഷൻ വോളണ്ടിയേഴ്സിന്റെ (കുടുംബക്കൂട്ടായ്മ, കരിസ്മാറ്റിക് മുന്നേറ്റം) കൂട്ടായ്മ വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ നടന്നു. ഡയറക്ടർ ഫാ.തോമസ് ഓലായത്തിൽ, ഫാ. പോൾ കുന്നുംപുറത്ത്, 300 അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

2/11/2026 മുതൽ കൺവെൻഷൻ മൊബൈലൈസേഷൻ ആരംഭിക്കുകയാണ്. ഓരോ ദിവസവും രണ്ടു ടീമുകളായി 20 ഫൊറോനകളിലെ എല്ലാ ദൈവാലയങ്ങൾ, മഠങ്ങൾ, സ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ച് കൺവെൻഷൻ സന്ദേശം നൽകുന്നു.

ഫാ. തോമസ് ഓലായത്തിൽ (ഡയറക്ടർ)

ഫാ. പോൾസൺ കുന്നുംപുറത്ത് (അസിസ്റ്റന്റ് ഡയറക്ടർ)



അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

OCTOBER 2026

2	02.00 pm	കോട്ടയം ക്രിസ്തുരാജ് കത്തീഡ്രൽ പള്ളിയിൽ വച്ചു നടന്ന മാർ തോമസ് ആനിമൂട്ടിൽ പിതാവിന്റെ മെത്രാഭിഷേകകർമ്മങ്ങളിൽ പങ്കെടുത്തു.
3	4.00 pm	മരങ്ങാട്ടുപിള്ളി പള്ളിയിൽ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ആനവാതിലും ഗ്രോട്ടോയും വെഞ്ചരിക്കുകയും ചെയ്തു.
4	3.00 pm	അഡാർട്ടിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.
4-6		രാമേശ്വരത്തുള്ള തക്കല മിഷൻ സന്ദർശനം നടത്തി.
7		അന്ത്യാളം പള്ളിയിൽ വച്ച് ഡി.സി.എം.എസിന്റെ ഉന്നതനേതാവായിരുന്ന ശ്രീ പി.ഒ. പീറ്ററിന്റെ സംസ്കാരശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.
8	11.00 am	കളത്തൂർ ഇടവകയിൽ പരേതയായ ശ്രീമതി ജാസ്മിൻ ആലപ്പാട്ടിന്റെ സംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു നേതൃത്വം നൽകി.
	4.00 pm	മൂഴൂർ ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി AKCC നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു.



9		ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.
10	9.30 am	കൂടല്ലൂർ പള്ളിയിൽ വച്ച് ഡീക്കൻ ജോർജ് പുളിനിൽക്കുംതടത്തിലിന് പൗരോഹിത്യം നൽകി.
11		കാട്ടാമ്പാക്ക് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.
	3.00 pm	എ.കെ.സി.സിയുടെ റോമിൽ വച്ചു നടക്കുന്ന ഗ്ലോബൽമീറ്റിനോടനുബന്ധിച്ചുള്ള പതാക പ്രയാണത്തിന് ബിഷപ്സ് ഹൗസിൽ സ്വീകരണം നൽകി.
12	10.00 am	അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന പാലാരൂപതാവൈദികരുടെ ഓൺഗോയിങ് ഫോർമേഷന്റെ ഒന്നാം ബാച്ചിന്റെ ക്ലാസിന് ആമുഖസന്ദേശം നൽകി.
	4.30 pm	കാഞ്ഞിരത്താനം ഇടവകയിൽ ഹോം പാലാ പ്രോജെക്ടിന്റെ ഭാഗമായി AKCC നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു.
13-16		മലങ്കര ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമാ എന്നീ സഭകളുമായുള്ള ഡയലോഗിനായി പരിശുദ്ധസിംഹാസനം നിയോഗിച്ചിരിക്കുന്ന എക്യുമെനിക്കൽ കമ്മീഷന്റെ മീറ്റിങ്ങിന് ബിഷപ്സ് ഹൗസിൽ ആതിഥേയത്വം നൽകി.
13	4.00 pm	കൊഴുവനാൽ പള്ളിയിൽ ബഹു. ജോസഫ് കൊച്ചുമുറിയിലച്ചന്റെ വത്സലപിതാവ് ശ്രീ. ഈനാസിന്റെ (കുഞ്ഞേട്ടൻ) സംസ്കാരശുശ്രൂഷയിൽ മുഖ്യകാർമികനായി.
15		ളാലം പഴയപള്ളിയിൽ സിസ്റ്റർ ട്രീസാ DST യുടെ സംസ്കാരശുശ്രൂഷയുടെ മുഖ്യകാർമികത്വം വഹിച്ചു.

16	11.30 pm	രാമപുരം പള്ളിയിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുകയും തിരുനാൾസന്ദേശം നൽകുകയും ചെയ്തു.
17	3.30 pm	മുത്തോലപുരത്ത് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവിന്റെ ഭവനത്തിൽ പിതാവിന്റെ ജന്മശതാബ്ദിയാഘോഷങ്ങളിൽ പങ്കെടുക്കുകയും പള്ളിക്കാപറമ്പിൽ കുടുംബം ഹോം പാലാ പ്രൊജക്ടിനായി പണിയിച്ചു നൽകുന്ന വീടിന്റെ താക്കോൽദാനം നിർവഹിക്കുകയും ചെയ്തു.
	5.00 pm	പെരുന്തുരുത്ത് പള്ളിയുടെ പുതിയ പാരിഷ് ഹാൾ വെഞ്ചരിച്ചു.
18	5.15 pm	അരുവിത്തുറ പള്ളിയിൽ വച്ച് ഡോക്ടർ ഷെയിൻ കോളിൻസ് ജോർജിന്റെയും ടിസയുടെയും വിവാഹം ആശീർവദിച്ചു.
20		ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.
	12.00 pm	തീക്കോയി പള്ളിയിൽ വച്ച് ഓലായത്തിൽ ജിസിന്റെയും അക്കമറ്റത്തിൽ മെബിന്റെയും മനസമ്മതം ആശീർവദിച്ചു.
	4.30 pm	ഭരണങ്ങാനം പള്ളിയിൽ പെരിയ ബഹുമാനപ്പെട്ട അഗസ്റ്റിൻ പാലയ്ക്കാപറമ്പിലച്ചന്റെ പൗരോഹിത്യ സുവർണജൂബിലിയാഘോഷങ്ങളിൽ പങ്കുചേർന്നു.
21		വാഗമൺ മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന പാലാ രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെയും പ്രസ്ബിറ്ററൽ കൗൺസിലിന്റെയും സംയുക്തസമ്മേളനത്തിനു നേതൃത്വം നൽകി.
22	3.00 pm	ബിഷപ്സ് ഹൗസിൽ വച്ചു നടന്ന BEd. കോളേജിന്റെ മാനേജിങ് കൗൺസിൽ ആൻഡ് ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.



	4.00 pm	കൊഴുവനാൽ പള്ളിയിൽ ബഹുമാനപ്പെട്ട ആൻഡ്രൂസ് മേക്കാട്ടുകുന്നേലച്ചന്റെ വത്സലമാതാവ് ശ്രീമതി മറിയാമ്മയുടെ സംസ്കാരശുശ്രൂഷയിൽ മുഖ്യകാർമികനായി.
23		ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.
24	12.00 pm	ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് ഹോട്ടൽ മാനേജ്മെന്റ് കോളേജിലെ കേക്ക് മിക്സിങ് സെറിമണി ഉദ്ഘാടനം ചെയ്തു.
	2.30 pm	ബിഷപ്സ് ഹൗസിൽ വച്ചു നടന്ന ഹയർ എജ്യുക്കേഷൻ കൗൺസിലിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.
25		മുത്തോലി കൊവേന്തയിൽ പരേതനായ ബഹു. ഫാ. മാത്യു കളത്തൂർ സി.എം.ഐയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
26	11.00 am	അൽഫോൻസാഗിരി പള്ളിയിൽവച്ച് ബഹുമാനപ്പെട്ട ജോസഫ് അട്ടാങ്ങാട്ടിലച്ചന്റെ വത്സല പിതാവ് ശ്രീ എ.സി. ചാക്കോ അട്ടാങ്ങാട്ടിലിന്റെ സംസ്കാരശുശ്രൂഷയിൽ മുഖ്യ കാർമികത്വം വഹിച്ചു.
	3.00 pm	വിളക്കുമാടം പള്ളിയിൽ വച്ച് കുന്നപ്പിള്ളി അലന്റെയും ഡാറിലിന്റെയും വിവാഹം ആശീർവദിച്ചു.
27		ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.
	3.00 pm	ബിഷപ്സ് ഹൗസിൽ വച്ചു നടന്ന അഡ്മിനിസ്ട്രേറ്റീവ് ഗവേർണിംഗ് ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു.
29	10.00 am	കിടതടിയൂർ പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാളിൽ ആഘോഷമായി വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.
30		ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.

	10.30 am	പൈക ഇടവകയിൽ ഫാ. ജോസഫ് ഏഴുപറയുടെ വത്സലമാതാവ് ശ്രീമതി അന്നക്കുട്ടി ജോസഫിന്റെ സംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു.
	3.00 pm	മുട്ടുചിറ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.
31	11.30 am	പൂവരണി പള്ളിയിൽ വച്ച് തൈപ്പറമ്പിൽ ജോബിയുടെയും നമിതയുടെയും വിവാഹം ആശീർവദിച്ചു.









ക്രൈസ്തവസഭകൾ തമ്മിലുള്ള സംയുക്ത ദൈവശാസ്ത്ര കമ്മിഷൻ മീറ്റിങ്ങുകൾ

2026 ഒക്ടോബർ 13 – 16

കത്തോലിക്കാസഭയും മലങ്കര ഓർത്തഡോക്സ് സഭ, യാക്കോബായ സുറിയാനി സഭ, മാർത്തോമാ സുറിയാനി സഭ എന്നീ സഹോദരീ സഭകളുമായുള്ള ദൈവശാസ്ത്രചർച്ചകൾക്കായി പരിശുദ്ധസിംഹാസനം നിയോഗിച്ചിരിക്കുന്ന സംയുക്ത ദൈവശാസ്ത്ര കമ്മിഷന്റെ മീറ്റിങ്ങുകൾ ഒക്ടോബർ 13 മുതൽ 16 വരെയുള്ള തീയതികളിൽ പാലാ ബിഷപ്സ് ഹൗസിൽവച്ചു നടന്നു. വിവിധ സഭകളെ പ്രതിനിധീകരിച്ച് മെത്രാന്മാരും ദൈവശാസ്ത്രപണ്ഡിതരും പങ്കെടുത്ത മീറ്റിങ്ങുകളിൽ വത്തിക്കാൻ പ്രതിനിധികളായി ആർച്ചുബിഷപ് ഫ്ളാവിയോ പാച്ചെ, റവ. ഡോ. ഹയാസിന്ത് ഡെസ്റ്റിവൽ എന്നിവർ സംബന്ധിച്ചു.













2026 ഒക്ടോബർ 17

മുത്തോലപുരത്തുള്ള അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ ഭവനത്തിൽ കൊണ്ടാടിയ ജന്മശതാബ്ദിയാഘോഷങ്ങളോടനുബന്ധിച്ച് പള്ളിക്കാപറമ്പിൽ കുടുംബം ഹോം പാലാ പ്രോജക്ടിൽ ഉൾപ്പെടുത്തി നിർമ്മിച്ചുനൽകിയ വീടിന്റെ താക്കോൽദാനകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു



2026 ഒക്ടോബർ 21

വാഗമൺ മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിൽ വച്ച് പാലാ രൂപതയുടെ പ്രസ്ബിറ്ററൽ – പാസ്റ്ററൽ കൗൺസിലുകളുടെ പതിന്നാലാം സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു.

ചൂണ്ടച്ചേരി SJIHMCT യിൽ വച്ചു നടന്ന

കേക്ക് Mixing Ceremony

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു.









2026 ഒക്ടോബർ 24

ഹോം പാലാ



മുഴൂർ - AKCC

2026 ഒക്ടോബർ 8



കാഞ്ഞിരത്താനം - AKCC

2026 ഒക്ടോബർ 12

ഇടയനടുത്ത സന്ദർശനം

കാട്ടാമ്പാക്ക്

2026 ഒക്ടോബർ 10 – 11



സ്നേഹസ്മരണയ്ക്ക്

IN LOVING MEMORY



സി. കുസുമം SMC (73)

കല്ലന്തറ

ഇടവക	:	കരിമ്പാനി
ജനനം	:	06.04.1953
ആദ്യവ്രതം	:	17.05.1977
നിത്യവ്രതം	:	07.11.1984
മരണം	:	18.10.2026
മൃതസംസ്കാരം	:	പാലാ

സേവനമണ്ഡലങ്ങൾ

ഹർസോദാൻ, അംബോദിയ
കായ്ത്ത ജാർഖ
അർഷൺ
ഭാനുപ്രതാപ്പൂർ
അഗൻപൂർ
സാംഗ്ലി , കുമാരനല്ലൂർ



സി. ട്രീസ DST (85)

ചെങ്ങഴശ്ശേരിൽ

ഇടവക	:	അരുവിത്തുറ
ജനനം	:	01.06. 1972
നിത്യവ്രതം	:	22.06.1981
മരണം	:	14.10.2026
മൃതസംസ്കാരം	:	പാലാ

സേവനമണ്ഡലങ്ങൾ

ഭരണങ്ങാനം
അരുവിത്തുറ, പാലാ,
ഇളംതോട്ടം
കുറവിലങ്ങാട്



സി. സെലിൻ മേരി (92)

കുന്നേമുറിയിൽ

ഇടവക	:	ഭരണങ്ങാനം
ജനനം	:	28.10.1934
നിത്യവ്രതം	:	24.05.1962
മരണം	:	13.10. 2026
മൃതസംസ്കാരം	:	ഭരണങ്ങാനം

സേവനമണ്ഡലങ്ങൾ

ഭരണങ്ങാനം, തീക്കോയി,
കാക്കോളി



സി. ലിസി SABS (90)

എടക്കര

ഇടവക	:	രാമപുരം
ജനനം	:	27.09.1936
നിത്യവ്രതം	:	20.05.1965
മരണം	:	20.10.2026
മൃതസംസ്കാരം	:	പൂവക്കുളം

സേവനമണ്ഡലങ്ങൾ

നെല്ലിയാനി, വടകര, കടനാട്,
കുന്നോന്നി, മുത്തോലപുരം,
കളത്തൂർ, മുട്ടം, അരുവിത്തുറ,
അന്ത്യാളം, മുളക്കുളം,
കൂടല്ലൂർ, നസ്രത്ത് ഹിൽ,
അരുവിത്തുറ, പൂവക്കുളം



സി. ഗ്ലാഡിസ് SABS (87)

തോട്ടക്കര വയലിക്കുന്നേൽ

ഇടവക	:	പൂഞ്ഞാർ
ജനനം	:	24.10 .1939
നിത്യവ്രതം	:	26.05.1963
മരണം	:	26.10.2026
മൃതസംസ്കാരം	:	കടനാട്

സേവനമണ്ഡലങ്ങൾ

നെല്ലിയാനി, കടുത്തുരുത്തി,
മുട്ടുചിറ, മണിപ്പൂർ, ബാംഗ്ലൂർ,
കൂത്താട്ടുകുളം, ആലുവ,
മസ്തികട്ടെ, മൈസൂർ,
മുരിങ്ങൂർ, കടനാട്,
മുത്തോലപുരം

2026
NOVEMBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു." യോഹ. 5 : 24

സമുദായശക്തീകരണവർഷത്തിൽ ദൈവവചനപഠനത്തിലൂടെയും
കുടുംബജീവിതത്തിലൂടെയും നമ്മെ ശക്തിപ്പെടുത്താൻ

44-ാമത് പാലാ രൂപത
ബൈബിൾ കൺവൻഷൻ
വചനാഭിഷേകം

2026 ഡിസംബർ 19 ശനി | 20 ഞായർ | 21 തിങ്കൾ | 22 ചൊവ്വ | 23 ബുധൻ

സമയം
3.30 PM - 9.00 PM

പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ



Mar Joseph Kallarangatt
(Bishop, Eparchy of Palai)



Mar Joseph Pallikaparampil
(Bishop Emeritus)



നയിക്കുന്നത്

റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

(മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ, തിരുവനന്തപുരം)

വിശുദ്ധ കുർബാന ■ ദിവ്യകാരുണ്യ ആരാധന ■ ദൈവവചനശുശ്രൂഷ ■ വിടുതൽ ശുശ്രൂഷ ■ സൗഖ്യശുശ്രൂഷ

Very Rev. Fr. Sebastian Vethanath	Rev. Fr. Thomas Olayathil	Rev. Fr. Paul Kunnumpurath	Contacts
Vicar General, in charge of Bible Convention	Director, Evangelization Mob: 83010 72219	Asst. Director, Evangelization Mob: 99612 82242	Georgekutty Njavalil Convention Convenor Mob: 9846644085

Printed at: St. Thomas Press, Pala Mob: 9496613275

Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil